

ജീവദീപ്തി
jeevadeepthi@gmail.com
October 2025 Book 10 Volume 15
ജപമാലയിൽ
കൂടെ കാവലായ്
അമ്മ

## കുരീക്കാട്
## തീർത്ഥാടന
## കേന്ദ്രത്തിൽ



അസാദ്ധ്യ കാര്യങ്ങളുടെ
മദ്ധ്യസ്ഥനായ

**വിശുദ്ധ യൂദാ തദ്ദേവൂസിന്റെ**

# തിരുനാൾ

2025 ഒക്ടോബർ
**25** മുതൽ **28** വരെ

**അനുഗ്രഹീത നവനാൾ**
ഒക്ടോബർ 15 മുതൽ 23 വരെ

**ഊട്ടുതിരുനാൾ**
ഒക്ടോബർ 28
രാവിലെ 11 മുതൽ രാത്രി 7 വരെ

സിൽവർ ജൂബിലി
സമാപന സമ്മേളനം
ഒക്ടോബർ 24

വിശുദ്ധ യൂദാശ്ലീഹായുടെ
അത്ഭുത രൂപപ്രയാണം
ഒക്ടോബർ 25,26 തീയതികളിൽ

ഫാ. ലിജോ ഓടത്തക്കൽ( വികാരി), തിരുനാൾ കമ്മിറ്റി അംഗങ്ങൾ, പ്രസുദേന്തിമാർ



# ജപമാല

**ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

*പരിശുദ്ധ ജപമാല രാജ്ഞിയുടെ മാധ്യസ്ഥ്യം യാചിച്ചുകൊണ്ട് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഒക്ടോബർ മാസത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ജപമാലമാസം മുഴുവൻ നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും കോൺവെന്റുകളിലും പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ദൈവമാതൃഭക്തയായ ഏലീശ്വാമ്മയെപ്പോലെ നമുക്ക് സാഘോഷമായ ജപമാലയർപ്പണം നടത്താം.*

*കുടുംബങ്ങളിൽ അപ്പനും അമ്മയും മക്കളും ഒരുമിച്ചിരുന്നു ചൊല്ലുന്ന ജപമാലയാണ് കുടുംബജീവിതത്തിന്റെ അടിത്തറ ശക്തമാക്കുന്നത്. മദർ ഏലീശ്വായും കുടുംബങ്ങളുടെ ശാക്തീകരണത്തിനായി പ്രാർത്ഥനാപൂർവ്വം പ്രവർത്തിച്ചിരുന്നവളാണ്. കുടുംബാംഗങ്ങൾ പരസ്പരം മനസ്സിലാക്കുവാനും അന്യോന്യം ബലം നല്കുവാനും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്തിലുള്ള ജപമാല പ്രാർത്ഥന ഏറെ സഹായകമാണ്.*

*പ്രത്യാശയുടെ ഈ ജൂബിലി വർഷത്തിൽ ഒക്ടോബർ 31-ാം തീയതി വെള്ളിയാഴ്ച ഇടവകകളിൽ അഖണ്ഡജപമാല പ്രാർത്ഥനാദിനമായി ആചരിക്കുന്നതിനും ഞാൻ ആഹ്വാനം ചെയ്യുന്നു. അന്നേദിവസം രാവിലെ അഖണ്ഡജപമാല പ്രാർത്ഥന ആരംഭിച്ച് വൈകുന്നേരം സാഘോഷമായി സമാപിക്കുന്ന രീതിയിൽ ക്രമീകരണങ്ങൾ നടത്തണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.*

# ജീവദീപ്തി

JEEVADEEPTHI

October 2025 Vol 15 Book 10

**രക്ഷാധികാരി**
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

**സഹരക്ഷാധികാരി**
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

**മാനേജിംഗ് എഡിറ്റർ**
ഫാ. യേശുദാസ് പഴമ്പിള്ളി

**പത്രാധിപർ**
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

**സഹപത്രാധിപർ**
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

**സർക്കുലേഷൻ മാനേജർമാർ**
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

**രൂപകല്പന**
ടാബി ജോർജ്ജ്

**ടൈപ്പ് സെറ്റ്**
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

**ഓഫീസ് മാനേജർ**
മാനുവൽ പൊടുത്തോർ

**പത്രാധിപസമിതി**
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്

ഓഫീസ്
90720 26577
jeevadeepthi@gmail.com

04






01

## *ജപമാല*

*പരിശുദ്ധ ജപമാല രാജ്ഞിയുടെ മാധ്യസ്ഥ്യം യാചിച്ചുകൊണ്ട് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഒക്ടോബർ മാസത്തിലേക്ക് നാം*



ജപമാലയുടെ അനുഭവസാക്ഷ്യങ്ങൾ

ജീവിതത്തിലെ കഠിനമായ പരീക്ഷണങ്ങളിലും സഹന ങ്ങളിലും പരാജയപ്പെട്ടു പോകുന്ന വരാണ് ഈ

06

കവിതപോലെ കടന്നുപോയ വി. ഫ്രാൻസിസ് അസ്സീസി

ഒക്ടോബർ നാലിന് ഫ്രാൻസിസിന്റെ ഓർമത്തിരുനാളാണ്. ആശ്രമത്തിൽ ചേർന്ന നാൾ മുതൽ ഈ ദിവ









ജപമാല ഭക്തി

ക്രൈസ്തവ വിശ്വാസ ജീവിതത്തിന്റെ മൂലക്കല്ലും ആണിക്കല്ലും പിരിശുദ്ധ കുർബാനയാണ്.

07

ജപമാല വഴികളിലൂടെ........................................08
അനുഭവസാക്ഷ്യങ്ങൾ........................................10
ജപമാലാനുഭവങ്ങൾ........................................13
വിശുദ്ധ കൊച്ചുത്രേസ്യായുടെ........................................16
വൃദ്ധി പ്രാപിച്ചവർക്കായി........................................18
ഡിജിറ്റൽ വിശുദ്ധന്റെ ജ്വാല ........................................19
കേളന്തറ പിതാവ്........................................20
ഡാനിയൽ പിതാവ് ........................................22
ഒരുവനിൽമാത്രം പ്രത്യാശ........................................24
വചനവിരുന്ന് ........................................26
സമുദായത്തിന്റെ ........................................28
പുനർജ്ജന്മം........................................31
മഹാത്മാഗാന്ധിയുടെ........................................33
വാർത്തകൾ........................................35
ബൈബിൾ വിചിന്തനം........................................39
പിൻമൊഴി........................................40



ഫാ. ആന്റണി റാഫേൽ
കൊമരംചാത്ത്

# വി. കുർബാനയെ പ്രണയിച്ച് കടന്നുപോയ ഫാ. ജോളി





2025 സെപ്തംബർ 15 തിങ്കളാഴ്ച രാത്രി സമയം 9.45. അപ്പോഴാണ് അവസാനമായി ഞാൻ ഫാ. ജോളിയുമായി സംസാരിച്ചത്. ആൻജിയോ പ്ലാസ്റ്റി *procedure* ന് വിധേയനാകാൻ ആശുപത്രിയിൽ വന്നതാണ് അച്ചൻ. ഒറ്റയ്ക്കാണ് വന്നത്. ഒരു ബൈസ്റ്റാൻഡർ നിർബന്ധമായിരുന്നു. അദ്ദേഹം സമ്മതിച്ചില്ല. കൂടെ ഞാൻ നിൽക്കാമെന്ന് പറഞ്ഞെങ്കിലും അതിനും സമ്മതിച്ചില്ല. കൺസന്റ് ഫോമിൽ ഒപ്പിടാൻ ആരെങ്കിലും വേണമായിരുന്നു. എന്നോട് സൈൻ ചെയ്യാൻ നിർബന്ധിച്ചു. ആ സ്നേഹത്തിനും നിർബന്ധത്തിനും വഴങ്ങി ഞാൻ ഒപ്പിടുകയും ചെയ്തു.

പിറ്റേന്ന് അതിരാവിലെ മെഡിക്കൽ *procedure* ന്റെ ഭാഗമായി ശരീരം അനങ്ങരുതെന്ന് ഹെഡ് നേഴ്സ് വന്ന് പറഞ്ഞു. പക്ഷേ അച്ചന് ഒരേയൊരു നിർബന്ധം. "എനിക്ക് അതിരാവിലെ വി. കുർബാന അർപ്പിക്കണം. വൈദികനായിട്ട് ഇതുവരെ വി.കുർബാന അർപ്പണം മുടക്കിയിട്ടില്ല. ഇതിൽ ഒരു വിട്ടുവീഴ്ചയ്ക്കും ഞാൻ തയ്യാറല്ല. അച്ചന്റെ ശാഠ്യത്തിന് മുന്നിൽ ഞങ്ങൾക്ക് വഴങ്ങേണ്ടി വന്നു.

സെപ്റ്റംബർ 16 ചൊവ്വാഴ്ച അതിരാവിലെ നേഴ്സുമാരുടെ സഹായത്തോടെ വീൽചെയറിൽ ഫാദേഴ്സ് ചാപ്പലിൽ പോയി വി. കുർബാന അർപ്പിച്ച് തിരിച്ച് ഹോസ്പിറ്റൽ റൂമിലേക്ക് വന്നു. സ്വന്തം സ്പിരിചാലിറ്റിയുടെ കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലാത്ത ഫാ. ജോളിയെ ഞാൻ മുഖാമുഖം കാണുകയായിരുന്നു മരിക്കുന്നതിന് തൊട്ട് മുൻപ്.

പിന്നീട് *procedure* സമയത്ത് *Cardiac Arrest* വന്നപ്പോൾ ഞങ്ങളെല്ലാവരും പരിഭ്രമത്തിന്റെ മുൾമുനയിലായി. ഫാ. ജോളിയുടെ ശാരീരിക സ്ഥിതി മോശമായപ്പോൾ രോഗീലേപന കൂദാശ ഞാൻ നൽകി. സൗഖ്യത്തിന്റെ തൈലം ഫാ. ജോളിയുടെ നെറ്റിത്തടങ്ങളിലും, കൈകളിലും, കാലുകളിലും ഞാൻ പൂശുമ്പോൾ മനമുരുകി പ്രാർത്ഥിച്ചു: "ദൈവമേ അച്ചനെ സൗഖ്യത്തിലേക്ക് നയിക്കണമേയെന്ന്... പിന്നീട് മണിക്കൂറുകൾക്ക് ശേഷം ദൈവം പ്രിയ മകനെ തന്റെ വാസസ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോയി.... നിത്യതയിലേക്ക്... നിത്യമായ ശാന്തതയിലേക്ക്...

എല്ലാം പെട്ടെന്നായിരുന്നു. അച്ചന്റെ ജീവിതംപോലെ അതിവേഗത്തിൽ ബഹുദൂരം ആത്മാക്കൾക്കുവേണ്ടി ഓടി നടന്ന ഫാ. ജോളി വളരെ വേഗത്തിൽ കർത്താവിന്റെ സന്നിധിയിലേക്ക്, സ്വർഗ്ഗത്തിലേക്ക് യാത്രയായി. സ്വർഗത്തിലും ഫാ. ജോളി വെറുതെയിരിക്കില്ല... കാരണം തന്റെ ആടുകൾക്ക് സാന്ത്വനം നൽകാൻ അദ്ദേഹം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യും.

**ഫാ. ജോളിയുടെ മരണവാർത്ത ഏവരിലും ഞെട്ടൽ ഉളവാക്കി. അച്ചന്റെ മരണവാർത്തയറിഞ്ഞ് ലൂർദ്ദ് ആശുപത്രിയിലും, കൂനമ്മാവ് വള്ളുവള്ളി ദേവാലയത്തിലും, ചിറ്റൂരിലുള്ള സ്വന്തം ഭവനത്തിലും, തിരുക്കുടുംബ ദേവാലയത്തിലും ഓടിക്കൂടിയത് ആയിരങ്ങളല്ല, പതിനായിരങ്ങളാണ്. എല്ലാവരുടെയും കണ്ണിൽനിന്ന് കണ്ണുനീർ പൊഴിയുന്നുണ്ടായിരുന്നു. എല്ലാവർക്കും പറയാനുണ്ടായിരുന്നത് ഒറ്റകാര്യം മാത്രം. 'ഫാ. ജോളി ഒരു വിശുദ്ധനായിരുന്നു... അദ്ദേഹം വിശുദ്ധനാകും.' കാരണം അച്ചൻ ജീവിച്ചത് അപ്രകാരമായിരുന്നു.**

ദൈവത്തിന് വേണ്ടിയും, ദൈവജനത്തിന് വേണ്ടിയും രാപകലില്ലാതെ ജീവിച്ച വിശുദ്ധ ജന്മം. സ്വന്തമായി യാതൊന്നും ഉണ്ടായിരുന്നില്ല. ഉള്ളതെല്ലാം അർഹതപ്പെട്ടവർക്ക് വീതിച്ചു നൽകിയിട്ടുണ്ട്. സ്വന്തം കാര്യം ശ്രദ്ധിച്ചിട്ടില്ല. ലളിത ജീവിതം, അപരന്റെ വേദനകളിലേക്കും, ജീവിതങ്ങളിലേക്കും കടന്നുചെന്ന് സുവിശേഷവും, സന്തോഷവും പകർന്ന് നൽകിയ വിശുദ്ധ

നായിരുന്നു ഫാ. ജോളി.

എന്റെ തമ്പുരാൻ എനിക്ക് എല്ലാം നേടിത്തരും എന്ന സുകൃതജപം അധരങ്ങളിൽ സൂക്ഷിച്ചു ജോളിയച്ചൻ. അച്ചന്റെ പേരുപോലെ ഫാ. ജോളി *Joyful* ഉം *Graceful* ഉം ആയി ജീവിച്ചു. തികച്ചും വ്യത്യസ്ഥനായ ഒരാൾ. അതിലേറെ നിസ്വാർത്ഥൻ, നീതിമാൻ.. അതാണ് ഫാ. ജോളി. അതിലുപരി വി. കുർബാനയെ പ്രണയിച്ചയാൾ, **പരിശുദ്ധ അമ്മയുടെ കരം ഗ്രഹിച്ച് ജപമണികൾ കൈയിലേന്തിയ പുണ്യ പുരോഹിതൻ. യാമപ്രാർത്ഥന ചൊല്ലുന്നതിന് മുടക്കം വരുത്താത്ത വൈദികൻ... രാത്രിയുടെ യാമങ്ങളിൽ എല്ലാവരും ഉറങ്ങുമ്പോഴും അൾത്താരയുടെ മുന്നിൽ വി. കുർബാനയുടെ, സക്രാരിയുടെ മുന്നിൽ കരം വിരിച്ച് പ്രാർത്ഥിക്കുന്ന ഫാ. ജോളിയെ ആർക്കാണ് മറക്കാനാവുക.**

2025 സെപ്തംബർ 16 ചൊവ്വാഴ്ച ജോളിയച്ചന്റെ ആത്മശാന്തിക്കുവേണ്ടി വരാപ്പുഴ അതിരൂപത അദ്ധ്യക്ഷൻ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അർപ്പിച്ച ദിവ്യബലിയെ തുടർന്ന് കൃതജ്ഞത രേഖപ്പെടുത്തിയ ചിറ്റൂർ ഹോളി ഫാമിലി ഇടവക വികാരി ഫാ. ബിജു തട്ടാരശ്ശേരി പറഞ്ഞ വാക്കുകൾ നമുക്കോർക്കാം:
സങ്കീർത്തനം 118:17

"ഞാൻ മരിക്കുകയില്ല. ജീവിക്കും. ഞാൻ കർത്താവിന്റെ പ്രവൃത്തികൾ പ്രഘോഷിക്കും."

**ജോളി അച്ചൻ ഒരു വിശുദ്ധനായ വൈദികനാണ്. അച്ചന്റെ പ്രാർത്ഥന തേടി അനേകം മക്കൾ വരുംനാളുകളിൽ ചിറ്റൂർ ദേശത്ത് എത്തും. ഒരു വിശുദ്ധന്റെ ശവസംസ്കാര കർമ്മങ്ങളിൽ പങ്കുചേർന്നു എന്ന ആത്മസന്തോഷത്തോടെ നമുക്ക് ജീവിക്കാം...'**

ഈ വാക്കുകൾ അന്വർത്ഥമാകുന്ന നാളുകൾക്കായി നമുക്ക് കാത്തിരിക്കാം.

*Fr. Jolly.... God bless You, Thank You....*

**അങ്ങ് ഞങ്ങൾക്ക് ഒരു സഹോദര വൈദികൻ മാത്രമായിരുന്നില്ല. മറിച്ച് സ്വന്തം കൂടപ്പിറപ്പായിരുന്നു സ്നേഹമുള്ള ഞങ്ങളുടെ സ്വന്തം ജോളിയച്ചൻ.**

# *താങ്ക്യൂട്ടാ, ഗോഡ് ബ്ലെസ് യു*

**ഫാ. സിജൻ മണുവേലിപറമ്പിൽ**

വരാപ്പുഴ അതിരൂപതയ്ക്കായി ദൈവം ഒരുക്കിയ, വിളിച്ച് ശുദ്ധീകരിച്ച് അഭിഷേകം ചെയ്ത് നല്കിയ സുകൃതമാണ് ബഹുമാനപ്പെട്ട ജോളി തപ്പലോടത്തച്ചൻ. തന്റെ പൗരോഹിത്യ ജീവിതത്തിലൂടെ തീക്ഷ്ണതയോടെ ദൈവത്തിന്റെ ബലിയർപ്പിച്ച്, തനിക്ക് ലഭിച്ചതെല്ലാം അർഹതപ്പെട്ടവർക്ക് ത്യാഗത്തോടെ നല്കി, പരിശുദ്ധ അമ്മയുടെ ജപമാല മണികളെ മുറുകെ പിടിച്ച്, പ്രാർത്ഥനാ ജീവിതത്തെ ധന്യമാക്കിക്കൊണ്ട് ദൈവികനന്മകളെ അതിരൂപതയോട് വിശ്വാസസമൂഹത്തോട് ജോളിയച്ചൻ ചേർത്തുവെച്ചു.

ആർക്കും തന്നെ പിന്തുടരാൻ ആകാത്ത തീക്ഷ്ണതയും വേഗതയും ജോളിയച്ചൻ ജീവിതത്തിൽ പുലർത്തി. ആ വേഗത അദ്ദേഹത്തിന്റെ മരണത്തിലും വന്നുചേർന്നു. വിജ്ഞാനത്തിന്റെ പുസ്തകം ഈ അവസ്ഥയിൽ നമുക്ക് പ്രത്യാശ നല്കുന്നുണ്ട്. വേഗതയിൽ പൂർണ്ണത പ്രാപിച്ച വരെ ദൈവം തന്റെ പക്കലേക്ക് നേരത്തെ വിളിക്കുന്നു (ജ്ഞാനം 4,13-14). ഉല്പത്തി പുസ്തകത്തിലെ എനോക്കിനെപ്പോലെ ജോളിയച്ചൻ സംപ്രീതനായി ജീവിച്ചു, ആയതിനാൽ ദൈവം അവനെ എടുത്തു (ഉല്പത്തി 5,22-24).

ജോളിയച്ചന്റെ ജീവിതകാലഘട്ടം വിശുദ്ധമാക്കി മാറ്റിയത് പരിശുദ്ധമായ ബലിയർപ്പണങ്ങളായിരുന്നു. ഏവരുടേയും ഹൃദയത്തെയും ചിന്തകളെയും എല്ലാം ദൈവികമേഖലയിലേക്ക് ഉയർത്തുന്ന ഒന്നായിരുന്നു ജോളിയച്ചന്റെ ബലിയർപ്പണം. ബാൽ ദൈവവിശ്വാസികളുടെ ഇടയിൽ വിശ്വാസത്തിന്റെ ജ്വലനത്താൽ പച്ചമരംകൊണ്ട് ബലിയർപ്പിച്ച ഏലിയായെപ്പോലെ, ജനത്തിന്റെ ദുഃഖങ്ങളും, അസ്വസ്തകളും, നിരാശയും എല്ലാം അച്ചന്റെ ബലിയിൽ കത്തിത്തീർന്നു.

ജറുസലേം ദേവാലയമുറ്റത്ത് ആയിരുന്ന മുടന്തനോട് ശ്ലീഹന്മാർ പറഞ്ഞപോലെതന്നെയാണ് അപ്പന്റെ ജീവിതവും. തന്റെ കൈയ്യിലേക്ക് വന്ന സ്വർണ്ണവും വെള്ളിയും പണവും എല്ലാം വിവാഹ സഹായമായും, വിദ്യാഭ്യാസ സഹായമായും ഭവന നിർമ്മാണവുമായി മാറി. ജോളിയച്ചന്റെ സമ്പാദ്യത്തിൽ നിന്ന് ബാലൻസായി അച്ചനു കൊടുക്കാൻ ഉണ്ടായിരുന്നത് യേശുനാഥന്റെ നാമം മാത്രമായിരുന്നു.

എല്ലാനേരവും ജപമാല കൈയിൽപിടിച്ച്, സക്രാരിയുടെ മുമ്പിൽ മണിക്കൂറുകളോളം കരങ്ങൾ വിരിച്ച് പ്രാർത്ഥിച്ച്, വിശ്വാസികളുടെ തലയിൽ കരങ്ങൾ വച്ച് പ്രാർത്ഥിച്ച് ജോളിയച്ചൻ കൃപയുടെ നിർച്ചാലായി മാറി. ക്രിസ്തുനാഥന്റെ പക്കൽ ഒരു മദ്ധ്യസ്ഥനായി ജോളിയച്ചൻ ഉണ്ട് എന്ന പ്രതീക്ഷയോടെ വരാപ്പുഴ അതിരൂപത കുടുംബം അച്ചന്റെ ഈ സ്വർഗീയ യാത്രയിൽ പ്രാർത്ഥനകളും ആശംസകളും ആദരവോടെ അർപ്പിക്കുകയാണ്.

# കവിതപോലെ കടന്നുപോയ
# വി. ഫ്രാൻസിസ് അസ്സീസി



**ഫാ. ബോബി ജോസ് കട്ടിക്കാട്ട്**

ഒക്ടോബർ നാലിന് ഫ്രാൻസിസിന്റെ ഓർമത്തിരുനാളാണ്. ആശ്രമത്തിൽ ചേർന്ന നാൾ മുതൽ ഈ ദിവസം പങ്കുചേരുന്ന ഹൃദ്യമായ ഒരു പ്രധാന ചടങ്ങുണ്ട്-ട്രാൻസിത്തുസ് എന്ന ചരമാനുസ്മരണ പ്രാർത്ഥന.

ജീവിതം കുറേക്കൂടി ഏകാഗ്രവും ഭാവന നിഷ്കളങ്കവുമായിരുന്ന ഒരു കാലത്ത് ആ മരണത്തെക്കുറിച്ച് ബൊനെവെഞ്ചർ എഴുതി അവസാനിപ്പിക്കുന്നത് കിളിപേശലുകൾ പോലെ കേട്ടിട്ടുണ്ട്: 'at the hour of the holy man's passing. They came in a great flock over the roof of the house and, whirling around for a long time with unusual joy, gave clear and evident testimony of the glory of the saint, who so often invited them to praise God.' പുണ്യവാന്റെ വിയോഗനേരത്ത് കിളിക്കൂട്ടങ്ങൾ ആ ഭവനത്തിന്റെ മേൽക്കൂരയിലേക്ക് എത്തുകയും വലംചുറ്റി ഇന്നോളം കേട്ടിട്ടില്ലാത്ത ആനന്ദസ്വരങ്ങൾകൊണ്ട് ഫ്രാൻസിസിന്റെ മഹത്വത്തിന് സാക്ഷ്യം പറയുകയും ചെയ്തു.

ഫ്രാൻസിസിന്റെ മരണകാരണം കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെട്ടിട്ടില്ല; അവസാന വർഷങ്ങൾ ശാരീരിക ക്ലേശങ്ങളുടേയും പീഡകളുടേയും ആണെന്നൊഴികെ. പഞ്ചക്ഷതങ്ങൾ ഉൾപ്പെടെ അതിൽ പെടുത്താവുന്നതാണ്. കണ്ണുകൾക്ക് ട്രക്കോമയുടെ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അന്ധതയിൽ എത്തിയേക്കാവുന്ന ഒന്നാണത്. പ്രകാശത്തോടുള്ള കടുത്ത സെൻസിറ്റിവിറ്റിയാണ് പ്രധാന പ്രശ്നം. സദാ കണ്ണുനിറഞ്ഞൊഴുകുകയാണ് ലക്ഷണം. സൂര്യവെളിച്ചത്തിലേക്കു നോക്കുമ്പോൾ അനേകം കുപ്പിച്ചില്ലുകൾ കണ്ണിലേക്ക് പൊട്ടിവീഴുന്നതുപോലെ തോന്നും. ആ കാലയളവിൽത്തന്നെയാണ് സൂര്യനുവേണ്ടിയുള്ള സ്തോത്രഗീതം എഴുതി ആലപിക്കുന്നത്. കാര്യങ്ങളെ ചിലർ മധുരമാക്കി മാറ്റുന്നത് അങ്ങനെയാണ്. ഈജിപ്ത് യാത്രയുടെ ബാക്കിപത്രമായിരുന്നു ഈ നേത്രരോഗം. അവിടെ നിന്നു മലേറിയയും കൊണ്ടുവന്നു എന്ന് കരുതാം. ചോര ഛർദ്ദിച്ചിരുന്നതായും കേൾവിയുണ്ട്. ഗാസ്ട്രിക് അൾസർപോലെ ഗുരുതരമായ ഉദരരോഗങ്ങളാവാം കാരണം. രോഗത്തേക്കാൾ കഠിനമായ ചികിത്സാരീതികളായിരുന്നു അന്നുണ്ടായിരുന്നത്. ചുട്ടുപഴുപ്പിച്ച ഇരുമ്പു ദണ്ഡ് മുറിവിനു മീതെ വച്ച് പൊള്ളിക്കുന്നതുൾപ്പെടെയുള്ള പലതിലൂടെയും അയാൾ കടന്നുപോയി. 44 വയസ് എത്ര ചെറിയ പ്രായമാണ്!

കവിതപോലെ മനോഹരമായിരുന്നു അയാളുടെ കടന്നുപോക്ക്. 'ഇത്രകാലം നമ്മൾ ഒന്നും ചെയ്തിട്ടില്ല, നമുക്കിനി ആരംഭിക്കാം.' എന്നതായിരുന്നു അന്ത്യമൊഴികളിലൊന്ന്. നഗ്നനാക്കി വെറും നിലത്ത് കിടത്താൻ ആവശ്യപ്പെട്ടു. പിറവിയിലെന്നതുപോലെ നഗ്നതയുടെ നിഷ്കളങ്കതയിൽ മടങ്ങിപ്പോയ അയാൾ ആരെയൊക്കെയാണ് ഓർമിപ്പിക്കുന്നത്? അപരാധത്തിനു മുൻപുള്ള ആദവും ഹവ്വയും, അനുസരണം പൂർത്തിയാക്കി കുരിശിന്റെ വക്ഷസിൽ നഗ്നനായി മടങ്ങിപ്പോയ യേശു, അങ്ങനെ നൈർമല്യത്തേയും സ്വാതന്ത്ര്യത്തേയും അർപ്പണത്തേയും ആനന്ദത്തേയും ദ്യോതിപ്പിക്കുന്ന ഒന്നായിരുന്നു ഫ്രാൻസിസിന്റെ വിവസ്ത്രത. മരണം ഒരു രണ്ടാം പിറവിയാണെന്നുള്ള സൗമ്യമായ ഓർമപ്പെടുത്തലുമാകാം.




മരണത്തെ ഭയക്കരുതെന്നാണ് അയാൾ ഇപ്പോൾ പറയുന്നത്. ചുറ്റിനും നിൽക്കുന്ന ദുഃഖിതരായ സഹോദരരെ വിലക്കിക്കൊണ്ട് ഇങ്ങനെ മന്ത്രിച്ചു: 'ഇങ്ങനെയല്ല വേണ്ടത്, പാട്ടുപാടി, നൃത്തച്ചുവടുകളോടെ അവളെ സ്വാഗതം ചെയ്യുക-sister death.'

# ജപമാല ഭക്തി



ഫാ. മാർട്ടിൻ
തൈപ്പറമ്പിൽ



ക്രൈസ്തവ വിശ്വാസ ജീവിത ത്തിന്റെ മൂലക്കല്ലും ആണിക്കല്ലും പിരിശുദ്ധ കുർബാനയാണ്. വിശ്വാസ ജീവിതത്തിന്റെ മറ്റ് ഏതൊരു ഭക്തിയും ആചരണ ങ്ങളും പരിശുദ്ധ കുർബാനയി ലേക്ക് വിശ്വാസിയെ നയിക്കുന്ന തും പരിശുദ്ധ കുർബാനയോടുള്ള ആഴമായ ഭക്തിയും സ്നേഹവും അങ്ങേയറ്റം ആദരവും വർദ്ധിപ്പി ക്കുന്നതുമാകണം. അല്ലാത്ത ഭക്തി പ്രകടനങ്ങളൊക്കെ വിശ്വാ സ ജീവിതത്തിന് ഭൂഷണമല്ല എന്നത് വിശ്വാസിയുടെ അടിസ്ഥാ നപരമായ ബോധ്യമായി മാറണം. ഈ ഒരു ബോധ്യത്തിൽ നിന്നു വിശ്വാസ ജീവിതത്തിലെ എല്ലാത്തരം ആചാരങ്ങളേയും ആചരണങ്ങളെയും അനു ഷ്ഠിക്കേണ്ടതും കൈകാര്യം ചെയ്യേണ്ടതും.

കത്തോലിക്കാ വിശ്വാസ ലോകത്ത് പരിശുദ്ധ കുർബാന യായി മാറിയ, ഈശോയ്ക്ക് ദൈവ ഹിതമനുസരിച്ച് ജൻമം നൽകുന്നതിന് അനന്തമായ പദ്ധതിയിൽ ദൈവം സൃഷ്ടി ചെയ്ത് മാറ്റി നിറുത്തി ഒരുക്കിയ നസറത്തിലെ ഗ്രാമീണ കന്യക മറിയത്തെ സ്ത്രീകളിൽ അതിശ്രേഷ്ഠ ജന്മമായി ആദരിക്കുന്നു. മറിയത്തിന്റെ ജീവിതത്തിന്റെ സ്വർഗ്ഗീയ രഹസ്യങ്ങൾ ഉൾക്കൊണ്ട് പരി. മറിയത്തെ പലപ്പോഴായി അംഗീകരിച്ച് അത് വിശ്വാസ സത്യങ്ങളായി പ്രഖ്യാപിച്ചു സഭ മറിയത്തെ ആദരിക്കുന്നു. പരിശുദ്ധ കുർബാനയും കൂദാശകളും കഴിഞ്ഞാൽ കത്തോലിക്കാ സഭ ഏറ്റവും കൂടുതൽ ഭക്തിയോടെ നോക്കി കാണുന്നതും വണങ്ങുന്നതും ആദരിക്കുന്നതും പരിശുദ്ധ കന്യാ മറിയത്തെ തന്നെയാണ്. അതിന് അവൾ അർഹയാണു താനും. ക്രിസ്തുവാകുന്ന ജീവജലം ഉൾക്കൊണ്ട പരിശുദ്ധമായ ഒരു കിണറ്.... പരിശുദ്ധ കുർബാനയെ ആദ്യം ഉൾക്കൊണ്ട ആദ്യ ദിവ്യ സക്രാരി ....ആ സക്രാരിയെ ഉൾക്കൊണ്ട ഒരു ദേവാലയം..... അങ്ങനെ മഹത്വപൂർണ്ണതയുള്ള ദൈവത്തിന്റെ ഏറ്റവും പ്രിയപ്പെട്ട ഒരു ജന്മമാണ് മറിയം. അതുകൊണ്ടാണ് മരിയ ഭക്തനായ വി. ജോൺ പോൾ രണ്ടാമൻ പാപ്പ പറഞ്ഞത്: *"ഈശോയെ ശരി യായും കൃത്യമായും പഠിക്കാൻ മറിയ ത്തിന്റെ പാഠശാലയിൽ നിന്നും പഠിക്കണം; ഈശോയെ വ്യക്തമായി കാണാൻ പരിശുദ്ധ മറിയത്തിന്റെ കണ്ണിലൂടെ നീ ഈശോയെ നോക്കണം; ഈശോ യെ അനുഭവിക്കാൻ നീ ആഗ്രഹി ക്കുന്നെങ്കിൽ മറിയത്തിന്റെ മനസ്സിലൂടെ നീ ഈശോയെ ധ്യാനിക്കണം...."* എന്ന്.

രക്ഷയിലേക്കുള്ള ഈ ജീവിത മാറ്റത്തിന് ദൈവം മനു ഷ്യന് നൽകിയ വലിയ സമ്മാന മായ മറിയം മനുഷ്യനു നൽകിയ പുണ്യങ്ങളൊഴുക്കുന്ന സമ്മാന മാണ് ജപമാല എന്ന് തിരിച്ചറിയു മ്പോഴാണ് ജപമാല പ്രാർത്ഥന നമുക്ക് ആനന്ദമാകുന്നതും; മറിയ ത്തിന്റെ കൈപിടിച്ച് ഈശോയി ലേക്ക് നടക്കാനുള്ള ഒരു സാധ്യ തയായും നമുക്ക് അനുഭവപ്പെടു ന്നത്. ഈ ബോധ്യമില്ലാത്തവർ ക്കാണ് ജപമാല പ്രാർത്ഥന ഒരു അറുബോറൻ പരിപാടിയായി മാറുന്നത്.

ജപമാല പ്രാർത്ഥനയെ നാം തിരിച്ചറിയുവാൻ ശ്രമിക്കു മ്പോൾ ഒരു ദേവാലയത്തിൽ പരിശുദ്ധ ബലിയർപ്പണം എത്ര മാത്രം പ്രധാനപ്പെട്ടതാണോ അത്രമാത്രം പ്രധാനപ്പെട്ടതാണ്. ഒരു ഭവനത്തിൽ മാതാപിതാക്കളും മക്കളും ഒത്തൊരുമിച്ചു ചൊല്ലുന്ന ജപമാല പ്രാർത്ഥന. കുർബാനയി ല്ലാത്ത ദേവാലയം പോലെയാണ് ജപമാല പ്രാർത്ഥനയില്ലാത്ത കുടുംബവും. വിളക്കുകെട്ട് ഇരുണ്ടുപോയ വഴിയമ്പലം പോലെയാകുന്നത്. ആ

അർത്ഥത്തിലാണ് കുടുംബത്തിന്റെ ആരാധന ക്രമമാണ് ജപമാല എന്ന് പറയുന്നത്. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ചു നിലനിൽക്കുമെന്ന് പറയുന്ന വി. മദർ തെരേസ കുടുംബത്തിന്റെ നിലനിൽപിനും കെട്ടുറ പ്പിനും വേണ്ടി ജപമാല പ്രാർത്ഥന കുടുംബത്തിൽ ഒരുമിച്ചു ചൊല്ലണമെന്ന് ആവശ്യപ്പെടുന്നത്.

**എന്താണ് ജപമാല:**

വി. ബൈബിളിൽ വേരു ള്ള ഒരു പ്രാർത്ഥനയാണത്. സഭാപിതാക്കൻമാർ വിശുദ്ധ സുവിശേഷത്തെ അരിച്ചെടുത്ത് കൂട്ടിചേർത്ത ഒരു പ്രാർത്ഥനയാണത്. വിശുദ്ധ ഗ്രന്ഥത്തിൽ മനുഷ്യനായി അവതരിച്ച ഈശോ വെളിപ്പെടുത്തി തന്ന പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ ആരംഭിച്ച് ഒടുവിൽ പരിശുദ്ധ ത്രിത്വത്തിന് സ്തുതി ചൊല്ലി അവസാനിപ്പിക്കുന്ന ഈ അൻപത്തി മൂന്നു മണി ജപമാലയിൽ ദൈവം നേരിട്ടും തന്റെ ദൂതൻ വഴിയും വെളിപ്പെടുത്തിയതും പറഞ്ഞതു മായ വചനങ്ങളെയും അതിന് മനുഷ്യൻ കൊടുത്ത വാക്കുകളേയും അടക്കി ചായിച്ചൊരുക്കി ഒരു പ്രാർത്ഥന യാക്കിയിരിക്കുന്നതാണ് ജപമാല. പ്രാർത്ഥനയുടെ ധന്യതയും അനന്യതയും. നിങ്ങൾ പ്രാർത്ഥി ക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കു വിൻ എന്നുപറഞ്ഞ് ഈശോ പഠിപ്പിച്ച 'സ്വർഗ്ഗസ്ഥനായ പിതാ വേ' എന്ന പ്രാർത്ഥന ആധാരമായി ചൊല്ലിക്കൊണ്ടു തുടങ്ങുന്ന ജപമാല പ്രാർത്ഥനയിൽ വിശുദ്ധരും വിശുദ്ധ മാനസരും വചനം വായിക്കുമ്പോഴുണ്ടാകുന്ന രസവും കൃപാനുഭവവും കണ്ടെത്തിയത് അതുകൊണ്ടാണ്. അതുകൊണ്ടാണവർ അതുവഴി ലഭിക്കുന്ന കൃപകളും അനുഗ്രഹങ്ങളും ഏവർക്കും ലഭിക്കുന്നതിനും രക്ഷയുടെ സാധ്യതയാക്കി മാറ്റുന്നതിനും വേണ്ടി ഈ പ്രാർത്ഥനാ ശൈലി പ്രചരിപ്പിച്ചതും. പരിശുദ്ധ മാതാവ് തന്നെ നേരിട്ട് ദർശനം നൽകി ജപമാല പ്രാർത്ഥന ആവർത്തിച്ചു ചൊല്ലുവാൻ ആവശ്യപ്പെട്ടതും അതിന്റെ രക്ഷാകരമൂല്യങ്ങളെ ഉറപ്പിച്ചു വ്യക്തമാക്കുന്നുണ്ട്. ഈ ബോധ്യങ്ങളുള്ളവരാണ് കൈകളിൽ ജപമാല ഇറുകെ പിടിച്ച് ഹൃദയത്തിൽ നിന്ന് അധരത്തിലൂടെ ഈ വചനമാല്യം ആവർത്തിച്ചുരുവിട്ട് പ്രാർത്ഥനയുടെ സ്വർഗ്ഗീയ മുഹൂർത്തങ്ങളൊരുക്കി രക്ഷയൊരുക്കുന്നത്.

സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലെത്തിയ ദൈവത്തിന്റെ അമ്മ കൊരുത്ത ഈ ജപമാല ഭൂമിയിൽ നിന്നും സ്വർഗ്ഗത്തോളം എത്തിനിൽക്കുന്ന ഗോവണിയാണെന്നും ജപമാലയിലെ മുത്തുമണികളുരുട്ടി ആവർത്തിച്ചു ചൊല്ലുന്ന 'നൻമ നിറഞ്ഞ മറിയമേ' പ്രാർത്ഥന സ്വർഗ്ഗത്തിലേക്കുള്ള ചവിട്ടുപടിക ളായിക്കണ്ട് അതിലൂടെ ആത്മീയ കയറ്റം നടത്തി പ്രാർത്ഥനക്കൊടുവിൽ സ്വർഗ്ഗത്തിലെത്തി നിൽക്കുന്ന ആത്മീയാനുഭൂതിയിൽ ദൈവത്തിന് 'സ്തുതി' ചൊല്ലി തീർക്കുമ്പോൾ മാതാവിന്റെ കൈകളിൽ നാം സുരക്ഷിതരാകുന്നു എന്നു മാത്രമല്ല എനിക്കും ഈശോയ്ക്കും ഒരമ്മ എന്ന നന്മ നിറഞ്ഞ ബോധ്യത്തിലേക്കും നമ്മളെത്തുന്നു. ഈ ബോധ്യത്തിന്റെ അകക്കാമ്പോടെ നമുക്ക് ജപമാല കയ്യിലെടുക്കാം.... പ്രാർത്ഥന ചൊല്ലാം... കടമയുടെ കടത്തുകഴിക്കൽ എന്നതിലുപരി സ്വർഗ്ഗമാകുന്ന അവകാശത്തിലേക്കുള്ള അനുഗ്രഹ സാധ്യതയായി ജപമാല പ്രാർത്ഥന ഹൃദയത്തിലും ജപമാല മുത്തുകൾ കൈകളിലും മുറുകെ പിടിക്കാം.

# ജപമാല വഴികളിലൂടെ...

**എവിസ്**

ജപമാല ജപങ്ങൾകൊണ്ടുള്ള ഒരു മാലയാണ്. ജപങ്ങളുടെ മണികൾ ഒരു മാലയായി കോർത്ത് ജപിക്കുന്ന ഒരു നല്ല പാരമ്പര്യം. അതിലുപരി ഒരു കത്തോലിക്കാ വിശ്വാസം. ജപമാലയ്ക്ക് അഥവാ കൊന്തയ്ക്ക് ഇംഗ്ലീഷിൽ Rosary എന്നാണ് എഴുതുക. ഇത് ലാറ്റിൻ ഭാഷയിലെ Rosarium എന്ന വാക്കിൽനിന്നാണ് എടുത്തിട്ടുള്ളത്. ഈ വാക്കിന്റെ അർത്ഥം റോസാപ്പൂക്കളുടെ പൂന്തോട്ടം എന്നാണ്. റോസാപ്പൂക്കൾ കൊണ്ടുള്ള കിരീടമെന്നും റോസാപ്പൂക്കളുടെ മാലയെന്നും വിവിധങ്ങളായ വ്യാഖ്യാനങ്ങളും ഇതിനുണ്ട്. ജപമാലയുടെ മണികൾ ഉരുട്ടി നാം ചൊല്ലുന്ന ജപമാല പ്രാർത്ഥന പരിശുദ്ധ കന്യക മറിയത്തിന്റെ സന്നിധിയിൽ സമർപ്പിക്കുന്ന ആത്മീയ റോസാപ്പൂക്കളുടെ ഒരു മാലതന്നെയാണെന്ന് നിസ്സംശയം പറയാനാവും.

യേശു ശിഷ്യന്മാരെ പഠിപ്പിച്ച 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയും മാതാവിനെ സ്തുതിച്ചും മാതാവിനോട് അപേക്ഷിച്ചും ചൊല്ലുന്ന 'നന്മനിറഞ്ഞ മറിയമേ സ്വസ്തി' എന്ന മരിയൻ പ്രാർത്ഥനയും കോർത്തിണക്കിയ കത്തോലിക്കാ സഭയുടെ മാതാവിനോടുള്ള ഭക്തി പ്രകടനത്തിന്റെ സുന്ദരരൂപമാണ് ജപമാല. ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ഏതു പ്രതിസന്ധിയേയും അതിജീവിക്കാൻ ഓരോ കത്തോലിക്കന്റെയും കൈയിലുള്ള ശക്തമായ ആയുധമാണിത്. സാധാരണക്കാരന്റെ നല്ലൊരു പ്രാർത്ഥന. പരിശുദ്ധ അമ്മയോടൊത്ത് യേശുവിന്റെ രക്ഷാകര രഹസ്യങ്ങൾ ധ്യാനിച്ചുള്ള സുന്ദരമായ പ്രാർത്ഥന. ഏകാഗ്രമായി കണ്ണീരോടെ, മനംനൊന്ത് കൊന്തചൊല്ലി പ്രാർത്ഥിക്കുമ്പോൾ അസാധ്യമായി ഒന്നും ഈ ഭൂമിയിലില്ല. തുറക്കാത്ത വാതിലുകളുമില്ല.

സഭയുടെ ആദ്യകാലഘട്ടം മുതൽ മാതാവിനോടുള്ള ഭക്തി കാണാമെങ്കിലും പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടിയാണ് ജപമാല അതിന്റെ രൂപങ്ങളിലേക്ക് കടന്നുവരിക. 1170-1221 കാലഘട്ടത്തിൽ ജീവിച്ച വിശുദ്ധ ഡോമിനിക് ജപമാലഭക്തിയുടെ പ്രധാന പ്രവാചകനായി അറിയപ്പെടുന്നു. 1569 സെപ്റ്റംബർ 17-ന് പരിശുദ്ധ പിതാവ് പീയൂസ് അഞ്ചാമൻ പരിശുദ്ധ കന്യകമറിയത്തോടുള്ള ബഹുമാനാർത്ഥം പുറപ്പെടുവിച്ച Consueverunt Romani Pontifices എന്ന പേപ്പൽ ബുള്ളറ്റിനിലൂടെ ജപമാല പ്രാർത്ഥന കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിലൊന്നായി പ്രഖ്യാപിക്കുകയും ജപമാലയ്ക്ക് തനതായ രൂപരേഖ സമ്മാനിക്കുകയും ചെയ്തു. പഴയകാല സഭാപാരമ്പര്യം അനുസരിച്ച് 150 പ്രാവശ്യം സങ്കീർത്തനം ചൊല്ലി പ്രാർത്ഥിച്ചിരുന്നതു പോലെ പരിശുദ്ധ കന്യകമറിയത്തിന്റെ മംഗളവാർത്ത പ്രാർത്ഥന (നന്മനിറഞ്ഞ മറിയമേ സ്വസ്തി) 150 പ്രാവശ്യം ചൊല്ലി പ്രാർത്ഥിക്കുന്ന രൂപരേഖ തയ്യാറാക്കി. ഓരോ പത്തു പ്രാവശ്യം 'നന്മനിറഞ്ഞ മറിയമേ സ്വസ്തി' എന്ന പ്രാർത്ഥന ചൊല്ലുന്നതിന് മുൻപിൽ യേശു പഠിപ്പിച്ച 'കർത്തൃ പ്രാർത്ഥന' കൂട്ടിച്ചേർക്കാനും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തു. ഈ ജപമാല പ്രാർത്ഥന കത്തോലിക്കാ സഭയുടെ വലിയ ആയുധമായും ശക്തിയായും മാറുന്നത് 1571-ൽ നടക്കുന്ന ലെപാന്തോ (Lepanto Battle) എന്ന യുദ്ധത്തോടു കൂടിയാണ്.

16-ാം നൂറ്റാണ്ടിൽ അതിശക്തരായ തുർക്കികൾ യൂറോപ്പിന്റെ മേലുള്ള അധികാരം പിടിച്ചെടുക്കാനായി നടത്തിയ യുദ്ധത്തെ പരിശുദ്ധ പിതാവ് പീയൂസ് അഞ്ചാമന്റെ ആത്മീയ നേതൃത്വത്തിൽ ഇറങ്ങി തിരിച്ച 'ഹോളി ലീഗ്' (സ്പെയിൻ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളുടെ സംയുക്ത സൈനികവ്യൂഹം) പരാജയപ്പെടുത്തുകയും വിജയം കൈവരിക്കുകയും ചെയ്യുന്നുണ്ട്. 1567 ഒക്ടോബർ 7-ാം തീയതിയിലെ ഈ വിജയത്തിന് പ്രധാന കാരണമായി മാറിയത് പരിശുദ്ധ പിതാവിന്റെ നേതൃത്വത്തിൽ ആഗോളകത്തോലിക്കാ സഭ നടത്തിയ ജപമാല പ്രാർത്ഥനായജ്ഞം ആയിരുന്നു. ഈ വിജയത്തിന്റെ ബഹുമാനാർത്ഥം പരിശുദ്ധ അമ്മയോടുള്ള ആദരസൂചകമായി എല്ലാ വർഷവും ഒക്ടോബർ 7-ാം തീയതി ആഗോളസഭ 'വിജയമാതാവിന്റെ തിരുനാൾ' ആഘോഷിക്കാൻ പരിശുദ്ധ പിതാവ് കല്പന പുറപ്പെടുവിച്ചു. പിന്നീട് പീയൂസ് അഞ്ചാമൻ പാപ്പായുടെ പിൻഗാമിയായി സഭയെ നയിച്ച പരിശുദ്ധ പിതാവ് ഗ്രിഗറി പതിമൂന്നാമൻ പാപ്പ ഒക്ടോബർ 7-ാം തീയതി 'ജപമാല രാജ്ഞി'യുടെ തിരുനാളായി ആഘോഷിക്കാൻ തീരുമാനിക്കുകയായിരുന്നു.

ജപമാലയുടെ പാപ്പ എന്നറിയപ്പെടുന്ന ലിയോ പതിമൂന്നാമൻ പാപ്പയാണ് ജപമാലയെ ഇന്നത്തെ രീതിയിൽ ചിട്ടപ്പെടുത്തിയത്. ജപമാലയുടെ പ്രസക്തിയേയും ആവശ്യകതയേയും ഊന്നിപ്പറയുന്ന പന്ത്രണ്ട് ചാക്രികലേഖനങ്ങളാണ് പരിശുദ്ധ പിതാവ് ലിയോ പതിമൂന്നാമൻ തന്റെ സഭാഭരണ കാലത്ത് സഭാമക്കൾക്ക് സമ്മാനിക്കുക. പരിശുദ്ധ പിതാവിന്റെ ചാക്രികലേഖന



മായ 'Supremi Apostolatus Officio' ലൂടെയാണ് യേശുക്രിസ്തുവിന്റെ രക്ഷാകര രഹസ്യങ്ങളെ മംഗളവാർത്തയിലൂടെ തുടങ്ങി പരിശുദ്ധ കന്യക മറിയത്തെ സ്വർഗ്ഗീയ രാജ്ഞിയായി ചിത്രീകരിക്കുന്ന ജപമാലയുടെ രഹസ്യങ്ങളായി ധ്യാനിക്കുവാനുള്ള ആഹ്വാനം നൽകുന്നത്.

ഒക്ടോബർമാസം ജപമാല മാസമായി പ്രഖ്യാപിക്കുന്നതും ഈ ചാക്രികലേഖനത്തിലാണ്. 1883 സെപ്റ്റംബർ 1-ാം തീയതി പുറപ്പെടുവിച്ച ഈ ചാക്രികലേഖനത്തിലൂടെ പരിശുദ്ധപിതാവ് ലിയോ പതിമൂന്നാമൻ പാപ്പ ജപമാലയുടെ അവിഭാജ്യഘടകമായി പരിശുദ്ധ കന്യക മറിയത്തിന്റെ ലുത്തിനിയ കൂട്ടിച്ചേർത്തു. ജപമാല പ്രാർത്ഥനയ്ക്ക് അതിന്റെ കൃത്യമായ രൂപഭാവം ലഭിക്കുന്നത് ഈ ചാക്രികലേഖനത്തിലൂടെയാണ്.

1917 മെയ് 13-ാം തീയതി ഫാത്തിമായിലെ മാതാവിന്റെ ദർശനത്തിൽ പരിശുദ്ധ അമ്മവഴി ലഭിച്ച 'ഫാത്തിമ പ്രാർത്ഥന' ഉൾപ്പെടുത്തുന്നതുവരെ ജപമാലയിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. 2002-ൽ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ പാപ്പ തന്റെ അപ്പസ്തോലിക ലേഖനമായ 'Rosarium Virginis Mariae' യിലൂടെ പ്രകാശത്തിന്റെ രഹസ്യങ്ങൾ ജപമാലയുടെ ഭാഗമാക്കി.

# ജപമാലയുടെ
# അനുഭവസാക്ഷ്യങ്ങൾ



സിന്ധു പീറ്റർ
മുല്ലൂർ

*ജീവിതത്തിലെ കഠിനമായ പരീക്ഷണങ്ങളിലും സഹന ങ്ങളിലും പരാജയപ്പെട്ടു പോകുന്ന വരാണ് ഈ ലോ കത്തിൽ അധികവും.എന്നാൽ ദൈവത്തിൽ ആശ്രയിച്ച്, വിശ്വാസം മുറുകെ പിടിച്ച് ജീവിത വിജയം നേടിയവരുടെ കഥകൾ നമ്മെ പ്രത്യാശയിലേക്ക് നയിക്കാറുണ്ട്. സഹനങ്ങൾക്കിടയിലും ദൈവേഷ്ടം നിറവേറ്റുന്ന നിരവധി പേരുണ്ട്. നന്മ നിറഞ്ഞ കുറെ മനുഷ്യർ. ആൾക്കൂട്ടത്തിൽ ചിലർ.....*

വരാപ്പുഴ അതിരൂപതയിലെ കൊങ്ങോർപ്പിള്ളി സെന്റ്. ആന്റണീസ് ദേവാലയത്തിലും ജപമാലയിലൂടെ പരിശുദ്ധ ത്രിത്വത്തിന്റെ അനുഗ്രഹങ്ങൾ സ്വന്തമാക്കുന്ന ഒരു വലിയ സമൂഹമുണ്ട്. വികാരിയച്ചൻ ഫാ. സജുവിന്റെ ആത്മീയ നേതൃത്വം ഇടവകയെ പ്രാർത്ഥനാ ചൈതന്യത്തിലേക്ക് നയിക്കുന്നു. ഒക്ടോബർ മാസത്തിലെ അഖണ്ഡ ജപമാലയിലൂടെ അനേകം ആത്മാക്കളെ നേടിയെടുക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കാനും ഇടവകയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

**ജപമാലയിലുള്ള അടിയുറച്ച വിശ്വാസത്തിലൂടെ ജീവിതത്തിലെ പരീക്ഷണങ്ങ ളെയും സഹനങ്ങളെയും അതി ജീവിച്ച രണ്ടു പേരെ നമുക്ക് പരിചയപ്പെടാം. പണിക്കശ്ശേരി മത്തായി എന്ന സഹോദരനെയും, മുല്ലോത്ത് മിനി ജോൺസൺ എന്ന സഹോദരിയെയും. ദൈവത്തെ അറിഞ്ഞു തുടങ്ങിയ നാൾ മുതൽ ദൈവേഷ്ടം നിറവേറ്റി ദൈവത്തോട് ചേർന്നു നിൽക്കുന്നവരാണ് ഇരുവരും.**

ഒരു സാധാരണ കൽപ്പണി ക്കാരനാണ് പണിക്കശ്ശേരി മത്തായി. 28 വർഷങ്ങൾക്കു മുൻപ് 24-ാം വയസ്സിൽ എലിപ്പനി ബാ ധിച്ച് വൈദ്യശാസ്ത്രം മരിച്ചെന്ന് വിധിയെഴുതിയ ആൾ. വേണ്ട പ്പെട്ടവരെയൊക്കെ അറിയിച്ചുകൊ ള്ളാൻ ഡോക്ടർമാർ അമ്മയോട് പറഞ്ഞു. കഠിന വേദനയോടെ അമ്മ ജപമാല കയ്യിലെടുത്തു. മകന്റെ നെറ്റിയിലും അധരങ്ങളി ലും കാലുകളിലും കുരിശു വരച്ചു പ്രാർത്ഥിച്ചു. അബോധാവസ്ഥയിൽ





മത്തായിക്ക് ഒരു ദർശനമുണ്ടായി. പിച്ചള കൊണ്ടുള്ള ഒരു ലോട്ടയിൽ മത്തായിക്ക് കുടിക്കാൻ വെള്ളം പകർന്നു കൊടുക്കുന്ന ഒരമ്മ. ആ വെള്ളം കുടിച്ചയുടനെ മത്തായി ചാടിയെഴുന്നേറ്റു. ഡോക്ടർമാർക്ക് അത്ഭുതമായി. എന്തു മാജിക്കാണ് കാട്ടിയതെന്ന് അമ്മയോട് ചോദിച്ചു. 'പണ്ടു മുതലേ മാതാവി നോട് കൊന്ത ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി മാതാവ് ജീവൻ തിരിച്ചു നൽകിയതാണെന്ന്' അമ്മ പറയുന്നത് കേട്ടപ്പോൾ എല്ലാവർക്കും അതിശയമായി. മത്തായിക്ക് അതൊരു രണ്ടാം ജന്മമായിരുന്നു.

ഉള്ളിലുള്ള പഴയ മനുഷ്യനെ ഉരിഞ്ഞു മാറ്റി പുതിയൊരു മനുഷ്യനായി പുറത്തിറങ്ങി. ദൈവത്തോട് അടുത്തപ്പോൾ പലവിധ പരീക്ഷണങ്ങളും ജീവിതത്തിൽ നേരിടേണ്ടിവന്നു; വിശ്വാസത്തിന്റെ മാറ്റുരയ്ക്കാൻ...! അതെല്ലാം അതിജീവിച്ചത് ജപമാലയിലൂടെയാണ്. സെന്റ്. ജോർജ്ജ് പള്ളിയിലെ വികാരിയച്ചനായിരുന്ന സെബാസ്റ്റ്യൻ തൈപറമ്പിലച്ചന്റെ ആത്മീയ തീക്ഷ്ണത വല്ലാതെ ആകർഷിച്ചു. ദിവസേനയുള്ള ത്രിസന്ധ്യാ സമയത്തെ ജപമാലയിലും ആരാധനയിലും മുടങ്ങാതെ പങ്കെടുത്തു. മണലിലൂടെ കാൽ മുട്ടിൽ നീന്തി ജപമാല ചൊല്ലി ക്കൊണ്ട് അൾത്താരയിലെത്തുമ്പോൾ മുട്ടുകളിൽ നിന്ന് രക്തം വരുമായിരുന്നു. ഭക്തിയുടെ തീക്ഷ്ണതയിൽ ആ വേദനകൾ ഒരു ആനന്ദമായി മാറി. സെബാസ്റ്റ്യൻ അച്ചനുമായുള്ള അടുപ്പം ആത്മീയതയി ലേക്കുള്ള വാതിൽ തുറന്നു നൽകി. രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരുന്ന് അനേകമനേകം ജപമാലകൾ ചൊല്ലി. സുവിശേഷം വായിച്ചു. വചനം പഠിച്ചു. വചനം പ്രസംഗിക്കാൻ തുടങ്ങി.

കഴിഞ്ഞ ഒക്ടോബർ മാസത്തിലെ രാത്രിയിലുള്ള അഖണ്ഡ ജപമാലയിൽ 'നന്മനിറഞ്ഞ മറിയമേ സ്വസ്തി' എന്ന പ്രാർത്ഥന പാട്ടിന്റെ രൂപത്തിൽ മുഴുവനായും ചൊല്ലിയത് വലിയ ദൈവാനുഭവമായിരുന്നു. ഗാനത്തിലൂടെയുള്ള സ്തുതിപ്പിൽ സ്വർഗ്ഗം തുറക്കുന്ന അനുഭൂതിയാൽ നിറയും. വൈദികർക്കു വേണ്ടിയും, ലോകം മുഴുവനു വേണ്ടിയും, യുവജനങ്ങൾക്കും, കുട്ടികൾക്കും, വൃദ്ധർക്കുവേണ്ടിയും ഇടവക ജനത്തിനു വേണ്ടിയും, പ്രാർത്ഥനാ സഹായം ആവശ്യമുള്ള എല്ലാവർക്കും വേണ്ടിയുമെല്ലാം മധ്യസ്ഥ സഹായം യാചിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കാറുണ്ട്.

ജീവിതത്തിൽ നിരവധി വിഷമതകളും പരാജയങ്ങളും ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം തകർന്നു പോകാതെ പിടിച്ചു നിന്നത് ജപമാല കൂടെയുണ്ടായതു കൊണ്ടായിരുന്നു. ഉയർന്ന സ്വരത്തിൽ ജപമാല ചൊല്ലുമ്പോൾ അനുഭവിക്കുന്ന ദൈവികസാന്നിദ്ധ്യം വാക്കുകൾ കൊണ്ട് വർണ്ണിച്ചാൽ തീരുകയില്ല. അത് അനുഭവിച്ചറിയുക തന്നെ വേണം. നന്ദി നിറഞ്ഞ ഹൃദയത്തോടെ മത്തായി വർഗ്ഗീസ് പറഞ്ഞു നിർത്തുമ്പോഴും അദൃശ്യമായ ഒരു ദൈവിക സാന്നിദ്ധ്യം അവിടെ നിറഞ്ഞു നിൽക്കുകയായിരുന്നു.

.................................................................



മുല്ലോത്ത് മിനി എന്ന സാധാരണക്കാരിയായ വീട്ടമ്മയുടെ ജീവിതത്തിലും പരിശുദ്ധ മറിയത്തിന്റെ അത്ഭുതകരമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. മിനിയുടെ ജീവിതത്തെ പരിശുദ്ധ മാതാവ് കൂടുതലായി സ്വാധീനിക്കുന്നത് വിവാഹ ശേഷമാണ്. സങ്കടങ്ങളുടെ നേരത്താണ് അമ്മ കടന്നു വരുന്നത്. 'ഭയപ്പെടേണ്ട, സങ്കടപ്പെടുകയും വേണ്ട' എന്ന അമ്മയുടെ വാഗ്ദാനം ജപമാലയിലൂടെയാണ് മിനി അനുഭവിച്ചറിയുന്നത്. ആ ജപമാലയിലേക്ക് എത്തിച്ചേർന്നത് ഒരു ധ്യാനത്തിലൂടെയും; വിശുദ്ധ കുർബാനയെക്കുറിച്ചും പാപത്തെക്കുറിച്ചും ലഭിച്ച ക്ലാസ്സുകൾ മിനിയെ ആത്മീയമായി ഒത്തിരി ഉയർത്തി. മധ്യസ്ഥ പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് ഈ ധ്യാനത്തിലൂടെയാണ് മിനിക്ക് മനസ്സിലായത്. അന്നു മുതൽ പ്രാർത്ഥനാസഹായം ആവശ്യമുള്ള എല്ലാവർക്കും വേണ്ടി മധ്യസ്ഥ പ്രാർത്ഥന ചൊല്ലാൻ ആരംഭിച്ചു. ജപമാലയിലെ ഓരോ രഹസ്യവും ഓരോ നിയോഗങ്ങൾക്കു വേണ്ടി പ്രത്യേകം സമർപ്പിച്ചു പ്രാർത്ഥിച്ചു. ഒരിക്കൽ ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ ഗ്രോട്ടോയിൽ നിയോഗ പ്രാർ

ത്ഥന സമർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ മാതാവിനോട് തന്റെ കൂടെയുണ്ടെന്ന് വിശ്വസിക്കാൻ ഒരു അടയാളം ചോദിച്ചു. വീടുവരെ മാതാവ് കൊണ്ടുവന്ന് ആക്കണം എന്നായിരുന്നു പ്രാർത്ഥിച്ചത്. അവിടെ നിന്നും തിരികെ വീട്ടിലെത്തുംവരെ മാതാവിന്റെ മുല്ലപ്പൂമണം കൂടെയുണ്ടായിരുന്നു. വീട്ടിലെത്തിയപ്പോൾ ആ സുഗന്ധം മക്കൾ കൊണ്ടുവന്ന പെർഫ്യൂമിന്റേതായിരിക്കുമോ എന്ന് സംശയിച്ചു. അപ്പോൾ തന്നെ മുല്ലപ്പൂ മണം മാറിയിട്ട് പകരം തൈലത്തിന്റെ ഗന്ധം പരക്കാൻ തുടങ്ങി. മാതാവിന്റെ സാമീപ്യം ഒരു ഗന്ധത്തിലൂടെ അനുഭവിച്ചറിയാൻ തുടങ്ങിയത് അന്നു മുതലാണ്. ജപമാല ചൊല്ലുന്നത് വിശുദ്ധമായ ഒരു അനുഭവം തന്നെയാണ്. ചിലപ്പോൾ തീയിൽ ചവിട്ടി നിൽക്കുന്നതു പോലെ പാദത്തിനടിയിൽ ഒരു ചൂട്.

കുടുംബത്തിന്റെ ഭൗതികാവശ്യങ്ങൾക്കു വേണ്ടി ഒന്നും പ്രാർത്ഥിക്കേണ്ടി വന്നിട്ടില്ല. എല്ലാ കാര്യങ്ങളും മാതാവ് സമയബന്ധിതമായി ക്രമപ്പെടുത്തി സാധിച്ചു തന്നിട്ടുണ്ട്. വലിയ സാമ്പത്തിക സ്ഥിതിയോ യോഗ്യതയോ ഇല്ലാ തിരുന്നിട്ടും മക്കൾക്ക് യു.കെ. യിൽ നല്ലജോലി നൽകിയും അവർക്ക് അനുയോജ്യരായ ജീവിത പങ്കാളികളെ നൽകിയും ദൈവം അനുഗ്രഹിച്ചു. ജപമാല ചൊല്ലി പ്രാർത്ഥിച്ചുകൊണ്ട് ആരോടെങ്കിലും ഒരു ആശ്വാസ വാക്ക് പറഞ്ഞാൽ പോലും മറ്റുള്ളവർക്ക് അവരുടെ ആവശ്യം സാധിച്ചു കിട്ടാറുണ്ട്.

ഒരിക്കൽ ദൂരെ ഒരു അനാഥാലയത്തിലെ കുഞ്ഞുങ്ങളെ നോക്കാൻ ഒരു അവസരം കിട്ടി. സ്വന്തം വീടും നാടും വിട്ട് നാലുമാസത്തോളം അവിടെ പോയി താമസിച്ചു. കുഞ്ഞുങ്ങളെ കുളിപ്പിക്കുക, അവർക്ക് ഭക്ഷണം ഉണ്ടാക്കുക, പരിചരിക്കുക തുടങ്ങിയ ജോലികൾ. പ്രതിഫലം ആഗ്ര ഹിച്ചില്ല. പക്ഷേ കർത്താവ് പ്രതിഫലം നൽകി. അതാണ് മക്കൾക്ക് ലഭിച്ച വിദേശ ജോലി

*ഗാനത്തിലൂടെയുള്ള സ്തുതിപ്പിൽ സ്വർഗ്ഗം തുറക്കുന്ന അനുഭൂതിയാൽ നിറയും. വൈദികർക്കു വേണ്ടിയും, ലോകം മുഴുവനു വേണ്ടിയും, യുവജനങ്ങൾക്കും, കുട്ടികൾക്കും, വൃദ്ധർക്കുംവേണ്ടിയും ഇടവക ജനത്തിനു വേണ്ടിയും, പ്രാർത്ഥനാസഹായം ആവശ്യമുള്ള എല്ലാവർക്കും വേണ്ടിയുമെല്ലാം മധ്യസ്ഥ സഹായം യാചിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കാറുണ്ട്.*

യും സന്തോഷമുള്ള കുടംബ ജീവിതവും.

കഴിഞ്ഞ വർഷം എൽ റൂഹാ ധ്യാനത്തിൽ പങ്കെടുക്കുമ്പോൾ ഒരു കൗൺസിലിംഗ് നടത്തി. ദരിദ്രർക്ക് വസ്ത്രവും കുഞ്ഞുങ്ങൾക്ക് കളിപ്പാട്ടങ്ങളും നൽകിയ കാര്യവും വീടിനുള്ളിൽ നടന്ന് അഖണ്ഡ ജപമാല ചൊല്ലുന്ന കാര്യവുമെല്ലാം അന്ന് കൗൺസിലിംഗ് നടത്തിയ സിസ്റ്റർ പറയുന്നതു കേട്ടപ്പോൾ ഒരു കാര്യം ഉറപ്പായി. നാം ചെയ്യുന്ന കാര്യങ്ങളെല്ലാം മറ്റാരും അറിയുന്നില്ലെങ്കിലും കർത്താവ് അറിയുന്നുണ്ട്.

വേദോപദേശം പഠിപ്പിക്കണമെന്ന് കൗൺസിലിംഗ് നടത്തിയ സിസ്റ്റർ പറഞ്ഞത് മറ്റാരോടും പറഞ്ഞില്ല. കുറച്ചു ദിവസം കഴിഞ്ഞ് വികാരിയച്ചൻ വിളിച്ചു. വേദോപദേശം പഠിപ്പിക്കാൻ വരണമെന്ന് പറഞ്ഞു. പറയത്തക്ക യോഗ്യതയൊന്നും ഇല്ലാതിരുന്നിട്ടും അന്നു മുതൽ മതപാഠാധ്യാപികയായി. ദൈവ കൃപയുടെ അടയാളങ്ങൾ...!

സുവിശേഷം വായിക്കാനും വചനം എഴുതി പ്രാർത്ഥിക്കാനുമെല്ലാം സമയം കണ്ടെത്തിയതൊന്നും പാഴായില്ല. കഴിഞ്ഞ വർഷം ഒക്ടോബർ മാസത്തിൽ പള്ളിയിൽ രാത്രി ഉറക്കമൊഴിച്ചുള്ള അഖണ്ഡ ജപമാലയിൽ സംബന്ധിച്ചത് വലിയ ഒരു അനുഭവമായിരുന്നു. അതിനു ശേഷം എല്ലാ ദിവസവും അഖണ്ഡജപമാല ചൊല്ലി പ്രാർത്ഥിക്കാറുണ്ട്.

ദേവാലയത്തിന്റെ പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് അനേകം അഖണ്ഡ ജപമാലകൾ ചൊല്ലാനും ദൈവം അനുഗ്രഹിച്ചു. പരിശുദ്ധ അമ്മയുടെ സ്നേഹഗന്ധമുള്ള കരങ്ങളിലേക്ക് പ്രാർത്ഥനയുടെ കണ്ണീർപുഷ്പങ്ങൾ ജപമാലയിലൂടെ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ആത്മീയ സന്തോഷം വർണ്ണിക്കാൻ വാക്കുകളില്ല. അത് അനുഭവിച്ചറിയുക തന്നെ വേണം. മിനിയുടെ അനുഭവ സാക്ഷ്യത്തിലൂടെ വിശ്വാസത്തിന്റെ അഗാധതലങ്ങളിലേക്ക് ഒരു കിളിവാതിൽ തുറക്കുകയായിരുന്നു.

*കാനായിലെ കല്യാണത്തിൽ വീഞ്ഞു തീർന്നുപോയത് തിരിച്ചറിഞ്ഞ് പരിശുദ്ധ അമ്മ ഇടപെട്ടതുപോലെ നമ്മുടെ ഇല്ലായ്മകളും വല്ലായ്മകളും തിരിച്ചറിഞ്ഞ് പുത്രനായ യേശുവിനോട് നമുക്കു വേണ്ടി മാധ്യസ്ഥം യാചിക്കാൻ ജപമാലയിലൂടെ അമ്മ മാതാവ് നമ്മെയും അനുഗ്രഹിക്കട്ടെ.*

# വിശുദ്ധരുടെ ജപമാലാനുഭവങ്ങൾ



എ.ആർ.കെ. വടുതല

*നൂറ്റാണ്ടുകളായി, എണ്ണമറ്റ വിശുദ്ധർക്ക് ജപമാല ഒരു വിശുദ്ധിയുടെ വിദ്യാലയമായും, സ്വർഗ്ഗവുമായുള്ള ബന്ധത്തിനുള്ള കണ്ണിയായും, പാപത്തിനെതിരായ ആത്മീയ പോരാട്ടത്തിനുള്ള ആയുധമായും വർത്തിച്ചിട്ടുണ്ട്. ജപമാല ദൈവമാതാവിലൂടെ യേശുക്രിസ്തുവുമായി നടത്തുന്ന സജീവമായ കൂടിക്കാഴ്ചയാണെന്ന് അവരുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു. ചരിത്രത്തിലുടനീളം, ജപമാലയുടെ ശക്തിക്കും സൗന്ദര്യത്തിനും സാക്ഷ്യം വഹിച്ച വിശുദ്ധരുടെ ജീവിതം നമുക്ക് പരിചയപ്പെടാം.*



**വിശുദ്ധ ഡൊമിനിക്**
**(1170–1221)**

പാരമ്പര്യമനുസരിച്ച്, പാഷണ്ഡതകൾക്കെതിരായ ഒരു ആയുധമായി പരിശുദ്ധ കന്യക ജപമാലയെ വിശുദ്ധ ഡൊമിനിക്കിന് ഏൽപ്പിച്ചു. രക്ഷയുടെ രഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കാനുള്ള ഉപാധിയായി അദ്ദേഹം ഇതിനെ നിരന്തരം പ്രചരിപ്പിച്ചു. ജപമാല ചൊല്ലിക്കൊണ്ട് അദ്ദേഹം ധ്യാനത്തിൽ മുഴുകുമ്പോൾ, ക്രിസ്തുവിന്റെ ജീവിതത്തിലെ ഓരോ നിമിഷവും അദ്ദേഹത്തിന് കൂടുതൽ സ്പഷ്ടമായി അനുഭവപ്പെട്ടു. ഇത് അക്കാലത്തെ പാഷണ്ഡതകളെ നേരിടാൻ അദ്ദേഹത്തെ സഹായിച്ചു. ഡൊമിനിക്കൻ സഭ സ്ഥാപിച്ചപ്പോൾ, അദ്ദേഹം തന്റെ സഹസന്യാസിമാർക്ക് ഈ പ്രാർത്ഥനയുടെ പ്രാധാന്യം പഠിപ്പിച്ചു. ജപമാലയുടെ പ്രചാരകനെന്ന നിലയിൽ വിശുദ്ധ ഡൊമിനിക്കിന്റെ പങ്ക് നിസ്തുലമാണ്. അദ്ദേഹത്തിന്റെ ഈ പ്രാർത്ഥനാരീതി, വിശ്വാസി കളുടെ ഹൃദയത്തിൽ ദൈവ ത്തോടുള്ള സ്നേഹവും മറിയ ത്തോടുള്ള ഭക്തിയും വളർത്താൻ സഹായിച്ചു.



**വിശുദ്ധ ലൂയിസ് ഡി മോൺഫോർട്ട്** (1673–1716)

തന്റെ പ്രസിദ്ധമായ 'ജപമാലയുടെ രഹസ്യം' എന്ന കൃതിയിലൂടെ അദ്ദേഹം ജപമാലയുടെ ആഴമേറിയ നിധികളെക്കുറിച്ച് വെളിപ്പെടുത്തി. വിശുദ്ധിയുടെയും ക്രിസ്തുവുമായുള്ള ഐക്യത്തിന്റെയും ഉറച്ച മാർഗ്ഗമായി ദിനംപ്രതി ജപമാല ചൊല്ലാൻ അദ്ദേഹം വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. മറിയത്തിലൂടെ യേശുവിലേക്ക് എന്നതായിരുന്നു അദ്ദേഹത്തിന്റെ ആത്മീയതയുടെ കാതൽ. ഇതിനുള്ള ഏറ്റവും മികച്ച

ഉപകരണം ജപമാലയാണെന്ന് അദ്ദേഹം പഠിപ്പിച്ചു. മറിയത്തിന്റെ കൈകളിൽ സ്വന്തം ജീവിതം സമർപ്പിച്ചുകൊണ്ട് ജപമാല ചൊല്ലുന്നവർക്ക് യേശുവിനോട് കൂടുതൽ അടുക്കാൻ കഴിയുമെന്നും, അത് എല്ലാ തിന്മകളെയും അതിജീവിക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. യേശുക്രിസ്തുവിൽ പൂർണ്ണമായി ഒന്നായിത്തീരാൻ ജപമാല നൽകുന്ന കൃപയെക്കുറിച്ച് അദ്ദേഹം തന്റെ കൃതികളിൽ ആഴത്തിൽ വിവരിക്കുന്നു.



**വിശുദ്ധ പാദ്രെ പിയോ**
**(1887–1968)**

പാദ്രെ പിയോ ജപമാലയെ തന്റെ 'ആയുധം' എന്നാണ് വിശേഷിപ്പിച്ചത്. ആത്മാക്കൾക്ക് വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും മറിയത്തിന്റെ മാധ്യസ്ഥതയിൽ ശക്തി കണ്ടെത്താനും വേണ്ടി അദ്ദേഹം ഇത് നിരന്തരം പ്രാർത്ഥിച്ചിരുന്നു. അദ്ദേഹത്തിന്റെ കയ്യിൽ എപ്പോഴും ജപമാല ഉണ്ടായിരുന്നു, അത് തനിക്കെതിരെ ഉയരുന്ന തിന്മകളെ നേരിടാനുള്ള ആത്മീയ കവചമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ജപമാലയുടെ ശക്തിയാൽ അനേകം ആളുകൾക്ക് രോഗശാന്തി ലഭിക്കുകയും, മാനസാന്തരപ്പെടുകയും ചെയ്തതിന് അദ്ദേഹത്തിന്റെ ജീവിതം സാക്ഷ്യമാണ്. ദൈവകൃപയുടെ ഒരു ചാലകമായി ജപമാലയെ അദ്ദേഹം കണ്ടു.



**വിശുദ്ധ ജോൺ പോൾ രണ്ടാമൻ**
**(1920–2005)**

'ജപമാലയുടെ മാർപാപ്പ' എന്നറിയപ്പെട്ടിരുന്ന അദ്ദേഹം, 'റൊസാരിയം വിർജിനിസ് മരിയേ' എന്ന ചാക്രികലേഖനത്തിലൂടെ പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂട്ടിച്ചേർക്കുകയും, ജപമാല ലോകത്തിന് സമാധാനം കൊണ്ടുവരുന്ന ധ്യാനാത്മകമായ പ്രാർത്ഥനയാണെന്ന് സഭയെ അനുസ്മരിപ്പിക്കുകയും ചെയ്തു. ക്രൈസ്തവ ജീവിതത്തിൽ മറിയത്തിനുണ്ടായിരുന്ന പ്രാധാന്യം അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം ദൃശ്യമായിരുന്നു. ജപമാല യഥാർത്ഥത്തിൽ ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള പ്രാർത്ഥനയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വ്യക്തിപരമായ ജീവിതത്തിലും പൊതുശുശ്രൂഷയിലും ജപമാലയെ ഒരു പ്രധാന ഉപകരണമായി കണ്ട അദ്ദേഹം, ഈ പ്രാർത്ഥന യിലൂടെ കുടുംബങ്ങളും സമൂഹങ്ങളും സമാധാനത്തിലേക്ക് നയിക്കപ്പെടുമെന്ന് പഠിപ്പിച്ചു.

**വിശുദ്ധ തെരേസ ഓഫ് കൽക്കട്ട**
**(1910–1997)**

മദർ തെരേസ എപ്പോഴും തന്റെ ജപമാല കയ്യിൽ വെച്ചിരുന്നു. മറിയത്തിലൂടെ യേശുവിനോട് അടുത്ത് നിൽക്കുന്നതിനുള്ള ഒരു മാർഗ്ഗമായി ഇത് ഉപയോഗിക്കാൻ തന്റെ സഹോദരിമാരെയും വിശ്വാസികളെയും അവർ പ്രോത്സാഹിപ്പിച്ചു. തന്റെ ജീവിതത്തിൽ നേരിട്ട പ്രതിസന്ധികളിലും, ദാരിദ്ര്യത്തിലും അവശതയിലും



കഴിഞ്ഞിരുന്ന ആളുകളുടെ ഇടയിലായിരുന്നപ്പോഴും ജപമാലയാണ് തനിക്ക് ശക്തി നൽകിയതെന്ന് അവർ പറഞ്ഞു. ജപമാല ചൊല്ലിക്കൊണ്ട് സേവനം ചെയ്യാൻ അവർ തന്റെ മിഷനറിമാർക്ക് മാതൃക നൽകി. അനേകായിരങ്ങളെ സേവിച്ച അവർക്ക്, ജപമാല എന്നത് ദൈവകൃപയുടെയും കരുണയുടെയും ഒരു ഉറവയായിരുന്നു.



**വിശുദ്ധ ബർണഡെറ്റ് സൂബിറസ്**
**(1844–1879)**

ലൂർദിൽ മാതാവ് പ്രത്യക്ഷപ്പെട്ടപ്പോൾ, അവരുടെ കയ്യിൽ ഒരു ജപമാലയുണ്ടായിരുന്നു. ബർണഡെറ്റ് തന്റെ ജീവിതകാലം മുഴുവൻ ദിവസവും ജപമാല ചൊല്ലുന്നതിൽ വിശ്വസ്തയായിരുന്നു. മാതാവിന്റെ ദർശനം ലഭിച്ചശേഷം, ആത്മീയ ജീവിതത്തിൽ ജപമാല ഒരു പ്രധാന ഭാഗമായി മാറി. കഷ്ടപ്പാടുകൾ നിറഞ്ഞ തന്റെ ജീവിതത്തിൽ, പ്രത്യേകിച്ച് രോഗങ്ങളാൽ ബുദ്ധിമുട്ടിയപ്പോൾ, ജപമാല ചൊല്ലി മാതാവിന്റെ

മാധ്യസ്ഥം തേടിയാണ് അവർ ശക്തി കണ്ടെത്തിയത്. ലൂർദ്ദിൽ മാതാവ് ജപമാല ചൊല്ലിക്കൊടുത്തത്, ഈ പ്രാർത്ഥനയുടെ പ്രാധാന്യം ലോകത്തിന് മനസ്സിലാക്കിക്കൊടുക്കാൻ കൂടിയായിരുന്നു.



**വിശുദ്ധ തെരേസ ഓഫ് ലിസ്യു (1873–1897)**

ഹൃദയത്തിൽ സ്വയമേവയുള്ള പ്രാർത്ഥനയെ ഇഷ്ടപ്പെട്ടിരുന്നെങ്കിലും, മറിയത്തിലൂടെ യേശുവിലേക്കുള്ള സ്നേഹത്തിന്റെ പാതയായി ഇതിനെ അംഗീകരിച്ചുകൊണ്ട്, തന്റെ സമൂഹത്തോടൊപ്പം അവൾ വിശ്വസ്തതയോടെ ജപമാല ചൊല്ലിയിരുന്നു. അവളുടെ ആത്മീയ പാതയിൽ, 'ചെറിയ വഴി' എന്നറിയപ്പെട്ട ഭക്തിപൂർവ്വമായ പാതയിൽ ജപമാലയ്ക്ക് ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു. ജപമാലയിലെ ഓരോ മുത്തും, യേശുവിനോടുള്ള സ്നേഹത്തിന്റെ ഒരു ചെറിയ പ്രവർത്തിയായി അവൾ കണ്ടു. ഈ പ്രാർത്ഥനയിലൂടെയാണ് അവൾ ദൈവത്തോടുള്ള പൂർണ്ണമായ ആശ്രയത്തിലും സ്നേഹത്തിലും വളർന്നത്.

**വിശുദ്ധ മാക്സിമില്യൻ കോൾബെ (1894–1941)**

'കാരുണ്യത്തിന്റെ രക്തസാക്ഷി'യായ ഇദ്ദേഹം ജപമാലയിലൂടെ മറിയത്തോടുള്ള ഭക്തി വളർത്താൻ ആവശ്യപ്പെട്ടു. ആഷ്വിറ്റ്സ് തടവറയിൽ മറ്റൊരാൾക്കുവേണ്ടി തന്റെ ജീവൻ അർപ്പിച്ച



പ്പോഴും അദ്ദേഹം അത് കയ്യിൽ വെച്ചിരുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെ, ജപമാല ഒരു രക്ഷയുടെ ആയുധമായിട്ടാണ് കണ്ടിരുന്നത്. ജപമാലയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിശ്വാസം, മരണത്തിന്റെ തടവറയിൽ പോലും ദൈവത്തെയും മറിയത്തെയും വിശ്വസിച്ച് ആശ്രയിക്കാൻ അദ്ദേഹത്തെ പഠിപ്പിച്ചു. ജപമാലയെ അടിസ്ഥാനമാക്കി അദ്ദേഹം സ്ഥാപിച്ച 'മിലീഷ്യ ഓഫ് ദി ഇമ്മാക്യുലേറ്റ്' എന്ന സംഘടന, തിന്മയ്ക്കെതിരെ പോരാടാൻ ജപമാലയുടെ ശക്തിയെക്കുറിച്ച് പഠിപ്പിച്ചു.



**വിശുദ്ധ അൽഫോൺസസ് ലിഗോരി (1696–1787)**

സഭയുടെ ഈ വേദപാരംഗതൻ, വിശുദ്ധിയിൽ വളരാനും പാപത്തെ അതിജീവിക്കാനുമുള്ള ഏറ്റവും ലളിതവും ഫലപ്രദവുമായ വഴികളിലൊന്നായി ജപമാലയെ പുകഴ്ത്തി. സാധാരണക്കാർക്ക് എളുപ്പത്തിൽ പ്രാർത്ഥിക്കാൻ കഴിയുന്ന ഒരു മാർഗ്ഗമായി അദ്ദേഹം ജപമാലയെ കണ്ടു. ജപമാല ചൊല്ലുന്നത് ദൈവമാതാവിനോടുള്ള സ്നേഹം വർദ്ധിപ്പിക്കുമെന്നും, അത് എല്ലാ പ്രയാസങ്ങളിൽ നിന്നും ആത്മാവിനെ സംരക്ഷിക്കുമെന്നും അദ്ദേഹം പഠിപ്പിച്ചു. ജപമാലയെക്കുറിച്ച് അദ്ദേഹം എഴുതിയ ലേഖനങ്ങൾ, ഈ പ്രാർത്ഥനയുടെ ശക്തിയെയും ഫലപ്രാപ്തിയെയും കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സഹായിക്കുന്നു.

**ജപമാല: സാർവത്രിക പ്രാർത്ഥന**

ഡൊമിനിക്കൻമാരെയും ഫ്രാൻസിസ്കൻമാരെയും, പരിശുദ്ധപിതാക്കന്മാരെയും രക്തസാക്ഷികളെയും, മിസ്റ്റിക്കുകളെയും മിഷനറിമാരെയും പോലുള്ള വിശുദ്ധർ ജപമാല എല്ലാവർക്കും വേണ്ടി യുള്ള പ്രാർത്ഥനയാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. അത് ഒരേസമയം വിനീതവും അഗാധവുമാണ്. ഭൂമിയെ സ്വർഗ്ഗവുമായി ബന്ധിപ്പിക്കുന്ന മുത്തുകളുടെ ഒരു കണ്ണിയും, ഹൃദയത്തിൽ പ്രാർത്ഥിക്കുന്ന ഒരു സുവിശേഷവുമാണ് ജപമാല. മറിയത്തിന്റെ കണ്ണുകളിലൂടെ ക്രിസ്തുവിന്റെ ജീവിതം കാണാനുള്ള ഒരു വഴി.

**വിശുദ്ധ ജോൺ പോൾ രണ്ടാമൻ ഒരിക്കൽ പറഞ്ഞതുപോലെ, ജപമാല 'വലിയ പ്രാധാന്യമുള്ള ഒരു പ്രാർത്ഥനയാണ്, അത് വിശുദ്ധിയുടെ വിളവെടുപ്പ് പുറത്തുകൊണ്ടുവരാൻ ലക്ഷ്യമിട്ടതാണ്.' വിശുദ്ധന്മാർക്ക് ജപമാല യിൽ ശക്തിയും ധൈര്യവും സന്തോഷവും ലഭിച്ചെങ്കിൽ, നമുക്കും അത് ലഭിക്കും. നമ്മുടെ അധരങ്ങൾ കൊണ്ടുമാത്രമല്ല, നമ്മുടെ ഹൃദയം കൊണ്ടും ദിനംപ്രതി അത് ഏറ്റെടുക്കാൻ നമുക്ക് ശ്രമിക്കാം.** അങ്ങനെ നാമും മറിയത്തിലൂടെ യേശുവി ന്റെ ആലിംഗനത്തിലേക്ക്, മുത്തു കൾ തോറും നയിക്കപ്പെടാം. ജപമാല, കേവലം ഒരു പ്രാർത്ഥന എന്നതിലുപരി, അത് ഒരു ജീവിതരീതിയാണ്; ദൈവത്തിലേക്കുള്ള വഴിയിൽ മറിയം നമ്മെ കൈപിടിച്ച് നടത്തുന്ന ഒരു അനുഭവമാണത്.

# വിശുദ്ധ കൊച്ചുത്രേസ്യായുടെ കുറുക്കുവഴി



ഫാ. ടൈറ്റസ്
കാരിക്കശ്ശേരി, ഒ.സി.ഡി.



ലിസ്യൂവിലെ വിശുദ്ധ തെരേസയെക്കുറിച്ച് കേട്ടിട്ടില്ലാത്ത ഒരു കത്തോലിക്കാ വിശ്വാസിയെ കണ്ടെത്താൻ നിങ്ങൾക്ക് കഴിയുമോ. വി.പത്താം പിയൂസ് പാപ്പാ അവളെ 'ആധുനിക കാലത്തെ ഏറ്റവും വലിയ വിശുദ്ധ' എന്ന് വിളിച്ചു. കുഞ്ഞുന്നാൾമുതലേ കേൾക്കുന്ന പേരാണ് കൊച്ചുത്രേസ്യ, പക്ഷേ കർമലീത്താ ആശ്രമത്തിന്റെ ആവൃതിക്കുള്ളിൽ അവളുടെ ബാല്യകാലത്തെക്കുറിച്ച് വായിക്കുമ്പോളാണ് കുഞ്ഞുവഴിയുടെ കുഞ്ഞുരചയിതാവിനെ ശരിക്കും അറിയാനും അവളെയോർത്ത് അഭിമാനിക്കാനും കഴിഞ്ഞത്.

തെരേസ ഒരു വിശുദ്ധയായി ജനിച്ചവളല്ല, പക്ഷേ വിശുദ്ധീകരണ വഴികൾ അതിശയകരമായ വേഗതയിൽ ചലിക്കുന്ന ഒരു കുടുംബത്തിലാണ് അവൾ ജനിച്ചത്. തകർന്നതും എന്നാൽ സ്നേഹത്തിൽ നിർവചിക്കപ്പെട്ടതുമായ ഒരു കുടുംബത്തിലാണ് വളർന്നത്.

തെരേസയുടെ ആത്മീയത രൂപപ്പെടുന്നത് നഷ്ടത്തിലൂടെയാണ്. അവളുടെ ബാല്യകാല ജീവിതചിത്രം ഇപ്രകാരമായിരുന്നു: ബന്ധം, നഷ്ടം, വിലാപം, സുഖപ്പെടുത്തൽ, വീണ്ടും അടുക്കൽ, വീണ്ടും നഷ്ടപ്പെടൽ. നാലു വയസ്സുള്ളപ്പോൾ അമ്മയെ നഷ്ടപ്പെട്ടതുമുതൽ അതിനുമുമ്പ്, അവളുടെ ശൈശവത്തിന്റെ ഭൂരിഭാഗവും ഒരു നഴ്സിന്റെ പരിചരണം ആവശ്യമായി വന്നതു തെരേസയ്ക്ക് വിനാശകരമായ നിരവധി പ്രഹരങ്ങൾ നേരിടേണ്ടിവന്നു, അവയിൽ ഓരോന്നും അവളുടെ ജീവിതത്തെ അഴിച്ചുപണിയുകയോ അസ്വസ്ഥയാക്കുകയോ ചെയ്യുമായിരുന്നു. പക്ഷേ അവൾ അപ്രകാരം രൂപപ്പെട്ടില്ല. അല്ലെങ്കിൽ, അവൾ സ്വയം അതിന് അനുവദിച്ചില്ല. തെരേസയ്ക്ക് അവളുടെ സാഹചര്യങ്ങളെയോ, മോശം ആരോഗ്യത്തെയോ, വിഷാദത്തിലേക്കുള്ള അവളുടെ പ്രവണതയെയോ നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിലും, തന്നെ തന്നെ സ്വയം നിയന്ത്രിക്കാൻ അവൾക്കു കഴിഞ്ഞു. സ്വയംനിയന്ത്രണവും സാഹചര്യങ്ങളെക്കുറിച്ചുള്ള അവബോധവും അവളുടെ

മുഴുവൻ ആത്മീയതയുടെയും വാതായനങ്ങൾ തുറക്കുന്ന താക്കോലായി മാറി. കൊച്ചു കൊച്ചു തിരഞ്ഞെടുപ്പുകളിലും കൊച്ചു കൊച്ചു നിമിഷങ്ങളിലും, മണിക്കൂറുകൾ തോറും, ദിവസം തോറും പരിശീലിച്ച അവളുടെ കൊച്ചു വഴി, സ്വർഗ്ഗത്തിന്റെ അനുഗ്രഹത്തിന്റെ ഭണ്ഡാരം തുറന്നു.

അവളുടെ ബാല്യകാല നിഷ്കളങ്കതയും, സമർപ്പിതരും ഭക്തരുമായ കുടുംബവും അവളെ സംരക്ഷി ക്കുകയായിരുന്നു. ഗുരുതരമായ തെറ്റുകൾ വരുത്താൻ പോലും പ്രായമാകാത്ത പ്രായത്തിൽ, കാർമലിൽ പ്രവേശിച്ചു. അവിടെ യഥാർത്ഥ പ്രലോഭനങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും സുരക്ഷിതമായി സംരക്ഷിക്കപ്പെട്ട അവൾ, പത്ത് വർഷങ്ങൾക്കു ശേഷം ഭൂമിയിലേക്ക് റോസാപുഷ്പങ്ങൾ വിതറുവാൻ സ്വർഗത്തിലേക്ക് പോയി. എന്റെ അറിവില്ലായ്മയുടെ അറിവായിരുന്നു അത്.

പക്ഷേ എനിക്ക് തെറ്റി. തന്റെ മേലധികാരികളുടെ നിർബന്ധപ്രകാരം എഴുതിയ 'ഒരു ആത്മാവി ന്റെ കഥ' എന്ന ആത്മകഥയിൽ, കൊച്ചുത്രേസ്യാ എന്നെ അവളുടെ ആത്മീയ വികാസത്തിന്റെ ഘട്ടങ്ങളിലൂടെ നയിച്ചു. കോപവും പിടിവാശിയും കൃത്രിമത്വവുമുള്ള കുട്ടിയിൽ നിന്നും, വൈകാരികമായ കൗമാരപ്രായത്തിൽ നിന്നും, തന്നെ അലോസരപ്പെടുത്തുന്ന ജോലിക്കാരുടെ നടുവിൽ നിന്നും ഒരു സാധാരണക്കാരിയിലേക്കുള്ള വളർച്ച അസാധാരണമായിരുന്നു. അവൾ ഒരു സാധാരണ ക്കാരിയായിരുന്നു. അവൾ അങ്ങനെയായിരുന്നു! അവൾ സാധാരണ ജീവിതത്തിലെ സാഹചര്യങ്ങൾ അസാധാരണമായി ജീവിച്ചു. അതായിരുന്നു അവളുടെ കുഞ്ഞു-കുറുക്കുവഴി. സ്നേഹ നിധികളായ മാതാപിതാക്കളും സഹോദരങ്ങളും അവൾക്ക് നൽകിയ സ്വാഭാവിക കൃപകൾ തീർച്ചയായും അവൾക്കുണ്ടായിരുന്നു, പക്ഷേ അവൾ മിക്കവാറും ഒരു സാധാരണ പെൺകുട്ടിയായിരുന്നു. അവളുടെ സാഹചര്യങ്ങളോടുള്ള അവളുടെ പ്രതികരണമാണ് അവളെ അസാധാരണയായി വേർതിരിച്ചത്. അവളുടെ സാഹചര്യങ്ങളോടുള്ള പ്രതികരണം സ്ഥിരതയുള്ളതായിരുന്നു: അവൻ വളരണം, ഞാൻ കുറയണം.


വി. തെരേസ നമ്മോടു പദേശിക്കുന്നത് (1) ഒരു കുട്ടിയായിരിക്കുക. (2) ഒരു കുഞ്ഞിനെപ്പോലെ ദൈവത്തെ സമീപിക്കുക. പൂർണ്ണമായും അവനിൽ ആശ്രയിക്കുക. തുടർന്ന് ഓരോ സാഹചര്യവും, ഓരോ ചെറിയ അസൗകര്യവും, ഒരാളുടെ സഹോദരനെയോ അയൽക്കാരനെയോ വൃദ്ധനായ പിതാവിനെയോ സേവിക്കാനുള്ള ഓരോ അവസരമായും ദൈവത്തിൽ നിന്നുള്ളതും നേരിട്ടുള്ളതും നിഷേധിക്കാനാവാത്തതുമായ ക്ഷണമായി സ്വീകരിക്കുക. നിന്റെ സ്വാതന്ത്ര്യം ദൈവത്തിൽ കണ്ടെത്തുക. നിന്റെ ഏറ്റവും വലിയ നിധി ദൈവം മാത്രമാണെന്ന് അംഗീകരിക്കുക. അത്രമാത്രം.

*തികച്ചും പുതിയൊരു വഴിയിലൂടെ സ്വർഗ്ഗത്തിലേക്ക് പോകാൻ അവൾ ആഗ്രഹിച്ചു. "എന്നെ യേശുവിലേക്ക് ഉയർത്തുന്ന ഒരു ലിഫ്റ്റ് കണ്ടെത്താൻ ഞാൻ ആഗ്രഹിച്ചു." ആ ലിഫ്റ്റ്, അവളുടെ എല്ലാ കുറവുകളിലും ഇല്ലായ്മയിലും അവളെ ഉയർത്തുന്ന യേശുവിന്റെ കൈകളായിരിക്കുമെന്ന് അവൾ എഴുതി.*

അങ്ങനെ തെരേസ തന്റെ നിസ്സാരതയെ ആഘോഷിച്ചു. ഭവനത്തിൽ എന്തെങ്കിലും കുറവുള്ളതോ അപമാനകരമോ ആയ ജോലി ചെയ്യേണ്ടിവന്നാൽ, അവൾ സന്നദ്ധയായിരുന്നു. പ്രാർത്ഥനയ്ക്കായ് പ്രവേശിക്കുമ്പോൾ പ്രത്യേകിച്ച് അസ്വസ്ഥതയുണ്ടാക്കുന്ന ഒരു സമൂഹാംഗം ചാപ്പലിൽ ഇരിക്കുന്നത് കണ്ടാൽ, അവൾ അതിനെതിരായുള്ള നിസ്സാരവഴികളും കണ്ടെത്തിയിരുന്നു. അവൾ തന്റെ ജീവിതത്തിന്റെ അസംസ്കൃത സാഹചര്യങ്ങളും അവളുടെ നിസ്സാരമായ ദൈനംദിന അനുഭവങ്ങളും എടുത്ത് അസാധാരണമായ ഒന്നാക്കി. **അവളുടെ കുടുംബ വീടിന്റെ നാല് ചുവരുകൾക്കും, പിന്നീട്, അവളുടെ കർമലീത്താ മഠത്തിന്റെ അടച്ചിട്ട മതിലുകൾക്കും ഉള്ളിലിരുന്ന് അവൾ ലോകം മുഴുവനെയും സ്നേഹിച്ചു. അവൾ ലോകം ചുറ്റി സഞ്ചരിച്ചില്ല, ഉയർന്ന അധികാരമുള്ള ജോലി വഹിച്ചില്ല, അവൾ വിവാഹം കഴിച്ചില്ല. അനുദിന ജീവിതത്തിൽ, സാധാരണസാഹചര്യങ്ങളിൽ, ദൈവക്ഷണം സ്വീകരിച്ച് നിസ്സാരതയിലൂടെ അവൾ സ്വർഗത്തിലേക്കുള്ള വഴി തുറന്നു.**

ദൈവം അവൾക്കായി നിശ്ചയിച്ച ജീവിതത്തിൽ നിന്ന് അവൾ പിന്തിരിഞ്ഞില്ല, അവനെ കുറ്റപ്പെടുത്തിക്കൊണ്ട് നോക്കുകയോ, സംസാരിക്കുകയോ വ്യത്യസ്തമായ നിബന്ധനകൾ ആവശ്യപ്പെടുകയോ ചെയ്തില്ല. തന്റെ ജീവൻ നഷ്ടപ്പെടണമെന്ന് അവൾ ആഗ്രഹിച്ചില്ല, തനിക്ക് നേരിടേണ്ടി വന്ന ഭയാനകമായ സാഹചര്യങ്ങളെക്കുറിച്ച് പരാതിപ്പെട്ടില്ല: മോശം ആരോഗ്യം, അമ്മയുടെ മരണം, പിതാവിന്റെ രോഗാവസ്ഥയും മരണവും സഹോദരങ്ങളുടെ മരണം, അമിതമായ സെൻസിറ്റീവ് സ്വഭാവം.... അവൾക്ക് അതിൽ മുഴുകാമായിരുന്നു, പകരം, യേശു അവൾക്ക് നൽകാൻ ആഗ്രഹിച്ച കൃപയ്ക്ക് അവൾ സ്വയം തുറന്നുകൊടുത്തു, ലോകത്തെ മാറ്റിമറിച്ചു. ഒരു ബെസ്റ്റ് സെല്ലർ പോലും എഴുതാതെ, പ്രമുഖ പദവി വഹിക്കാതെ, ലോകത്തിന്റെ ഒരളവിലും വിജയമില്ലാത്ത, എന്നാൽ അവളുടെ അവസാന വാക്കുകൾ 'എന്റെ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്നായിരുന്നു. അവളുടെ വിളി അവൾ തിരിച്ചറിഞ്ഞു. അത് സ്നേഹം മാത്രമായിരുന്നു. സാധാരണമായവ അസാധാരണമായ് ചെയ്യുക എന്നതായിരുന്നു അതിന്റെ കുറുക്കുവഴി.

# വൃദ്ധി പ്രാപിച്ചവർക്കായി



**ജയ്സൺ ടി. ജോൺ**

**ഒക്ടോബർ 1 ലോക വയോജന ദിനമാണ്. വൃദ്ധരായവർ ലോകത്തിന്റെ പ്രകാശവും കുടുംബത്തിന്റെ ശക്തിയുമാണ്. ഈ യാഥാർത്ഥ്യത്തിലേക്ക് വിരൽചൂണ്ടുന്ന ലേഖനം.**



എഴുപത്തി നാലു വയസ്സു പിന്നിട്ട അഭിനേതാവിന്റെ തിരിച്ചുവരവിനായി ഭൂമി മലയാളം കാത്തിരിക്കുകയാണ്; വീരപൗരുഷം വെള്ളിത്തിരയിൽ വീണ്ടും ആഘോഷിക്കാൻ.

ഇതേ നാടിനെ നയിക്കാൻ ജനം ആവർത്തിച്ച് ഭരണമേൽപ്പിച്ചത് ഒരു 75 കാരനെയായിരുന്നു എന്നോർക്കണം.

പ്രതിപക്ഷമുന്നണിയിലെ തലമുറമാറ്റം ഫലം കണ്ടത് 74 കാരനെ കെപിസിസി അദ്ധ്യക്ഷ പദത്തിലെത്തിച്ചപ്പോഴാണ്. വൃദ്ധർ എന്നാൽ വയസ്സ് അധികരിച്ചവരല്ല, വൃദ്ധി അഥവാ ഉയർച്ച പ്രാപിച്ചവരാണെന്നതിന് സാക്ഷ്യങ്ങൾ അനവധി.

മനുഷ്യവിഭവം സമ്പന്നമാവുന്നത് അറിവിലൂടെയാണ്. അങ്ങനെയെങ്കിൽ അമൂല്യമായ മനുഷ്യശേഷി മുതിർന്നവരിലാണെന്ന് സമ്മതിക്കേണ്ടിവരും. ആധുനിക കാലത്ത് പല വിദേശ കമ്പനികളും വൃദ്ധരെ തൊഴിലാളികളായി സ്വീകരിക്കുന്നത് ഔദാര്യം കൊണ്ടല്ല, സാഹചര്യങ്ങളുടെ അനിവാര്യത കൊണ്ടാണ്.

മുതിർന്ന പൗരന്മാർ ജോലിയിൽ പുലർത്തുന്ന കൃത്യതയും സ്ഥിരതയും ആത്മാർത്ഥതയും പരിഗണിച്ച് റിട്ടയർമെന്റ് പ്രായത്തിന് നിബന്ധന വേണ്ടെന്ന് തീരുമാനിച്ചത് ജാപ്പനീസ് കമ്പനികളാണ്. ടൊയോട്ടയിലെ വിരമിക്കൽ പ്രായം 60 ആണെങ്കിലും 70 വയസ്സുവരെ തുടരാൻ അവർ തൊഴിലാളികൾക്ക് പ്രത്യേക അനുമതി നൽകിത്തുടങ്ങി. പാനസോണിക് കമ്പനി പൂർവ്വ തൊഴിലാളികളുടെ ലിസ്റ്റ് പ്രസിദ്ധം ചെയ്ത് അതിൽ അനാരോഗ്യം അലട്ടാത്തവർക്ക് തിരികെ ജോലിയിൽ പ്രവേശിക്കാൻ അവസരം നൽകുന്നു. 2024 ൽ മിഡിൽ ആൻഡ് സീനിയർ പാർട്ണർഷിപ്പ് എന്ന് ഈ പദ്ധതിക്ക് പേരും നൽകി. ഉത്തരയൂറോപ്യൻ രാജ്യങ്ങളിലെ സ്ഥാപനങ്ങൾ ഒരു പടികൂടി കടന്ന് താൽപര്യമുള്ള തൊഴിലാളികൾക്ക് 80 വയസ്സുവരെ ജോലിയിൽ തുടരാൻ സാഹചര്യമൊരുക്കുന്നു. ലോക സന്തോഷ സൂചികയിൽ (Happy Index) മുൻനിരക്കാരാണ് ഈ രാജ്യങ്ങൾ എന്നോർക്കണം.

നമ്മുടെ സംസ്ഥാനത്ത് ചില പൊതുമേഖലാ സ്ഥാപനങ്ങൾ വിരമിച്ച തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ ജോലിക്കെടുത്തെങ്കിലും ട്രേഡ് യൂണിയനുകളുടെ സമ്മർദ്ദം മൂലം ആ തീരുമാനം പിൻവലിച്ചു. എന്നാൽ ഈ സ്ഥാപനങ്ങൾ റിട്ടയർമെന്റ് പ്രായം താമസംവിനാ വർദ്ധിപ്പിച്ചു എന്നതു മറ്റൊരു വൈരുധ്യം. വില കൂടിയ യന്ത്രങ്ങൾ കൈകാര്യം ചെയ്യുന്നതിനു പുതുതലമുറക്കാർക്കുള്ള അശ്രദ്ധ പല കാരണങ്ങളിൽ ഒന്നാണ്.

മനുഷ്യകോശത്തിലെ ക്രോമസോമുകളുടെ അഗ്രങ്ങളെ പൊതിയുന്ന ടെലോമീയറുകളുടെ (Telomore) നീളവും ആയുർദൈർഘ്യവും നേർ അനുപാതത്തിലാണത്രെ! ടെലോമിയറുകൾ ചുരുങ്ങുന്നതനുസരിച്ച് കോശങ്ങൾക്ക് പ്രായം കൂടുന്നു. ഈ ഉപജ്ഞാനത്തിന് 2009 ലെ വൈദ്യശാസ്ത്ര നൊബേൽ സമ്മാനവും ലഭിച്ചു. അർബുദ ചികിത്സയിലും ടെലോമിയറുകളുടെ ദൈർഘ്യം സംബന്ധിച്ച പഠനം ഏറെ ഗുണകരമായെന്ന് വൈദ്യശാസ്ത്രം അംഗീകരിച്ചു.

ചിട്ടയായ ജീവിതചര്യയും മാനസിക സമ്മർദ്ദത്തിന്റെ അഭാവവും ടെലോമീയർ ദൈർഘ്യം വർധിപ്പിക്കുന്ന ഘടകങ്ങളാണ്. അതിനാൽതന്നെ, അമേരിക്കയിലെ നാഷണൽ ലൈബ്രറി ഓഫ് മെഡിസിൻ പ്രസിദ്ധീകരിച്ച ഒരു വസ്തുത അവഗണിക്കാനാവില്ല. ആത്മീയതയും ടെലോമിയർ ദൈർഘ്യവും ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ആ യാഥാർത്ഥ്യം.

## ചിന്താകവിത; കവിതാ ചിന്ത

### *മൈൻഡ് ദാറ്റ്!*

മേലാപ്പീസിൽ നിന്ന് പരിശോധ നയ്ക്കെത്തിയ തമിഴൻ ചീഫ് അക്കൗണ്ടന്റ് ബ്രാഞ്ചുമാനേജർക്ക് ഒരു മയവുമില്ലാതെ കടുത്ത ഭാഷ യിൽ മുന്നറിയിപ്പു നല്കി: അക്കൗണ്ട്സ് ഒട്ടും സിസ്റ്റമാറ്റിക്ക ല്ല. അടിമുടി എറേഴ്സ്! എല്ലാം കുളമാക്കിയിരിക്കുന്നു. ഈ ജോലിക്ക് താൻ ഒട്ടും യോഗ്യനല്ല. യു ആർ ക്വയ്റ്റ് അൺഫിറ്റ്. പക്ഷേ, തനിക്ക് ഞാൻ ഒരവസരം കൂടി തരാം. ലാസ്റ്റ് ആൻഡ് ഫൈനൽ ചാൻസ്. രണ്ടു ദിവസ ത്തിനുള്ളിൽ ഞാൻ വീണ്ടും വരും. അന്ന് എല്ലാം ഓക്കേയാക്ക ണം. ഇല്ലെങ്കിൽ വിവരം മാനേ ജ്മെന്റിനെ അറിയിച്ച് തന്നെ ഡിസ്മിസ് ചെയ്യിക്കും. ഒരു വിട്ടു വീഴ്ചയുമില്ല. മൈൻഡ് ഇറ്റ്!

സംസാരിച്ചുനിന്ന് സമയം പോയി രിക്കുന്നു. എത്രയും വേഗം റെയിൽവേ സ്റ്റേഷനിലെത്തണം. ട്രെയിൻ മിസ്സായാൽ ആകെ കുഴ ങ്ങും. കമ്പനി വണ്ടിയിലിരിക്കേ, ചീഫ് അക്കൗണ്ടന്റ് ഡ്രൈവറോടു പറഞ്ഞു: വേഗം വിടണം മിസ്റ്റർ. ട്രെയിൻ മിസ്സായാൽ എല്ലാം തുല ഞ്ഞു. എനിക്കിന്നു തന്നെ പോയേ പറ്റൂ. മൈൻഡ് ഇറ്റ്!

അതേ അരൂപിയോടെ ഡ്രൈവറും പറഞ്ഞു. സാറിനെ ആ വണ്ടി യിൽത്തന്നെ കയറ്റി വിട്ടേ പറ്റൂ എന്നും ആ ഏടാകൂടത്തെ എത്രയും വേഗം ഇവിടന്നു കളയ ണമെന്നുമാ, എന്നോട് മാനേജർ സാർ പറഞ്ഞത്. ട്രെയിനിൽ കയ റ്റാതെ എങ്ങാനും തിരിച്ചുകൊണ്ടു പോന്നാൽ, എന്നെ ഡിസ്മിസ് ചെയ്യുമെന്നും ഒരു വിട്ടുവീഴ്ചയു മില്ലെന്നും മൈൻഡ് ഇറ്റ് എന്നും പറഞ്ഞിട്ടുണ്ട്. എന്താ, സാറേ ഈ മൈൻഡ് ഇറ്റ്?

എന്നാറേ, തമിഴൻ ചീഫ് അക്കൗ ണ്ടന്റ് സ്വയം പറഞ്ഞു: മൈൻഡ് ദാറ്റ്! അവൻ എനിക്കിട്ട് ഒന്നു വച്ചതാ! മൈൻഡ് ദാറ്റ്!

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# ഡിജിറ്റൽ വിശുദ്ധന്റെ ജ്വാല





**സുമിൻ ജോയ്**

ഹോ കാർലോ, സ്വർഗ്ഗത്തിന്റെ പുത്രാ,
യൗവനത്തിന്റെ ദീപ്തി തെളിയിച്ച ജ്യോതി സൂര്യാ.
ലോകത്തിന്റെ തിരക്കിൽ ധർമ്മം നിറഞ്ഞ
ക്രൂശിന്റെ വഴിയിൽ ദൈവസ്നേഹത്തിലൂന്നിയ
ഭൂമിയിലെ ചുവടുകൾ സ്വർഗ്ഗത്തിന്റെ വഴി കാട്ടിയായി.


ഡിജിറ്റൽ ലോകം വിശ്വാസത്തിന്റെ തീർത്ഥമായി,
ക്ലിക്കുകളുടെ നടുവിൽ പ്രാർത്ഥന വിരിഞ്ഞു.
മേഘലരേഖകളിൽ കോഡിന്റെ താളങ്ങളിൽ,
ക്രിസ്തുവിന്റെ മധുരം നിറഞ്ഞൊഴുകി..

യൂക്കറിസ്റ്റിന്റെ മാധുര്യത്തിൽ മുങ്ങി,
ജീവിതത്തെ ദൈവത്തിന് സമർപ്പിച്ചു നീ.
ചെറുപ്രായത്തിന്റെ മുകുളത്തിൽ തന്നെ
വിശുദ്ധിയും ധൈര്യവും തെളിഞ്ഞ് വിരിഞ്ഞു.

ദൈവസ്നേഹത്തിന്റെ വിത്തായി നീ,
യുവഹൃദയങ്ങൾ പ്രചോദിപ്പിക്കുന്ന തീപ്പന്തമായ്.
വേദനയുടെ കടലിൽ വിശ്വാസം തെളിച്ച്,
മരണത്തിന്റെ കവാടം താണ്ടി മഹത്വം നിറച്ചു നീ.

ഇന്നു ലോകം നിന്നെക്കുറിച്ച് പാടി,
സ്വർഗ്ഗവും ഭൂമിയും ഒരുമിച്ചു വാഴ്ത്തി.
ഹോ കാർലോ, യുവ വിശുദ്ധാ,
ചെറുപ്രാണങ്ങളിൽ വിശ്വാസത്തിന്റെ തീ തെളിയിക്കാൻ
ഹൃദയനിവാസം നീ കരുണയാൽ മൂടിടു..
നിന്റെ വിശുദ്ധ ജീവിതം, യുവഹൃദയങ്ങളിൽ തെളിയുന്ന
മാർഗ്ഗദീപമാകട്ടെ.

# കേളന്തറ പിതാവ്-വിദ്യാഭ്യാസത്തിൽ ഒന്നാമൻ ഉയർന്ന ചിന്തയിലും



**ഫാ. ആന്റണി ചെറിയകടവിൽ**

*വരാപ്പുഴ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്തയായ അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവ് മൺമറഞ്ഞിട്ട് 2025 ഒക്ടോബർ 19ന്, 39 വർഷം തികയുകയാണ്. പിതാവിന്റെ ധന്യമായ ഓർമ്മകൾക്ക് മുമ്പിൽ ശിരസ്സു നമിക്കാം.*



1918 ജനുവരി 19-ാം തീയതി, പനങ്ങാട് കേളന്തറ റൈമണ്ടിന്റേയും ആഗസിന്റേയും മകനായി പിറന്ന ജോസഫ്, പനങ്ങാടും എറണാകുളത്തുമായി, പ്രാഥമിക-ഹൈസ്ക്കൂൾ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. പഠനത്തിൽ അസാധാരണ മിടുക്കു കാണിച്ച ബ്രദർ ജോസഫിനെ 1936 ൽ ഉപരിപഠനത്തിനായി തൃശ്നാപ്പിള്ളി കോളേജിൽ പറഞ്ഞയച്ചു. ഒന്നാം റാങ്കോടെ ബിഎസ്സി ബിരുദം കരസ്ഥമാക്കിയ ബ്രദർ 1942 മുതൽ മംഗലപ്പുഴ സെമിനാരിയിൽ തത്ത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പ്രശംസമാംവിധം പൂർത്തിയാക്കി. 1949 ൽ ഡോ. അട്ടിപ്പേറ്റി പിതാവിൽ നിന്നും ബ്രദർ ജോസഫ് തിരുപ്പട്ടം സ്വീകരിച്ചു. ഫാദർ ജോസഫ് കേളന്തറ ചാത്ത്യാത്ത് ഇടവക സഹവികാരിയായും, തുടർന്ന് മൈനർ സെമിനാരി റെക്ടറുമായി സേവനം ചെയ്തു.

**ഉന്നതവിദ്യാഭ്യാസത്തിന് റോമിലേയ്ക്ക്**

വിദ്യാഭ്യാസ മേഖലയിൽ അസാമാന്യ താല്പര്യം കാണിച്ച ജോസഫ് കേളന്തറ, ജോസഫ് അട്ടിപ്പേറ്റി പിതാവ് ഉപരിപഠനത്തിനായ് റോമിലേക്കയച്ചു. റോമിലെത്തിയ ജോസഫച്ചൻ, മികച്ച മാർക്കോടെ കാനോൻ നിയമത്തിലും സാമൂഹ്യശാസ്ത്രത്തിലും ഡോക്ടറേറ്റ് ബിരുദങ്ങൾ നേടി. റോമിൽനിന്നും തിരിച്ചെത്തിയ ഡോ. ജോസഫ് കേളന്തറ ഡോ. ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ സെക്രട്ടറിയായി നിയമിക്കപ്പെട്ടു.

**ഉപരിപഠനത്തിനായി അമേരിക്കയിലേയ്ക്ക്**

1961 ൽ അമേരിക്കയിലെത്തി ഡോ. കേളന്തറ ഇംഗ്ലീഷ് സാഹിത്യത്തിലും വിദ്യാഭ്യാസശാസ്ത്രത്തിലും ഉയർന്ന മാർക്കോടെ മാസ്റ്റേഴ്സ് ബിരുദങ്ങൾ കരസ്ഥമാക്കി.

**വിദ്യാഭ്യാസ മേഖലയിലെ സേവനം**

കേരളസഭയിൽതന്നെ ഏറ്റവും കൂടുതൽ ബിരുദങ്ങൾ സമ്പാദിച്ച വൈദികനായി വളർന്ന ഡോ. ജോസഫ് കേളന്തറ, 1966 ൽ സെന്റ് ആൽബർട്ട് കോളേജിൽ ഇംഗ്ലീഷ് പ്രൊഫസറായി നിയമിതനായി. 1968 ൽ മംഗലപ്പുഴ സെമിനാരിയിൽ, ദൈവശാസ്ത്ര-കാനൻ നിയമ അദ്ധ്യാപകനായി. നേതൃപാഠവവും ജീവിതവിശുദ്ധിയും തിരിച്ചറിഞ്ഞ അധികാരികൾ, ഡോ. ജോസഫ് കേളന്തറയെ, മംഗലപ്പുഴ സെമിനാരി വൈസ് റെക്ടറായി നിയമിച്ചു. 1971 ൽ പോൾ ആറാമൻ പാപ്പ, വൈസ് റെക്ടർ ഡോ. ജോസഫ് കേളന്തറയെ വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ്പായി ഉയർത്തി. അങ്ങിനെ, ഡോ. ജോസഫ് കേളന്തറ ലോകത്തിലെ ഏറ്റവും കൂടുതൽ വിദ്യാഭ്യാസ ബിരുദങ്ങ

ളുള്ള മെത്രാപ്പോലീത്തയുമായി.

**വികസനത്തെ പ്രോത്സാഹിപ്പിച്ചവൻ**

കപ്പലുകൾ നിർമ്മിക്കുവാൻ വേണ്ടി ഇന്ത്യാ സർക്കാർ പെരുമാനൂർ ഭാഗത്ത് 170 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചു. വളരെ ജോലിസാധ്യതയുള്ള ഈ പദ്ധതിക്ക് അഭിവന്ദ്യ കേളന്തറ പിതാവ് എതിരല്ലായിരുന്നു. 1674 ൽ സ്ഥാപിച്ച വരവുകാട്ട് വ്യാകുലമാതാവിന്റെ പള്ളിയും സെമിത്തേരിയും പദ്ധതി നടപ്പിലാക്കാൻ മാറ്റി സ്ഥാപിക്കാൻ പിതാവ് സഹകരിച്ചു.

**അത്മായരെ വളർത്തിയവൻ**

അൽമായരെ പ്രത്യേകിച്ച് യുവജനങ്ങളെ വളർത്തിയെടുക്കാൻ അഭിവന്ദ്യ പിതാവ് വളരെ ശ്രമിച്ചിട്ടുണ്ട്. കോളേജുകളിൽ അത്മായരെ പ്രിൻസിപ്പൽമാരായി നിയമിച്ചു. അവരുടെ വളർച്ചയ്ക്കായ് കാത്തലിക് യൂത്ത് മൂവ്മെന്റ്, കാത്തലിക് അസ്സോസിയേഷൻ മുതലായ സംഘടനകൾ ആരംഭിക്കുകയും, അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**കഴിവുറ്റ സംഘാടകൻ**

1972 ൽ ദർബാർ ഹാളിൽവച്ച് നടത്തിയ. വി. തോമസ് അപ്പോസ്തലന്റെ രക്തസാക്ഷിത്വത്തിന്റെ 19-ാം ശതാബ്ദി ആഘോഷസമാപന സമ്മേളനവും, 1980-ൽ എറണാകുളത്തു വച്ചു നടത്തിയ അഖിലേന്ത്യാ ദൈവവിളി പ്രദർശനവും, 1986 ൽ നടന്ന ജോൺപോൾ രണ്ടാമൻ പാപ്പയുടെ, വരാപ്പുഴ അതിരൂപത സന്ദർശനവും 1986 -ൽ നടന്ന, അതിരൂപത ശതാബ്ദി ആഘോഷവും അഭിവന്ദ്യ പിതാവിന്റെ നേതൃത്വം നൽകുവാനും സംഘടിപ്പിക്കാനുമുള്ള അതുല്യ കഴിവുകളുടെ പ്രകടനം തന്നെയാണ്. എല്ലാ ദിക്കുകളിൽ നിന്നും പ്രശംസകളുടെ കൈയ്യടികളാണ് ഉയർന്നത്. 1984-ൽ നടന്ന മത്സ്യത്തൊഴിലാളികളുടെ സമരം ഒത്തുതീർപ്പാക്കിയത്, എല്ലാവരെയും കേൾക്കാനും വസ്തുനിഷ്ഠമായി തീരുമാനമെടുക്കാനുമുള്ള പിതാവിന്റെ കഴിവിന്റെ ഫലം തന്നെയാണ്.

1976 ൽ ആധുനിക സൗകര്യങ്ങളോടെ ലൂർദ്ദ് ആശുപത്രി പിതാവിന്റെ കാലത്താണ് ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഉദ്ഘാടനം ചെയ്തത്. 1976-ൽ സെന്റ് പോൾസ് കോളേജ് അപ്ഗ്രേഡ് ചെയ്യുവാൻ അഭിവന്ദ്യ കേളന്തറ പിതാവ് ഒത്തിരി പ്രയത്നിക്കുകയുണ്ടായി. 1977-ൽ വിദ്യാഭ്യാസ സ്നേഹിയായ ഫാ. ഫ്രാൻസിസ് കണ്ണിക്കൽ എറണാകുളത്ത് വിദ്യാനികേതൻ എന്ന വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചത് കേളന്തറ പിതാവിന്റെ പ്രോത്സാഹന ഫലമായാണ്. 1979-ൽ അതിരൂപത കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി സ്ഥാപിച്ചുകൊണ്ട് അതിരൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ചു.

**ദേവാലയസംഗീതം**

സംഗീതത്തേയും ദേവാലയസംഗീതത്തേയും പ്രോത്സാഹിപ്പിക്കുവാൻ 1975-ൽ കൊച്ചിൻ ആർട്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് സ്ഥാപിച്ചു. 1982-ൽ ദിവ്യപൂജാ ഗാനങ്ങൾ പ്രസിദ്ധീകരിച്ചു. സിനിമാരംഗത്തും ദേവാലയസംഗീത രംഗത്തും തിളങ്ങിയ സംഗീതജോഡികളായ ജോബ് ആന്റ് ജോർജ്ജിനെ വളർത്താനും പ്രോത്സാഹിപ്പിക്കുവാൻ പിതാവ് വളരെ ശ്രദ്ധിച്ചിരുന്നു.

**വേറിട്ട ദൈവാലയനിർമ്മാണം**

അഭിവന്ദ്യ പിതാവിന്റെ സേവനകാലഘട്ടത്തിൽ അത്യാധുനിക വാസ്തുശില്പ ഭംഗിയുള്ള ദൈവാലയങ്ങൾ നിർമ്മിക്കുകയുണ്ടായി. പിരമിഡിനെ അനുസ്മരിപ്പിക്കുന്ന വരാപ്പുഴ ചെട്ടിഭാഗം ക്രൈസ്റ്റ് നഗർ പള്ളിയും (കേരളത്തിലെ ശീതീകരിച്ച പ്രഥമ പള്ളി), നോഹയുടെ പേടക സ്മരണകൾ ഉയർത്തുന്ന ആലുവ തോട്ടക്കാട്ടുകര സെന്റ് ആൻസ് പള്ളിയും, പഗോഡ ഓർമ്മകൾ തെളിക്കുന്ന സെന്റ് ആൽബർട്സ് പ്ലസ് 2 കെട്ടിടവും, വ്യത്യസ്ത ശില്പഭംഗിയുള്ള നിർമ്മാണങ്ങളാണ്.

പ്രത്യേകം എടുത്തുപറയേണ്ട ഒന്നാണ്, സഭയാകുന്ന കപ്പൽയാത്ര മനസ്സുകളിൽ മങ്ങാതെ സൂക്ഷിക്കാൻ സഹായിക്കുന്ന സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദൈവാലയം. 1986-ൽ ജോൺ പോൾ രണ്ടാമൻ പാപ്പ, സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദൈവാലയം സന്ദർശിച്ചപ്പോൾ, സന്ദർശന പരിപാടികളെല്ലാം സമാപിച്ച അവസരത്തിൽ, ഒരുനിമിഷം കത്തീഡ്രൽ ദൈവാലയം മുഴുവൻ ഒന്നു നോക്കുകയുണ്ടായി. കത്തീഡ്രലിന്റെ ആധുനിക വാസ്തു ശില്പഭംഗി കണ്ട് അധരങ്ങൾ നിറയെ പാപ്പ പ്രശംസിച്ചു. നീണ്ട കരഘോഷം നിലച്ചപ്പോൾ പാപ്പയുടെ ഒരു ഉപദേശവും. *Be Modern; biut never Modermiet."*

ഒരനുഭവം

അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവാണ് എനിക്ക് തിരുപ്പട്ടം നൽകിയത്. തിരുപ്പട്ടം നൽകുന്നതിന് ഏതാനും ദിവസങ്ങൾക്കു മുൻപ്, ഓരോരുത്തരെയും പ്രത്യേകം വിളിച്ച് ഉപദേശം നൽകുകയുണ്ടായി. പിതാവ് പറഞ്ഞ കാര്യങ്ങൾ ഓർക്കുന്നു. "നമുക്ക് അച്ചന്മാർ കുറവാണ്. ദൈവവിളിക്കായ് പ്രാർത്ഥിക്കണം. എല്ലാ ദിവസവും ക്ലീൻ ഷേവ് ചെയ്യണം. ഒന്നിനെക്കുറിച്ചും ആകുലപ്പെടേണ്ട. ഒരച്ചനും പട്ടിണി കിടന്ന് മരിച്ചിട്ടില്ല. നമ്മുടെ ജനം നല്ലവരാണ്. അവർ നമ്മളെ സംരക്ഷിക്കും. നമ്മളെ വിളിച്ചവൻ നമ്മോടൊപ്പമുണ്ട്." ആത്മവിശ്വാസവും ആശ്വാസവും നൽകുന്ന ഈ വചനങ്ങൾ ഇന്നും എന്റെ മനസ്സിൽ നിറഞ്ഞു നില്ക്കുന്നു.

1986-ൽ ജോൺപോൾ പാപ്പയുടെ വരാപ്പുഴ അതിരൂപത സന്ദർശനവും 1986-ൽ തന്നെ അതിരൂപത ശതാബ്ദി ആഘോഷങ്ങളും കുറ്റമറ്റ രീതിയിൽ നടത്തി ഏവരുടേയും പ്രശംസ ഏറ്റുവാങ്ങി നില്ക്കുന്ന അവസരത്തിൽ ഒരു വെള്ളിടിപോലെ അത് സംഭവിച്ചു. 1986-ൽതന്നെ ഒക്ടോബർ 19-ാം തീയതി, ഓട്ടം പൂർത്തിയാക്കി; വിശ്വാസം സംരക്ഷിച്ചു. തന്നെ വിളിച്ചവന്റെ അടുക്കലേക്ക് പിതാവ് യാത്രയായി.

# കരുണ നിറഞ്ഞ കട്ടിക്കണ്ണട:
# ഓർമ്മകളിലെ ഡാനിയൽ പിതാവ്



**ഫാ. യേശുദാസ്**
**പഴമ്പിള്ളി**

*വരാപ്പുഴ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്തയായ അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് നമ്മിൽനിന്ന് വേർപിരിഞ്ഞിട്ട് 2025 ഒക്ടോബർ 26ന് 16 വർഷം തികയുകയാണ്. ആ നല്ല ഇടയജീവിതത്തിന്റെ സ്മരണയ്ക്കു മുമ്പിൽ നമുക്ക് ശിരസ്സുനമിക്കാം.*



ദൈവകൃപ ലഭിച്ച ആ ജീവിതത്തെ ആദ്യമായി കണ്ടത് മംഗലപ്പുഴ സെമിനാരിയിലെ സായാഹ്ന മണിയൊച്ച നേരത്തായിരുന്നു. കയ്യിലൊരു വലിയ കൊന്ത പിടിച്ച് പള്ളിക്കരികിലെ പൂന്തോട്ടത്തിൽ പ്രാർത്ഥനയോടെ ഉലാത്തുന്ന മുഴുക്കൈ ഷർട്ടിട്ട ഒരാൾ. കവിളുകളുടെ മുകളിൽ താഴെക്കിറങ്ങി വന്ന വലിയ കൃതാവ്. കരുണയുടെ നിറ നീര് നിറഞ്ഞ കണ്ണുകൾക്ക് മുന്നിൽ കട്ടിക്കണ്ണട ധരിച്ച സന്യാസി.

ദൈവം അയക്കുന്ന നിയോഗങ്ങൾക്ക് അർത്ഥമുണ്ടെന്ന് അന്നേ തോന്നിയിരുന്നു.

അധികം വൈകാതെ ജപമാല പിടിച്ച ആ കൈകൾ തന്നെ ഞങ്ങൾ ആറുപേരെ പൗരോഹിത്യ ത്തിന്റെ ഉന്നതിയിലേക്ക് ഉയർത്തി.

പിന്നെ കണ്ടത്, അതിരൂപതയിലെ പുതുമകളുടെ പുഷ്ക കാലമായിരുന്നു. കുട്ടാ എന്ന വിളിയെ എത്രയോ പേരാണ് ഹൃദയത്തോട് ചേർത്തുവച്ചത്. നിഷ്കളങ്കനായ ഒരു പള്ളിപ്പുറം കാരനെപ്പോലെ, പെട്ടെന്ന് ചൂടായി പെട്ടെന്ന് തണുക്കുന്ന ജന്മം. ആ നോട്ടത്തിൽ, ആ വാക്കുകളിൽ, ആ സാന്നിധ്യത്തിൽ എത്രയോ ദൈവവിളി മരങ്ങളാണ് കിളിർത്തത്, പൂവിട്ടത്, പൂത്തുലഞ്ഞത്. ഓട്ടത്തിന് അവസാനം തുടർ ചികിത്സകൾ പോലും ഒരു സന്യാസിയുടെ ദാരിദ്ര്യ വ്രതത്തിനൊത്ത് നിരസിച്ച്, ഒന്നും മിണ്ടാതെ ഉറങ്ങുമ്പോൾ അരമനയിലെ കൊച്ചു ചാപ്പലിൽ നിന്നും വാടിക്കരിഞ്ഞ തണ്ടുപോലെ കിടന്ന ആ ദേഹത്തെ തോളിലെടുത്തു നടക്കുമ്പോൾ ചുറ്റുപാടും അസാധാരണമായ ഏങ്ങിക്കരച്ചിലുകൾ. അച്ചന്മാർ വിതുമ്പുന്നു. അതല്ലേ ആ വലിയ മനുഷ്യന് ലഭിച്ച ആദരാഞ്ജലികൾ. ദൂരെ ആകാശത്ത് കണ്ണുചിമ്മി തുറക്കുന്ന കാർമൽ നക്ഷത്രമേ, അങ്ങേയ്ക്ക് ഞങ്ങളുടെ സ്നേഹാഭിവാദ്യങ്ങൾ...


## വത്തിക്കാന്റെ വേൾഡ് ഓർഗനൈസേഷൻ ഫോർ ടൂറിസത്തിന്റെ സ്ഥിരം നിരീക്ഷകനായി മോൺ. ജെയിൻ മെൻറ്റസ് നിയമിതനായി



.2025 സെപ്റ്റംബർ 1–ന് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ, മോൺ. ജെയിൻ മെന്റസിനെ വത്തിക്കാനിലെ വേൾഡ് ഓർഗനൈസേഷൻ ഫോർ ടൂറിസം (WOT) ത്തിന്റെ സ്ഥിരം നിരീക്ഷകനായി നിയമിച്ചു. നിലവിൽ അദ്ദേഹം ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ സാന്റോ ഡൊമിംഗോയിലെ അപ്പസ്തോലിക് ന്യൂൺഷിയേച്ചറിൽ കൗൺസിലറായി സേവനമനുഷ്ഠിക്കുന്നു. സ്ഥിരം നിരീക്ഷകന്റെ ഓഫീസ് സ്പെയിനിലെ മാഡ്രിഡിലാണെങ്കിലും, അദ്ദേഹം വത്തിക്കാനിലെ വസതിയിലായിരിക്കും താമസം. WOTയുടെ സ്ഥിരം നിരീക്ഷകൻ എന്ന നിലയിൽ, അദ്ദേഹം അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന ണഛഠയിലെ എല്ലാ സമ്മേളനങ്ങളിലും യോഗങ്ങളിലും പരിശുദ്ധ സിംഹാസനത്തെ പ്രതിനിധീകരിക്കും. മോൺ. ജെയിൻ മെൻറ്റസ് 1992 ജനുവരി 29 ന് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്തയായിരുന്ന ഡോ. കൊർണേലിയസ് ഇലഞ്ഞിക്കൽ പിതാവിന്റെ പക്കൽ നിന്ന്, എറണാകുളം സെൻറ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ വെച്ച് പുരോഹിതനായി അഭിഷിക്തനായി. പൗരോഹിത്യ സ്വീകരണത്തിനു ശേഷം പാലാരിവട്ടം സെൻറ്. ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവകയിൽ സേവനം ചെയ്തു. തുടർന്ന് വരാപ്പുഴ അതിരൂപതയുടെ വൈസ് ചാൻസിലർ ആയി നിയമിക്കപ്പെട്ടു. 1993 ഓഗസ്റ്റ് 18ന് അദ്ദേഹം റോമിലേക് പഠിക്കാനായി പുറപ്പെട്ടു. അദ്ദേഹം റോമിൽ ഡിപ്ലോമാറ്റിക് സ്കൂൾ ഓഫ് വത്തിക്കാൻ, Pontificia Accademia Ecclesiastica യിൽ നിന്നും 1997 മെയ് 27ന് കാനൻ ലോയിൽ ഡോക്ടറേറ്റ് പൂർത്തിയാക്കി. ഉഗാണ്ട, പനാമ, ഉറുഗ്വേ, ഫിലിപ്പീൻസ്, ഗ്വാട്ടിമാല, സെനഗൽ, ലെബനൻ, നെതർലാൻഡ്സ്, ജർമ്മനി, ഡൊമിനിക്കൻ റിപ്പബ്ലിക് എന്നിവിടങ്ങളിലെ അപ്പസ്തോലിക് ന്യൂൺഷ്യേച്ചറിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## ഓർമ്മച്ചെപ്പ്

*1821 ൽ സ്ഥാപിതമായ വി. ഫ്രാൻസിസ് അസ്സീസിയുടെ നാമധേയത്തിലുള്ള പുതിയ കത്തീഡ്രൽ ദേവാലയം കപ്പൽപള്ളി 1981 ഒക്ടോബർ 4 ന് ആശീർവദിക്കപ്പെട്ടു.പുതിയ കത്തീഡ്രൽ ദേവാലയം കപ്പൽപള്ളി ആശീർവദിക്കപ്പെട്ടിട്ട് ഇത് 44–ാം വർഷം.*
*( കടപ്പാട് : ആർകൈവ്സ് വരാപ്പുഴ അതിരൂപത )*









ചിന്താജാലകം

# പത്ത് വർഷങ്ങൾ പതിമൂന്ന് ഗർഭനഷ്ടങ്ങൾ ഒരുവനിൽമാത്രം പ്രത്യാശ

ആശയാനുവാദം : ഷാലി ജോസഫ്



Rachel Paula



ജീവിതത്തിലെ ഏറ്റവും ഇരുണ്ട നിമിഷങ്ങളിൽപോലും, വിശ്വാസം നമുക്ക് വഴികാട്ടിയാകും. ഇംഗ്ലണ്ടുകാരിയായ ലോറ വോർസ്ലിയുടെയും ഭർത്താവ് ഡേവിഡിന്റെയും മാതാപിതാക്കളാകാനുള്ള വഴി നീണ്ടതും ദുരിതപൂർണവുമായിരുന്നു. 2008 മുതൽ ഒരു കുഞ്ഞിനുവേണ്ടിയുള്ള അവരുടെ കാത്തിരിപ്പ്, തുടർച്ചയായുള്ള ഗർഭനഷ്ടങ്ങളാൽ ഹൃദയഭേദകമായി. പതിമൂന്ന് തവണയാണ് ലോറക്ക് ഗർഭനഷ്ടം സംഭവിച്ചത്; ഓരോന്നും വേദനയുടെയും നഷ്ടബോധത്തിന്റെയും ആഴത്തിലുള്ള ഓർമ്മപ്പെടുത്തലുകളായിരുന്നു. അവർ സ്വപ്നം കണ്ട കുടുംബജീവിതത്തിന് നേർവിപരീതമായി, അവരുടെ വീട്ടിലെ നിശ്ശബ്ദത കനത്ത ഭാരമായി നിലകൊണ്ടു.

എങ്കിലും, ഓരോ ദുരിതനിമിഷത്തിലും ലോറയുടെ വിശ്വാസം അചഞ്ചലമായിരുന്നു. 'നിങ്ങൾക്ക് വേണ്ടിയുള്ള എന്റെ പദ്ധതികൾ എനിക്കറിയാം' എന്ന് കർത്താവ് അരുളിച്ചെയ്യുന്നു, 'നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്; നിങ്ങൾക്ക് പ്രത്യാശയും ഭാവിയും നൽകുന്ന പദ്ധതി' (ജെറെമിയ 29:11). എന്ന ദൈവവചനത്തിൽ അവൾ മുറുകെ പിടിച്ചു. ഓരോ പ്രാർത്ഥനയിലും, ഓരോ കണ്ണുനീർതുള്ളിയിലും, ലോറ പ്രത്യാശയിൽ ഉറച്ചുനിന്നു. തങ്ങളുടെ കുടുംബത്തിനായുള്ള ദൈവത്തിന്റെ പദ്ധതി അവിടുത്തെ തികഞ്ഞ സമയത്തിൽ വെളിപ്പെടുമെന്ന് അവൾ വിശ്വസിച്ചു. ഭർത്താവിന്റെ പിന്തുണയും, തങ്ങളുടെ കഥ ഇവിടെ അവസാനിക്കുന്നില്ലെന്നുള്ള അവരുടെ പൊതുവായ വിശ്വാസവും അവൾക്ക് ശക്തി നൽകി.

വർഷങ്ങളുടെ കാത്തിരിപ്പിനു ശേഷം, ഫെർട്ടിലിറ്റി വിദഗ്ധരുടെ സഹായവും പ്രാർത്ഥനയുടെ ശക്തിയും ഒന്നിച്ചപ്പോൾ അവരുടെ സ്വപ്നം യാഥാർത്ഥ്യമായി. ഈ യാത്ര വെല്ലുവിളികൾ ഇല്ലാത്തതായിരുന്നില്ല, പക്ഷേ ഇത്തവണ അവരുടെ വിശ്വാസം അചഞ്ചലമായ സമാധാനത്തിന്റെ ഉറവിടമായിരുന്നു. ഒടുവിൽ, തങ്ങളുടെ കുഞ്ഞത്ഭുതത്തെ ലോറയും ഡേവിഡും സന്തോഷത്തോടെ വരവേറ്റു. ആ പെൺകുഞ്ഞ്, വർഷങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരമായി അവരുടെ ഹൃദയങ്ങളിൽ ജീവനും സന്തോഷവും നിറച്ചു. അവൾ പ്രത്യാശയുടെ പ്രതീകമായി, ദൈവത്തിന്റെ വിശ്വസ്ഥതയുടെ ജീവിക്കുന്ന സാക്ഷ്യമായി മാറി.

തന്റെ യാത്രയെക്കുറിച്ച് ലോറ പങ്കുവെച്ചു: 'ഓരോ നഷ്ടവും വേദനയുണ്ടാക്കി, എന്നാൽ ഓരോ നിമിഷവും ദൈവത്തിന്റെ സമയത്തെയും, ഞങ്ങളുടെ കുടുംബത്തെക്കുറിച്ചുള്ള അവിടുത്തെ പദ്ധതികളെയും കൂടുതൽ വിശ്വസിക്കാൻ എന്നെ പഠിപ്പിച്ചു.' സങ്കീർത്തനം 30:5 നമ്മെ ഓർമ്മിപ്പിക്കുന്നത് പോലെ, 'ഒരു രാത്രി മുഴുവൻ നീണ്ടേക്കാവുന്ന കരച്ചിലിനു ശേഷം പ്രഭാതത്തിൽ ആനന്ദമെത്തുന്നു.' അവരുടെ മകളുടെ ജനനം ആ പ്രഭാതമായിരുന്നു. വർഷങ്ങളുടെ ദുരിതത്തെയും ദുഃഖത്തെയും കീറിമുറിച്ച് കടന്നുവന്ന പ്രകാശം.

ഈ കഥ കാത്തിരിക്കുന്നവർക്കും പ്രാർത്ഥിക്കുന്നവർക്കും ഒരു ഓർമ്മപ്പെടുത്തലാണ്: ദൈവത്തിന്റെ സമയം തികഞ്ഞതാണ്, അവിടുത്തെ കൃപ മതിയായതാണ്. നിരാശ അതിഭാരമായി അനുഭവപ്പെടുമ്പോൾപോലും, വിശ്വാസവും സ്ഥിരതയും സങ്കൽപ്പിക്കാനാവാത്ത അനുഗ്രഹങ്ങളിലേക്ക് നമ്മെ നയിക്കും. പൗലോസപ്പോസ്തലൻ ഉറപ്പിച്ചുപറയുന്നത് പോലെ, 'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അതായത് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് എല്ലാ കാര്യങ്ങളിലും നന്മ വരുത്തുന്നു.' ലോറയുടെയും ഡേവിഡിന്റെയും യാത്ര നമ്മെ പഠിപ്പിക്കുന്നത്, അത്ഭുതങ്ങൾ പലപ്പോഴും കാത്തിരിപ്പിന്റെ നീണ്ട കാലഘട്ടത്തിന് ശേഷമാണ് വരുന്നത് എന്നും, വിശ്വാസത്തിൽ ഉറച്ച പ്രത്യാശ ഒരിക്കലും നിരാശപ്പെടുത്തില്ല എന്നുമാണ്. അവരുടെ കുഞ്ഞുമകൾ ഒരു കുഞ്ഞ് മാത്രമല്ല; അത് വീണ്ടെടുക്കപ്പെട്ട ജീവിതത്തിന്റെയും, ഉത്തരം ലഭിച്ച പ്രാർത്ഥനകളുടെയും, എല്ലാ ഹൃദയവേദനകളും കേട്ട് ഓരോ നിലവിളിക്കും ഉത്തരം നൽകുന്ന ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തിന്റെയും പ്രതീകമാണ്.

നഷ്ടത്തിലും വേദനയിലും വിഷമിക്കുന്ന കുടുംബങ്ങൾക്ക് ലോറയുടെ കഥ ഒരു ദീപസ്തംഭമാണ്: പ്രാർത്ഥിക്കുന്നത് തുടരുക, വിശ്വസിക്കുന്നത് തുടരുക, പ്രത്യാശ ഒരിക്കലും കൈവിടരുത്. ദൈവത്തിന്റെ വാഗ്ദാനങ്ങൾ സത്യമാണ്, എത്ര നീണ്ട രാത്രികൾക്ക് ശേഷവും സന്തോഷം വരും.

## ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ഒക്ടോബർ മാസത്തെ പരിപാടികൾ:

**വിവാഹ ഒരുക്ക കോഴ്സ്**
:ഒക്ടോബർ 3, 4, 5 & 17, 18, 19 രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.

**മാതൃവേദി കൂട്ടായ്മ**: ഒക്ടോബർ 11, ശനിയാഴ്ച രാവിലെ 10.00 ന്

**വിധവ സംഗമം (അൽമാന)**: ഒക്ടോബർ 11, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്

**ഏകസ്ഥ കൂട്ടായ്മ**:ഒക്ടോബർ 23 വ്യാഴാഴ്ച, രാവിലെ 10.00 ന്

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളി ലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2025 ഒക്ടോബർ 26 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

## ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*1.വേളാങ്കണ്ണിമാതാ ചർച്ച്, ചരിയംതുരുത്ത്: 15,000 രൂപ*

*2.സെന്റ് അഗസ്റ്റിൻ ചർച്ച്, മൂലമ്പിള്ളി : 19,000 രൂപ*

*3.നിത്യസഹായമാതാ ചർച്ച്, ഉദയംപേരൂർ: 10,000 രൂപ*

*4.ലിറ്റിൽ ഫ്ളവർ ചർച്ച്, പാനായിക്കുളം: 10,000 രൂപ*

*5.സെന്റ് ഫിലോമിനാസ് ചർച്ച് & സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ഷ്റൈൻ, കൂനമ്മാവ്: 10,000 രൂപ*

*6.സെന്റ് പയസ് ചർച്ച്, കളമശ്ശേരി: 15,000 രൂപ*

*7.സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, കലൂർ : 50,000 രൂപ*

*ആകെ : 1,29,000 രൂപ*

# കൈപ്പടയിലൊരുക്കിയ
# വരാപ്പുഴയുടെ വചനവിരുന്ന്



സിബി ജോയ്

*ദൈവവചനത്തിലൂടെ അനുഗ്രഹപൂരിതമായ കുടുംബങ്ങളെ വാർത്തെടുക്കുക എന്ന ബോധ്യത്തോടെ വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷനും ബി.സി.സി. ഡയറക്ടറേറ്റും സംയുക്തമായി ഒരുക്കിയ സപര്യയായിരുന്നു സുവിശേഷദീപങ്ങൾ. വി. മർക്കോസിന്റെ സുവിശേഷം ഓരോരുത്തരും കൈപ്പടയിലെഴുതി പുസ്തകരൂപത്തിൽ തയ്യാറാക്കി സമർപ്പിക്കുക എന്നതായിരുന്നു നിർദ്ദേശം. അത്ഭുതകരവും ആവേശോജ്വലവുമായിരുന്നു പ്രതികരണങ്ങൾ.*

ദൈവവചനം പഠിക്കുവാനും അത് ജീവിതത്തിൽ പകർത്തുവാനും *ഓരോ* വിശ്വാസിയ്ക്കും കടമയുണ്ട്. ദൈവവചനത്തിലൂടെ അനുഗ്രഹപൂരിതമായ കുടുംബങ്ങളെ വാർത്തെടുക്കുക എന്ന ബോധ്യത്തോടെ വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷനും ബി.സി.സി. ഡയറക്ടറേറ്റും സംയുക്തമായി ഒരുക്കിയ സപര്യയായിരുന്നു സുവിശേഷദീപങ്ങൾ. വി. മർക്കോസിന്റെ സുവിശേഷം ഓരോരുത്തരും കൈപ്പടയിലെഴുതി പുസ്തകരൂപത്തിൽ തയ്യാറാക്കി സമർപ്പിക്കുക എന്നതായിരുന്നു നിർദ്ദേശം. അത്ഭുതകരവും ആവേശോജ്വലവുമായിരുന്നു പ്രതികരണങ്ങൾ.വിശ്വാസപരിശീലന കുട്ടികളും അധ്യാപകരുമായിരുന്നു ഇടവകകളിൽ തുടക്കമിട്ടത്. തുടർന്ന് ബിസിസി ഡയറക്ടറേറ്റിന്റെയും നേതൃത്വത്തിൽ കുടുംബയോഗങ്ങളിൽ ഇത് ചർച്ചയാവുകയും പ്രായഭേദമന്യേ മുതിർന്നവരും ഇതേറ്റെടുത്തു. കുട്ടികളും അധ്യാപകരും മുതിർന്നവരുമുൾപ്പെടെ പതിനേഴായിരത്തോളം പേരാണ് കൈപ്പടയിൽ പകർത്തിയെഴുതിയ വി. മർക്കോസിന്റെ സുവിശേഷം സമർപ്പിക്കാൻ വല്ലാർപാടത്ത് ഒരുമിച്ചു ചേർന്നത്. ഇൻഡ്യയിൽ തന്നെ ഇത്തരമൊരു സംഗമം ആദ്യമായാണെന്ന സാക്ഷ്യവുമായി ബെസ്റ്റ് ഓഫ് ഇൻഡ്യ വേൾഡ് റെക്കോർഡ് അധികൃതരുമെത്തി.

2025 സെപ്റ്റംബർ 7 ഞായറാഴ്ച വൈകിട്ട് 4 മണിക്ക് വല്ലാർപാടം റോസറി പാർക്കിൽ സംഘടിപ്പിച്ച സുവിശേഷദീപ സംഗമം, അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവാണ് ഉദ്ഘാടനം ചെയ്തത്. ഈ ഉദ്യമത്തിന് പ്രോത്സാഹനവും പ്രചോദനവുമേകിയ അഭിവന്ദ്യ ജോസഫ്  കളത്തിപ്പറമ്പിൽ പിതാവ് ബെസ്റ്റ് ഓഫ് ഇൻഡ്യ വേൾഡ് റെക്കോർഡ് പ്രതിനിധി ടോണി ചിറ്റാട്ടുകുളത്തിൽ നിന്നും റെക്കോർഡ് നേട്ടത്തിന്റെ പുരസ്കാരവും, മെഡലും ഏറ്റുവാങ്ങി. വരാപ്പുഴ അതിരൂപത വികാരി ജനറൽമാരായ മോൺ. മാത്യു കല്ലിങ്കൽ, മോൺ. മാത്യു ഇലഞ്ഞിമറ്റം, ചാൻസലർ ഫാ. എബിജിൻ അറക്കൽ, വരാപ്പുഴ അതിരൂപത ബൈബിൾ കമ്മീഷൻ ഡയറക്ടർ ഫാ. ആന്റണി സിജൻ മണുവേലിപറമ്പിൽ, കെസിബിസി ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. ജോജു കോക്കാട്ട്, കെ.ആർ. എൽ.സി.സി. ജനറൽ സെക്രട്ടറി ഫാ. ഡോ. ജിജു അറക്കത്തറ, കെ.ആർ.എൽ.സി.ബി.സി. വിശ്വാസ പരിശീലന കമ്മീഷൻ സെക്രട്ടറി ഫാ. മാത്യു പുതിയാത്ത്, ജീവനാദം മാനേജിംഗ് എഡിറ്റർ ഫാ. സ്റ്റീഫൻ തോമസ് ചാലക്കര, വല്ലാർപാടം ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. 16 അധ്യായങ്ങളുള്ള വി. മർക്കോസിന്റെ സുവിശേഷം പേപ്പറുകളിൽ എഴുതി പുസ്തക രൂപത്തിൽ ആക്കി മനോഹരമായി ബൈൻഡ് ചെയ്താണ് വൈദികരും സന്യസ്തരും കുട്ടികളും അധ്യാപകരും മാതാപിതാക്കളും ചരിത്രസംഗമത്തിൽ പങ്കെടുത്തത്.

എൽകെജി ക്ലാസിലെ കുട്ടികൾ മുതൽ വയോജനങ്ങൾ വരെ സുവിശേഷം പകർത്തിയെഴുതുന്നതിന് മുന്നിട്ടിറങ്ങി. മലയാളം കൂടാതെ തമിഴ്, ഇംഗ്ലീഷ്, കന്നട, ഒഡീഷ, ലാറ്റിൻ, ഹിന്ദി, ജർമൻ, ഹീബ്രു, ഭാഷകളിലും സുവിശേഷം പകർത്തിയെഴുതിയിട്ടുണ്ട്. കൈയെഴുത്ത് പൂർത്തിയാക്കിയവർ ഇടവകതലത്തിൽ പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ ദിനത്തിൽ അവരുടെ സുവിശേഷ ഗ്രന്ഥങ്ങൾ സമർപ്പിച്ചിരുന്നു. തുടർന്നാണ് വല്ലാർപാടത്ത് മഹാസംഗമം സംഘടിപ്പിച്ചത്. സുവിശേഷ രചന പൂർത്തിയാക്കിയ എല്ലാവർക്കും കെസിബിസി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റും പുസ്തകങ്ങളും സമ്മാനമായി നൽകി.

കത്തോലിക്ക സഭയുടെ




അജപാലന ചരിത്രത്തിൽത്തന്നെ അപൂർവ്വമായ ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചത് വരാപ്പുഴ അതിരൂപത വിശ്വാസപരിശീലന കമ്മീഷൻ ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ, അതിരൂപത മിനിസ്ട്രി ജനറൽ കോഡിനേറ്റർ ഫാ. യേശുദാസ് പഴമ്പിള്ളി എന്നീ വൈദികരുടെ അശ്രാന്ത പരിശ്രമവും പ്രചോദനവും ഒന്നുകൊണ്ട് മാത്രമാണ് എന്ന് പറയാതിരിക്കാനാവില്ല. നാലു വർഷം കൊണ്ട് നാല് സുവിശേഷങ്ങൾ പഠനത്തിനും വിചിന്തനത്തിനുമായി അതിരൂപതയിലെ കുടുംബങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യമിട്ട് വിശ്വാസ പരിശീന കമ്മീഷൻ ആരംഭിച്ചതാണ് ബൈബിൾ പഠന പരമ്പര. കഴിഞ്ഞ അധ്യയന വർഷം വരാപ്പുഴ അതിരൂപതയിലെ കുട്ടികളും അധ്യാപകരുമുൾപ്പെടെ നാലായിരത്തിലേറെ പേരാണ് വി. ലൂക്കായുടെ സുവിശേഷം സ്വന്തമായി പകർത്തിയെഴുതിയത്.

അടുത്തവർഷം വി. മത്തായിയുടെ സുവിശേഷം കുടുംബാംഗങ്ങൾ ഒരുമിച്ച് ചേർന്ന് എഴുതി പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യമെന്ന് വിൻസെന്റച്ചനും യേശുദാസച്ചനും പറയുന്നു. **റെക്കോർഡ് നേടുവാനോ കൈയടി കിട്ടുവാനോ വേണ്ടിയല്ല, വിശ്വാസ ജീവിതത്തിൽ വെല്ലുവിളികൾ നിറയുന്ന ഈ കാലഘട്ടത്തിൽ ദൈവമഹത്വം പ്രഘോഷിക്കപ്പെടുക എന്നതാണ് പരമമായ കാര്യമെന്ന് വിൻസെന്റച്ചൻ കൂട്ടിച്ചേർക്കുകയാണ്. അതിരൂപതയിൽ വിശ്വാസ പരി ശീലന കമ്മീഷന്റെ നേതൃത്വ ത്തിൽ നിരവധി മത്സരങ്ങളും വിവിധ പരിപാടികളുമാണ് കുട്ടികൾക്കായി വിഭാവനം ചെയ്തിരിക്കുന്നത്.** ലോഗോസ് ക്വിസ് മത്സരം കൂടാതെ ദൈവദാസൻ മോൺസിഞ്ഞോർ ഇമ്മാനുവൽ ലോപ്പസിന്റെ പേരിൽ കഴിഞ്ഞ മൂന്ന് വർഷമായി ബൈബിൾ ക്വിസ് മത്സരം സംഘടിപ്പിച്ചു വരുന്നുണ്ട്.

ബൈബിളിൽ നിന്നും ഏറ്റവും കൂടുതൽ വചനം കാണാപ്പാഠം പഠിച്ച് രണ്ട് മണിക്കൂറിൽ എഴുതുന്ന 10 പേർക്ക് പതിനായിരം രൂപ നൽകുന്ന മത്സരമാണിത്. ഒപ്പം ഓരോ ആഴ്ചയിലും ഒരു ദൈവവചനം കുട്ടികൾ ഹൃദിസ്ഥമാക്കുന്നുണ്ട്. ഒരു നേരമ്പോക്കിനോ പേരു കിട്ടാനോ മാത്രമായി എഴുതുന്നവരല്ല സുവിശേഷ ദീപങ്ങളിൽ പങ്കെടുക്കുന്നത്. ബൈബിൾ എഴുതുന്നത് വഴി മാനസി കവും ശാരീരികവുമായ നിരവധി അനുഗ്രഹങ്ങൾ ലഭിച്ച കുടുംബങ്ങൾ ഇതിനോടകം തന്നെ സാക്ഷ്യം നൽകിയിട്ടുണ്ട്. **ജോലിത്തിരക്കിനിടയിലും സ്കൂൾ പഠന സമയത്തിനിടയിലും ദിവസത്തിൽ കുറച്ചുനേരം മാറ്റിവെച്ച് സുവിശേഷ രചനക്ക് സമയം കണ്ടെത്തി പൂർത്തിയാക്കിയവരുമുണ്ട്. ഗർഭാവസ്ഥയിൽ ആയിരിക്കുമ്പോൾ വിശുദ്ധ ലൂക്കായുടെ സുവിശേഷം പകർത്തിയെഴുതി സുഖപ്രസവത്തിനായി പ്രാർത്ഥിച്ച് ജനിച്ച കുഞ്ഞിന് ലൂക്കാ എന്ന പേര് നൽകിയ യുവതിയും സ്വന്തം മകളുടെ കല്യാണം സുഗമമായി നടക്കാൻ വേണ്ടി കരഞ്ഞ് പ്രാർത്ഥിച്ച് നിയോഗം സമർപ്പിച്ച് സുവിശേഷരചന നടത്തി അനുഗ്രഹം നേടിയ ഒരു അമ്മയും അനുഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ അത് നവകാലഘട്ടത്തിൽ വിശ്വാസപ്രഘോഷണത്തിന് വലിയ സാക്ഷ്യം നൽകുകയാണ്.**

ഇവിടെ ആരും ആരെയും നിർബന്ധിക്കുന്നില്ല. ചിലരൊക്കെ ഇപ്പോൾ തന്നെ വിശുദ്ധ മത്തായിയുടെ സുവിശേഷം എഴുതാൻ ആരംഭിച്ചു. മത്സരിച്ച് ജയിക്കാനല്ല ഈ ആവേശം. വചനത്തിലൂടെ ദൈവത്തെ അറിഞ്ഞ് അനുഗ്രഹം പ്രാപിക്കുവാൻ മാത്രം.

# സമുദായത്തിന്റെ ഉണർത്തു പാട്ടുകാരൻ അഥവാ *അമ്പാട്ട്*



**ലൂയിസ് തണ്ണിക്കോട്ട്**

***വരാപ്പുഴ അതിരൂപതയിലെ ദ്വീപസമൂഹങ്ങളിൽ ഒന്നായ ചേന്നൂർ. ആ ഗ്രാമത്തിൽ നിന്ന്, കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ അൽമായ നേതൃത്വത്തിൽ പ്രശോഭിച്ച് തിളങ്ങി നിൽക്കുന്ന വ്യക്തിത്വമാണ് അഡ്വ: ആൻറണി എം. അമ്പാട്ട്. കഴിഞ്ഞ അഞ്ചര പതിറ്റാണ്ടായി അമ്പാട്ട് എന്ന മൂന്ന് അക്ഷരം കേരള പൊതുസമൂഹത്തിന്റെ, വിശിഷ്യാ കേരളത്തിലെ ലത്തീൻ സമുദായത്തിൽ സുപരിചിതമാണ്. 2024 ആഗസ്റ്റ് ഒന്നിന് 80 വയസ്സ് തികഞ്ഞ ആൻറണി എം. അമ്പാട്ട്, ലത്തീൻ സഭാ-സമുദായ പ്രവർത്തനങ്ങളിൽ പകരംവെക്കാൻ കഴിയാത്ത പേരിനുടമയായി നിലകൊള്ളുന്നു.***

കേരളത്തിലെ ലത്തീൻ സമുദായത്തെ ശ്രേണി ബന്ധമായി ശാക്തീകരിക്കുന്നതിൽ നിർണായക പങ്കുവഹിച്ച ആൻറണി എം. അമ്പാട്ട്, 1944 ഓഗസ്റ്റ് ഒന്നിന് ചേന്നൂരിൽ അമ്പാട്ട് മാത്തുണ്ണി മിഖേയൽ - അന്ന ദമ്പതികളുടെ ആറു മക്കളിൽ ഇളയവൻ ആയി ജനിച്ചു. ചേന്നൂർ എയ്ഞ്ചൽ മേരി LPS, വരാപ്പുഴ ജോസഫ് കോൺവെൻറ് *UPS*, ചേരാനല്ലൂർ അൽഫറൂഖിയ *HS*, സെന്റ് ആൽബർട്ട്സ് കോളേജ്, എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നേടി. 1967-ൽ 23-ാമത്തെ വയസ്സിൽ കളമശ്ശേരി എച്ച്.എം.ടി.യിൽ ജോലിയിൽ പ്രവേശിച്ച അമ്പാട്ടിനെ സമുദായ പ്രവർത്തനങ്ങളിലേക്ക് കൈപിടിച്ചു കൊണ്ടുവന്നത് ഗാനരചയിതാവും CAC യുടെ സ്ഥാപക ഡയറക്ടറുമായ മൈക്കിൾ പനക്കലച്ചൻ ആയിരുന്നു. ചേന്നൂർ ഇടവകയിൽ പനക്കലച്ചൻ സ്ഥാപിച്ച അന്റോണിയൻ ക്ലബ്ബ് യുവജനങ്ങൾക്ക് സംഗീതാലാപനവും ഉപകരണ സംഗീതവും നാടക അവതരണവും ഒക്കെയായി ഗ്രാമജീവിതത്തിന് താളം പകർന്നു. ചേന്നൂർ ദേശത്തിന്റെ വിളക്കും വളർച്ചയുമായി മാറിയ സൗഹൃദയനായ മൈക്കിൾ അച്ചൻ, യുവാവായ ആന്റണിയിൽ നിന്നും, അമ്പാട്ടിലേക്കുള്ള വളർച്ചയ്ക്ക് വളവും വെളിച്ചവുമായി തീർന്നു.

1965 ഡിസംബർ എട്ടിന് സമാപിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആശയങ്ങൾ കേരളത്തിൽ ചൂട് പിടിച്ചു വരുന്ന നാളുകളായിരുന്നു അത്. അഖില കേരള കത്തോലിക്കാ കോൺഗ്ര സിൽ പങ്കെടുക്കാൻ, സെൻറ് ആൽബർട്ട്സ് കോളേജിൽ എത്തിയ കാത്തലിക് യൂണിയൻ ഓഫ് ഇന്ത്യയുടെ പ്രസിഡണ്ടും, അണ്ണാമലൈ



സർവകലാശാലയുടെ വൈസ് ചാൻസലറുമായിരുന്ന രത്നസ്വാമിയുടെ ഒരു ഇന്റർവ്യൂ ജോർജ്ജ് വെളിപ്പറമ്പിൽ അച്ചനും പത്രാധിപർ എം.എൽ. ജോസഫും ചേർന്ന് കേരള ടൈംസിൽ പ്രസിദ്ധീകരിച്ചു. 'ഇരുപതാം നൂറ്റാണ്ടിൽ അല്മായ സംഘടനകളുടെ ആവശ്യം' എന്നതായിരുന്നു വിഷയം. കേരള ടൈംസിലെ ഈ അഭിമുഖമാണ് കാത്തലിക് അസോസിയേഷന്റെ രൂപീകരണത്തിന് നിമിത്തമായത്. 1967 ഒക്ടോബർ പന്ത്രണ്ടാം തീയതി കൂടിയ അതിരൂപതയിലെ ഇടവക പ്രതിനിധികളുടെ, സംഘടനാ രൂപീകരണ യോഗത്തിൽ ചേന്നൂർ ഇടവക പ്രതിനിധിയായി ശ്രീ. ആൻറണി അമ്പാട്ട് പങ്കാളിയായി. ഇത് അമ്പാട്ടിന്റെ സഭാ-സമുദായ പ്രവർത്തന ങ്ങൾക്കായുള്ള ഉറച്ച കാൽവെപ്പ് ആയിരുന്നു. പിന്നീട് കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ അവകാശ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി, കർമ്മ ധീരതയുള്ള ഒരു ഉജ്ജ്വല പോരാളിയുടെ തായിരുന്നു അഞ്ചര പതിറ്റാണ്ട് ദൈർഘമേറിയ അമ്പാട്ടിന്റെ പൊതുജീവിതം.

1981 ൽ ആയിരുന്നു വരാപ്പുഴ അതിരൂപത സമുദായ



സംഘടനയുടെ ജനറൽ സെക്രട്ടറിയായി ഭാരവാഹിത്വത്തിലേക്ക് വന്നതെങ്കിലും, വരാപ്പുഴ അതിരൂപതയിലെ സി.വൈ.എം. 1974 ൽ രൂപീകൃത മായപ്പോൾ അഡ് ഹോക്ക് കമ്മിറ്റിയുടെ ചെയർമാനും തുടർന്ന് അതിരൂപത യുവജന വിഭാഗത്തിന്റെ സ്ഥാപക പ്രസിഡന്റുമായി അമ്പാട്ട്. 1978 മന്നാനത്ത് കൂടിയ കേരളത്തിലെ മൂന്ന് റീത്തുകൾ കൂടിച്ചേർന്ന സംസ്ഥാന കെസിവൈഎം-ന്റെ പ്രഥമ പ്രസിഡന്റും ആന്റണി എം. അമ്പാട്ട് തന്നെയായിരുന്നു എന്നത് ലത്തീൻ സമുദായത്തിന് ആവേശവും അഭിമാനവും തരുന്നത് തന്നെ.

1980 കളുടെ തുടക്കത്തിൽ ബാംഗ്ലൂർ NBCLC യിൽ 'കുടുംബയോഗങ്ങൾ' എന്ന വിഷയത്തിൽ കേരളത്തിലെ അല്മായ നേതാക്കൾക്കായി 10 ദിവസങ്ങളിലായി നടന്ന പ്രഥമ പ്രാദേശിക ഭാഷാ സെമിനാറിൽ ശ്രീ. അമ്പാട്ട് അദ്ധ്യാപകനും പങ്കാളിയുമായിരുന്നു. അമ്പാട്ടിനോടൊപ്പം NBCLC -ൽ പങ്കെടുക്കാൻ ഈ കുറിപ്പ് എഴുതുന്ന യാൾക്കും ഭാഗ്യമുണ്ടായി. തുടർന്ന് NBCLC യിലെ ഫാക്കൽറ്റിയായി തുടർന്ന അമ്പാട്ട്, കളമശ്ശേരി കാർമൽഗിരി, ആലുവ സെന്റ് ജോസഫ് സെമിനാരികളിലെ വിസിറ്റിംഗ് ഫാക്കൽറ്റിയും കൂടിയായിരുന്നു.

പിന്നോക്ക സമുദായങ്ങളുടെ മാഗ്നകാർട്ടയായ മണ്ഡൽ കമ്മീഷനെക്കുറിച്ച് സമുദായ അംഗങ്ങളിലും മറ്റു പിന്നോക്ക സമുദായങ്ങളിലും മണ്ഡൽ കമ്മീഷനെ കുറിച്ചുള്ള അറിവും അനിവാര്യതയും പകർന്നുകൊടുക്കുന്നതിൽ അമ്പാട്ടും, അഡ്വ: സി.വി. ആന്റണിയും ഇരുചിറകുകൾ ആയി പ്രവർത്തിച്ചു. മണ്ഡൽ കമ്മീഷൻ നടപ്പാക്കണം എന്ന ആവശ്യവുമായി ഒരു ലക്ഷം പേർ ഒപ്പിട്ട ഭീമഹർജി അന്നത്തെ കേന്ദ്ര സാമൂഹ്യ ക്ഷേമ വകുപ്പ് മന്ത്രി രാം വിലാസ് പാസ്വാനെ ഡൽഹിയിൽ കാണുമ്പോഴും അമ്പാട്ടിന്റെ സാന്നിധ്യം മുൻനിരയിൽ ആയിരുന്നു.

എച്ച്.എം.ടി. യിൽ ജോലി ചെയ്യുമ്പോഴും അമ്പാട്ടിന്റെ മനസ്സിൽ നിറം പിടിച്ച ഒരു സ്വപ്നം തെളിഞ്ഞുവരുന്നുണ്ടായിരുന്നു. പഠനകാലത്ത് കറുത്ത കോട്ടും ഗൗണും ധരിച്ച് റിക്ഷാ വണ്ടിയിൽ പോകുന്ന അഭിഭാഷകരോട് വലിയ കമ്പം ആയിരുന്നു. ഈ കാഴ്ചയും പാർശ്വവൽക്കരിക്കപ്പെട്ട സമുദായത്തിന്റെ ഉദ്ധാരണത്തിന് അടിസ്ഥാനമാകേണ്ടത് വിദ്യാഭ്യാസമാണ് എന്ന് അടിയുറച്ച ബോധ്യവുമാണ്, പിന്നീട് നിയമബിരുദം നേടാൻ അമ്പാട്ടിന് പ്രേരണയായത്. ജോലിക്കു ശേഷം കോട്ടയത്തുള്ള പഠനത്തിന് ഏറെ യാതനകൾ സഹയാത്രികനായിരുന്നപ്പോഴും, പഠനവും ട്രെയിൻ യാത്രയും കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ രാത്രി പത്തുമണി കഴിയുമായിരുന്നു. എൽഎൽബി എന്ന സ്വപ്നം യാഥാർത്ഥമായപ്പോൾ മനസ്സിൽ മൊട്ടിട്ടത് പത്രപ്രവർത്തനത്തിൽ ഡിപ്ലോമ കോഴ്സിനു ചേരുക എന്നതായിരുന്നു. കാക്കനാട് പ്രസ് അക്കാദമിയിൽ നിന്നും പത്രപ്രവർത്തനത്തിൽ ഡിസ്റ്റിങ്ഷനോടെ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി ആ ആഗ്രഹവും സഫലീകരിച്ചു.

സമുദായ പ്രവർത്തനവും പത്രപ്രവർത്തനവും എഴുത്തും വായനയും ഒക്കെയായി മുന്നോട്ടു പോയ അമ്പാട്ട് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ മാത്രമല്ല ഇന്ത്യക്ക് പുറത്തും തന്റെ പ്രവർത്തനമേഖലയിൽ വ്യാപൃതനായിരുന്നു. ആ വളർച്ചയുടെ വഴിത്താരയിൽ ഒരു ഊർജ്ജം ആയിരുന്നത് ചേന്നൂർ ഇടവക വികാരിയും പിന്നീട് അതിരൂപത പ്രൊക്യുറേറ്ററും ആയിരുന്ന മോൺ: ബ്രൂണോ ചെറുകോടത്ത്

അച്ചന്റെ വാക്കുകളാണ്. ചേന്നൂർ ഇടവകയിൽ കാത്തലിക് അസ്സോസ്സിയേഷന്റെ രൂപീകരണ ത്തിന് വന്ന നേതാക്കളോടായി അച്ചൻ പറഞ്ഞു, ‘മിടുക്കനാണ്; ഏൽപ്പിക്കുന്ന കാര്യങ്ങൾ ഇയാൾ ഭംഗിയായി ചെയ്യും’ എന്ന വാക്കുകൾ തനിക്ക് കിട്ടാതെ പോയ പല അംഗീകാരങ്ങൾക്കും പകരമായി ഇന്നും മനസ്സിൽ സൂക്ഷിക്കുന്നു.

1986 കളമശ്ശേരിയിൽ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ സന്ദർശനം, 1990 മണ്ഡൽ കമ്മീ ഷൻ നടപ്പാക്കിയ പ്രധാനമന്ത്രി വി.പി സിംഗിന് സ്വീകരണം, തുടങ്ങിയ കമ്മിറ്റികളിൽ സജീവ മായിരുന്നു. അതിരൂപത ശതാബ്ദി ആഘോഷം - സ്മരണിക കമ്മറ്റിയിലും പങ്കാളിയായിരുന്നു. ഇതിനോട് അനുബന്ധിച്ച് ഇറക്കിയ കാസറ്റിലെ ഒരു ഗാനം അമ്പാട്ടിന്റേതായിരുന്നു.

33 വർഷത്തെ സേവന നാളുക ളിൽ, വളന്ററി റിട്ടയർമെന്റിലൂ ടെയാണ് എച്ച്.എം.ടി.യിൽ നിന്നും 2000-ൽ വിടപറയുന്നത്. അപ്പോഴും ഓഫീസ് അസോസി യേഷന്റെ ജനറൽ സെക്രട്ടറിയാ യിരുന്ന അമ്പാട്ട്, നിരവധി സംഘടനകൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്.

കെ.ആർ.എൽ.സി.സി.യുടെ സ്ഥാപക സെക്രട്ടറിയായി മൂന്നുവർഷം സേവനം ചെയ്തു. 9 വർഷം കെ.എൽ.സി.എ. യുടെ സംസ്ഥാന ജനറൽ സെക്രട്ടറിയാ യിരുന്നു. ഓൾ ഇന്ത്യ കാത്തലിക്ക് യൂണിയന്റെ വൈസ് പ്രസിഡണ്ടാ യി നാലുവർഷവും, AICU അല്മായ ഫോർമേഷൻ കൺവീ നറായി രണ്ടു വർഷവും പ്രവർത്തിച്ചു. കാത്തലിക് ബിഷപ്പ് ഓഫ് കോൺഫറൻസ്, ദേശീയ അഡ്വൈസറി കൗൺസിൽ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ എന്നിവയിലും അംഗമായി രുന്നു. കേരള സംസ്ഥാന പട്ടികജാതി - വർഗ്ഗ പിന്നോക്ക സമുദായ ഫെഡറേഷൻ സെക്രട്ടറിയായി പ്രവർത്തിച്ച അമ്പാട്ട്, സി.എസ്.എസ്. ജനറൽ സെക്രട്ടറിയായി 10 വർഷം സേവനം ചെയ്തു. അതിരൂപത അല്മായ കമ്മീഷൻ ചെയർമാൻ, ഫാദർ ഫിർമൂസ് ഫൗണ്ടേഷൻ, കാത്തലിക് ഫോറം എന്നീ സംഘടനകളുടെ സ്ഥാപക പ്രസിഡൻറ്, ജീവനാദം, ജീവദീപ്തി എന്നീ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപസമിതി അംഗവുമായിരുന്ന അമ്പാട്ട്, കേരളത്തിലെ പൊതുമേഖല ഓഫീസർമാരുടെ സംസ്ഥാനതല സംഘടനയുടെ മുഖപത്രം ‘കേരള ഫ്ളാഷ്’ ഇംഗ്ലീഷ് വാരികയുടെ സ്ഥാപക ചീഫ് എഡിറ്റർ ആയിരുന്നു. ഇന്ത്യൻ കാത്തലിക് പ്രസ് അസോസിയേഷന്റെ വൈസ് പ്രസിഡണ്ടായും നാലുവർഷം സേവനം ചെയ്തു. യൂണിയൻ ഓഫ് കാത്തലിക് നാഷണൽ പ്രസ്സ് 2004-ൽ സ്വിറ്റ്സർലന്റിലും, 2007- ൽ ബാങ്കോങ്ങിലും നടത്തിയ അന്തർദേശീയ സമ്മേളനങ്ങളിലും അമ്പാട്ട് പ്രതിനിധിയായിരുന്നു.

കഴിഞ്ഞ അഞ്ചര പതിറ്റാണ്ടായി ലത്തീൻ സമുദായവുമായി ചേർന്ന് നിൽക്കുന്ന, പ്രതിഷേധ ങ്ങൾ - പ്രതികരണങ്ങൾ - സമരങ്ങൾ - എന്നിവയിൽ അമ്പാട്ട് പങ്കാളിയാ കുമ്പോൾ കാലം അമ്പാട്ടിനെ അടയാളപ്പെടുത്തുന്നത്, ലത്തീൻ സമുദായത്തിന്റെ ചിന്തിക്കുന്ന പഠിപ്പിക്കുന്ന പരിവർത്തനപ്പെ ടുത്തുന്ന ഒരു ദാർശനിക തലത്തി ലാണ് ലത്തീൻ സമുദായത്തിൽ അമ്പാട്ടിന്റെ ഇടം.

നിരവധി പുസ്തകങ്ങൾ പ്രസിദ്ധീ കരിക്കാനുള്ള സാഹചര്യങ്ങളി ലൂടെ കടന്നുപോയ അമ്പാട്ട്, പക്ഷേ ‘ഓർമ്മയുടെ ഓളങ്ങളിൽ’ അഥവാ ക്രൈസ്തവ അൽമായ പ്രവർത്തനരംഗത്തെ അരനൂറ്റാണ്ട് കാലത്തെ സേവനങ്ങളിലേക്ക് തിരിഞ്ഞുനോട്ടം - എന്ന ഒറ്റ പുസ്തകത്തിലൊതുക്കിയെങ്കിലും അൽമായ ശാക്തികരണ-നേതൃത്വങ്ങളുടെ വിവിധ തലങ്ങളിൽ അമ്പാട്ടിന്റെ സാന്നിധ്യവും ചിന്തകളും പ്രവർത്തനങ്ങളും ലത്തീൻ സമുദായത്തിന് എന്നും മുതൽക്കൂട്ട് തന്നെ. കെ.സി.വൈ.എം., കെ.ആർ.എൽ.സി.സി. എന്നിവയുടെ നിയമാവലി രൂപീകരണത്തിൽ പങ്കാളിയായ അമ്പാട്ട്, തന്റെ പ്രഭാഷണങ്ങൾക്കിടയിൽ ആവർത്തിക്കുന്ന സന്ദേശങ്ങളിൽ ഒന്ന് ഇങ്ങനെയാണ്. ക്രൈസ്തവ ജീവിതം അത്യന്തികമായി ഒരു സാക്ഷ്യമാകണം. അത് അത്മായ ശാക്തീകരണത്തിന് സുപ്രധാന മാണ്. വിശ്വാസത്തിന്റെ ചിഹ്നമായ കുരിശ് അനുരഞ്ജനത്തിന്റെ അടയാളമാണ്. അയൽക്കാരനെ, സമൂഹത്തെ, കാലിക പ്രശ്നങ്ങളെ, മറന്നുകൊണ്ട് ദൈവവുമായി ഒരു ക്രൈസ്തവന് എങ്ങനെ അനുരഞ്ജന പ്പെടാനാകും?

അമ്പാട്ട് പറഞ്ഞവസാനിപ്പി ക്കുന്നതെങ്ങനെയാണ്. ഇന്ന് സഭയിൽ നിന്ന് വിശ്വാസികളും പ്രത്യേകിച്ച് യുവജനങ്ങളും അകലം പാലിക്കുന്നില്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അപ്പോൾ, ഒരു പുത്തൻ സംവാദം സമുദായത്തിലും സഭയിലും ഉരുത്തിരിയണം. പുത്തൻ ചോദ്യങ്ങളും ഉത്തരങ്ങളും ഉണ്ടാവണം. പുത്തൻ ചോദ്യങ്ങൾ ചോദിക്കാൻ അൽമായ - യുവജനം പഠിക്കണം. കിട്ടുന്ന പുത്തൻ ഉത്തരങ്ങൾ സമുദായത്തിന്റെ വിമോചന ഗാഥയാവണം.

സഭയെയും സമുദായത്തെയും ബാധിക്കുന്ന പ്രശ്നങ്ങളിൽ എന്നും ജാഗ്രത പുലർത്തുകയും ത്യാഗ മനോഭാവത്തോടെ മുൻപന്തിയിൽ നിൽക്കുകയും ചെയ്തിട്ടുള്ള അഡ്വക്കേറ്റ് ആൻറണി എം. അമ്പാട്ട് - ന്റെ സഭാ-സമുദായ സേവനങ്ങൾക്ക് അർഹമായ അംഗീകാരം ഈ 80-ാം വയസ്സിലും വന്നുചേർന്നിട്ടുണ്ടോ എന്നതും ഒരു ചോദ്യം തന്നെ.

അശീതിയുടെ നിറവിൽ ഇടപ്പള്ളി അമ്പാട്ട് വീട്ടിൽ ഭാര്യ മേരി ആന്റണിയുമൊത്ത് ജീവിത തോണിതുഴയുന്ന അമ്പാട്ടിന്, ആയിരം പൂർണ ചന്ദ്രൻമാരെ കണ്ടുകൊണ്ട് ജീവിതം തുടരാ നുള്ള, ആയുസ്സും ആരോഗ്യവും പരമകാരുണ്യവാനായ തമ്പുരാൻ പ്രദാനം ചെയ്യട്ടെ.

# പുനർജ്ജന്മം





ഷെറി ഡിക്കോത്ത്

ഒത്തിരി പേരെ സാക്ഷി നിർത്തി യാണ്.. അവളുടെയും അവന്റെ യും വിവാഹം... എല്ലാവരും വളരെ സന്തോഷത്തിൽ ആയി രുന്നു... അവളും അവനും... ദൂരെ നിന്ന് നോക്കി കാണാനേ അവളുടെ ആദ്യ ഭർത്താവിന് കഴിഞ്ഞുള്ളു...

നീയൊക്കെ അനുഭവിക്കുമെടി എന്ന് സ്ഥിരം പല്ലവി അപ്പോഴും അയാളുടെ മനസ്സിൽ ഉണ്ടായി രുന്നു... എന്ത് അനുഭവിക്കാൻ അയാൾ ഒരിക്കലെങ്കിലും അവളെ സ്നേഹിച്ചിരുന്നെങ്കിൽ... ചേർത്തു നിർത്തിയിരുന്നുവെങ്കിൽ... ഇതൊക്കെ ഉണ്ടാകുമായിരുന്നോ...

അയാളുടെ ചിന്തകളിൽ ആണത്തം പെണ്ണിനെ ഉപദ്രവിക്കുന്നതിൽ ആയിരുന്നു... വീണ്ടും ഒന്നുകൂടി അയാൾ അവളെയും അവനെയും നോക്കി. ഉം... നോക്കാം എത്ര നാൾ അവളിങ്ങനെ സന്തോഷിച്ചു ചിരിക്കുമെന്ന്.. വിട്ടു പോയിട്ടും അവളോടുള്ള ദേഷ്യം അയാൾക്കു കൂടി വന്നതേയുള്ളൂ..

ദേഷ്യം കൊണ്ടു അയാൾക്ക് എന്തൊക്കെയോ വലിച്ചെറിയണം എന്നു തോന്നി.. അന്നും അങ്ങനെ തന്നെ ആയിരുന്നു. ആരോടെങ്കി ലും ഉള്ള ദേഷ്യം അവളോട് തീർ ക്കാൻ അയാൾക്ക് അവളുണ്ടാ യിരുന്നു..

ആരെങ്കിലും അയാളെ ഒന്ന് നോക്കിയാൽ അവൻ എന്തിനെ ന്നെ നോക്കുന്നു.. പിന്നീട് അതിനും അവൾക്ക് ചീത്ത കേൾക്കും... ഇടിയും തൊഴിയും..

ഒരു കുഞ്ഞുണ്ടായാൽ എല്ലാം ശരിയാകും.. എന്നു കണ്ടു നിൽക്കുന്നവരും.. കേട്ടു നിന്നവരും പറഞ്ഞു..

ഭാര്യ ഗർഭിണി ആയത് അയാൾക്ക് സംശയം ഒന്നും ഇല്ലെങ്കിലും ഉപദ്രവം കൂടി....അവളുടെ വിവാഹം ആണെന്ന റിഞ്ഞ... അയാൾക്ക്.. ഭ്രാന്ത് ആയിരുന്നു.. തന്റെ പെണ്ണിനെ യാണ് അവൻ... ഇന്ന് കൂടെ കൊണ്ടു നടക്കുന്നത്..

അവളും അവനും ഒത്തിരി സന്തോഷിച്ചു... അവൻ അവളെ നന്നായി നോക്കുന്നുണ്ട്... അവർ പരസ്പരം സ്നേഹിക്കുന്നുണ്ട്. എല്ലായിടത്തും സന്തോഷ ത്തോടെ പോയി വരുന്നുണ്ട്.. വീട്ടു ജോലികൾ പോലും ഒന്നിച്ച്.. അവളുടെ സാലറി അവൻ വാങ്ങി യില്ലന്ന് മാത്രമല്ല.. അവൻ അവൾക്കു വേണ്ടി അവളുടെ ആവശ്യത്തിനായി കൊടുക്കു മായിരുന്നു...ഒന്നിനു വേണ്ടിയും... അവരുടെ ഇടയിൽ വഴക്കുണ്ടാ യില്ല.. ഒരു സൗന്ദര്യ പിണക്കം പോലും അവിടെ ഉണ്ടായില്ല..

അയാൾ അയാളുടെ ആദ്യകാലങ്ങ ളിലേക്ക്ഒന്ന് തിരിഞ്ഞു നോക്കി. അയാൾക്ക് ഇഷ്ടം ആയിരുന്നു.. പക്ഷേ ആണത്തം, അതായിരിന്നു മനസ്സിൽ..

പെണ്ണ് അടിമയാണ് അവളെ എന്ത് വേണമെങ്കിലും ചെയ്യാം.. അവൾ ജോലി ചെയ്തുണ്ടാക്കിയ സാലറി വാങ്ങിയെടുത്തു വണ്ടിക്കൂലി മാത്രം കൊടുത്തു. ഒരു ബസ് മാറി കേറണമെങ്കിൽ അവൾക്ക് പൈസ ഉണ്ടാകുമായിരുന്നില്ല.

തന്റെ ഭാര്യ അയാളിൽ നിന്നും ഗർഭിണി ആയിരിക്കുന്നു.. അവൻ അവളെ നിലത്തു വക്കാതെ.. കൊ ണ്ടു നടക്കുന്നു..ഇത്തവണ അ യാൾക്ക് അവനെ കൊന്നുകളയാ നുള്ള ദേഷ്യം ഉണ്ടായിരുന്നു..

താൻ ആ പെണ്ണിന് കൊടുത്തത് മാർക്കറ്റിൽ രാത്രി കടയടയ്ക്കാൻ നേരം കടക്കാരൻ വലിച്ചെറിയാൻ വച്ചിരുന്ന സാധനങ്ങൾ ആയിരു ന്നു. ഇപ്പോഴോ പുറത്ത് പോകുമ്പോഴും വരുമ്പോഴും അവൻ ഓരോ വ്യത്യസ്തമായ ഭക്ഷണസാധനങ്ങൾ വാങ്ങി കൊടുക്കുന്നു, അവളെ സ്നേഹത്തോടെ കെട്ടിപിടിച്ചു നടക്കുന്നു..

അയാളുടെ ചിന്തകൾ.. താൻ അവളെ ഒരിക്കലും ഗർഭിണിയുടെ പരിഗണന അവൾക്കു കൊടുത്തിട്ടില്ല.. മാസന്തോറും വരുന്ന മാസമുറ പോലെ തന്നെ ഗർഭം പെണ്ണ് പെറ്റിടാൻ ഉള്ളത്.

അവൾക്കും അവനും ഒരു കുഞ്ഞു മോളുണ്ടായി.. എത്ര സ്നേഹ ത്തിലാണ് അവൻ ആ കുഞ്ഞിനെ കളിപ്പിക്കുന്നത്..

കൊണ്ടു നടക്കുന്നത്...താനോ..
എടുക്കാൻ അറപ്പായിരുന്നു.
ആരെങ്കിലും കാൺകെ മാത്രം..
കുഞ്ഞിനെ കൈകൊണ്ട് ഒന്ന്
എടുക്കും അത് ഭാര്യക്കുള്ള
ഉത്തരവാദിത്തം.

വർഷങ്ങൾക്കു ശേഷവും അവളുടെയും അവന്റെയും സ്നേഹം കണ്ട്.. അയാൾക്ക് അസൂയയായിരുന്നു അവർക്ക് വീണ്ടും മക്കൾ ഉണ്ടായി.. മക്കൾക്ക് നല്ല വിദ്യാഭ്യാസം... എന്നും എന്നുമുള്ള കുടുബവുമായുള്ള യാത്രകൾ..

എല്ലാം അയാളിൽ വൈരാഗ്യം കൂട്ടി. കൈയെത്തും ദൂരെ അവളെ ഒറ്റയ്ക്ക് കിട്ടിയാൽ കൊല്ലാൻ തക്കം പാർത്തിരുന്നു.. ഒന്നിച്ചിരുന്നപ്പോഴും താൻ അവളെ പലവട്ടം കൊല്ലാൻ നോക്കിയിട്ടുണ്ട്.. ആയുസ്സിന്റെ ബലത്തിൽ അവൾ ജീവനോടെ..

ഇത്തവണ അവൾ ഒറ്റയ്ക്ക് ആയിരുന്നു പള്ളിയിൽ വന്നത്.. എന്തുകൊണ്ടാകും അവനും മക്കളും കൂടെ വരാതിരുന്നത്.. ഇന്ന് അവൾ ഒറ്റയ്ക്കാണ് അവൻ അല്ലെങ്കിൽ അവരുടെ മക്കൾ എന്നും കൂടെ ഉണ്ടാകുമായിരുന്നു.

ഇന്ന് എനിക്ക് അവളെ കൊല്ലാൻ ഒരു അവസരം.. ഇതുപോലെ അവളെ ഇനിയും ഒറ്റയ്ക്ക് കിട്ടില്ല.. ഇന്ന് തന്നെ ഇപ്പോൾ തന്നെ... അവളെ കൊല്ലണം. അവൾ പള്ളിയിൽ നിന്നും ഇറങ്ങി വരണം. അത്രയും സമയമേ ഉള്ളൂ...

എങ്ങനെ കൊല്ലും... അവൾ വീണ്ടും ഒറ്റയ്ക്കിറങ്ങി വന്നു.. മുന്നിൽ ചെന്ന് കഴുത്തു ഞെരിച്ചു കൊല്ലാൻ ശ്രമിച്ചെങ്കിലും. അയാളുടെ കൈകൾ ചലിച്ചില്ല.... ഒരിക്കലും ചലിക്കുമായിരുന്നില്ല അത്രയ്ക്ക് ദൂരെ... ആയിരുന്നു അയാൾ... ആ സമയം

മറ്റൊരാൾ കൂടെ ഉണ്ടായിരുന്നു... അദ്ദേഹം അയാളോട് ചോദിച്ചു... നിനക്കും ദൈവം തന്നിരുന്നു ഇതുപോലെ ഒരു അവസരം... സ്നേഹത്തോടെ അവളെ നീ നോക്കിയിട്ടുണ്ടോ... നിന്റെ കുഞ്ഞുങ്ങളെ സ്നേഹത്തോടെ തൊട്ടിട്ടുണ്ടോ... അവർക്കു വേണ്ടുന്ന എന്തെങ്കിലും നീ ചെയ്തിട്ടുണ്ടോ... നീ എന്നും ദേവാലയത്തിൽ പോകുമായിരുന്നു നീ പ്രാർത്ഥിച്ചതൊക്കെയും അവളെയും അവളുടെ വീട്ടുകാരെയും അപകടത്തിൽ കൊല്ലാൻ ആയിരുന്നു. പക്ഷേ അവളും കുടുംബവും പ്രാർത്ഥിച്ചത് നിന്റെ സ്വഭാവം നന്നായി അവരെ നോക്കാൻ ആയിരുന്നു.. നിന്റെ മക്കൾക്കു ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം കൊടുക്കാൻ നിനക്കായോ.. ഒരിക്കൽ പോലും സ്നേഹം ആ കുഞ്ഞുങ്ങൾ അറിഞ്ഞിട്ടു ണ്ടോ.. ആരെങ്കിലും നല്ലതെന്ന് നീ പറഞ്ഞിട്ടുണ്ടോ.. നീ നല്ലതെന്നു ആരെങ്കിലും പറഞ്ഞിട്ടുണ്ടോ.. ജീവിക്കാൻ നല്ലൊരു അവസരം നിനക്കു തന്നിട്ട്.. നീ എന്ത് ചെയ്തു.. അപ്പനെ.. അമ്മയെ.. സഹോദരങ്ങളെ... ഭാര്യയെ... മക്കളേ... അയൽക്കാരെ... ആരെയെങ്കിലും നീ ഒരിക്കൽ എങ്കിലും സ്നേഹിച്ചിട്ടുണ്ടോ..

ബൈബിളിൽ ഒരു പാടു തവണ വായിച്ചിട്ടുള്ള ഭാഗം അയാൾ ഓർത്തു..

ധനവാന്റെയും ലാസറിന്റെയും ഉപമ... തീ ജ്വാലകൾക്കിടയിൽ നിന്നും ഒരിറ്റു വെള്ളം തന്നു നാവു നനക്കാൻ... എന്നെ സ്നേഹിച്ചിരുന്ന ആരെയെങ്കിലും അനുവദിക്കണേ ദൈവമേ.... എന്ന് മനസ്സ് പറഞ്ഞു.

ഇത്രയും നേരം തന്നോട് സംസാരിച്ച... തന്റെ കൂടെയിരുന്ന് ഈ ചോദ്യങ്ങൾ ചോദിച്ചത് ഒരു മാലാഖ ആയിരുന്നു എന്ന് ഇപ്പോഴാണ് അയാൾ ശ്രദ്ധിച്ചത്.. പുനർജന്മത്തിൽ അവൾക്ക് കിട്ടിയ ഭർത്താവും മക്കളും ആയിരുന്നു അവരെന്നു അയാളോട് ആ മാലാഖ പറഞ്ഞു....

എനിക്കു ജീവിക്കണം എന്റെ ഭാര്യയോടും മക്കളോടുമൊത്ത് എന്ന് അയാൾ...

## CARTOON **DEEPTHI**

John Kakkanad



# മഹാത്മാഗാന്ധിയുടെ കേരളയാത്രകൾ





**ഡോമിനിക്ക് ഷൈജു**

**ഒക്ടോബർ 2: ഗാന്ധിജയന്തിദിനം. ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ നമ്മൾ അനുസ്മരിക്കുമ്പോൾ കേരളത്തിൽ അദ്ദേഹം നടത്തിയ യാത്രകളെക്കുറിച്ച് ഈ ലേഖനം പ്രതിപാദിക്കുന്നു.**

ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജീവിതം, രാഷ്ട്രീയ പ്രവർത്തനങ്ങൾക്കപ്പുറം ഒരു സാമൂഹിക പരിഷ്കർത്താവിന്റെയും ധാർമിക നേതാവിന്റെയും ജീവിതം കൂടിയായിരുന്നു. **അദ്ദേഹത്തിന്റെ കേരള സന്ദർശനങ്ങൾ, കേവലം രാഷ്ട്രീയ യാത്രകളായിരുന്നില്ല, മറിച്ച് അയിത്തത്തിന്റെയും ജാതി വിവേചനത്തിന്റെയും അന്ധവി ശ്വാസങ്ങളുടെയും ഇരുട്ടിൽ മുങ്ങിക്കിടന്ന ഒരു സമൂഹത്തിലേക്ക് വെളിച്ചം വീശിയ ധാർമിക ഇടപെടലുകളായിരുന്നു. 1920-നും 1937-നും ഇടയിൽ അദ്ദേഹം നടത്തിയ അഞ്ച് യാത്രകളും കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ ചരിത്രത്തിൽ മായാത്ത മുദ്രകൾ പതിപ്പിച്ചു. ഈ യാത്രകൾ, കേരളത്തിന്റെ തനതായ നവോത്ഥാന പ്രസ്ഥാനങ്ങളെ ദേശീയ സ്വാതന്ത്ര്യസമര ത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ചതിൽ നിർണ്ണായക പങ്കുവഹിച്ചു.**

**ആദ്യ കാൽവെപ്പ്: ഖിലാഫത്ത് പ്രസ്ഥാനവും ദേശീയ ഐക്യവും (1920)**


ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനം 1920 ഓഗസ്റ്റ് 18-ന് കോഴിക്കോട് വെച്ചായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ഓട്ടോമൻ തുർക്കിയിലെ ഖിലാഫത്ത് തകർന്നപ്പോൾ ലോകമെമ്പാടുമുള്ള മുസ്ലീങ്ങൾ ബ്രിട്ടീഷ് ഭരണത്തിനെതിരെ പ്രതിഷേധിച്ചു. ഈ വികാരങ്ങളെ ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാക്കാൻ ഗാന്ധിജി ശ്രമിച്ചു. ഇതിന്റെ ഭാഗമായി അദ്ദേഹം ഷൗക്കത്തലി ഉൾപ്പെടെയുള്ള ഖിലാഫത്ത് നേതാക്കളോടൊപ്പം കേരളത്തിലെത്തി. കോഴിക്കോട് കടപ്പുറത്ത് നടന്ന മഹാസമ്മേളനത്തിൽ അദ്ദേഹം നടത്തിയ പ്രസംഗം ഹിന്ദു-മുസ്ലീം ഐക്യത്തിന് ഊന്നൽ നൽകി. മലബാർ മേഖലയിൽ കടുത്ത ബ്രിട്ടീഷ് വിരുദ്ധ വികാരം നിലനിന്നിരുന്ന ആ കാലഘട്ടത്തിൽ, ഈ പ്രസംഗം മതസൗഹാർദ്ദത്തിന്റെ ഒരു പുതിയ ചിന്തയ്ക്ക് വഴി തുറന്നു. ഇത് മലബാർ കലാപത്തിന് ഒരു വർഷം മുൻപായിരുന്നെങ്കിലും, പ്രാദേശിക നേതാക്കൾക്ക് വലിയ പ്രചോദനമായി.

**വൈക്കം സത്യാഗ്രഹം: സാമൂഹിക സമത്വത്തിലേക്കുള്ള വഴി (1925)**

ഗാന്ധിജിയുടെ രണ്ടാം സന്ദർശനം, കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിലെ നാഴികക്കല്ലായ വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ടതായിരുന്നു. ക്ഷേത്രത്തിന് സമീപമുള്ള പൊതുവഴികളിൽ താഴ്ന്ന ജാതിക്കാർക്ക് സഞ്ചരിക്കാനുള്ള അവകാശത്തിനുവേണ്ടി നടന്ന ഈ സമരം ഗാന്ധിജിയുടെ വരവോടെ പുതിയ ദിശാബോധം നേടി.

**ശ്രീനാരായണ ഗുരുവും ഗാന്ധിജിയും:**

1925 മാർച്ച് 12-ന് ഗാന്ധിജി ശിവഗിരി ആശ്രമത്തി ലെത്തി ശ്രീനാരായണ ഗുരുവിനെ സന്ദർശിച്ചു. അയിത്തത്തെക്കുറിച്ച് ഗുരുവിനോട് അദ്ദേഹം ആരാഞ്ഞപ്പോൾ, 'അയിത്തം ഒരു ശാസ്ത്രത്തിലുമില്ല' എന്ന ഗുരുവിന്റെ ഉറച്ച മറുപടി ചരിത്രത്തിന്റെ



ഭാഗമായി. ഇത് രണ്ട് മഹത്തായ ദാർശനികർക്കിടയിലുള്ള സംവാദത്തിന്റെ ഉദാഹരണമാണ്.

**മതസൗഹാർദ്ദം:**
കോട്ടയത്ത് ക്രൈസ്തവ ബിഷപ്പുമാരുമായി നടത്തിയ കൂടിക്കാഴ്ച മതപരമായ വിഷയങ്ങളിൽ ഗാന്ധിജിക്ക് എത്രമാത്രം താൽപ്പര്യമുണ്ടായിരുന്നു എന്നതിനും എല്ലാ വിഭാഗങ്ങളെയും ഒരുമിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾക്കും ഉദാഹരണമാണ്.

**സ്ത്രീശാക്തീകരണം:**
ഫോർട്ട് കൊച്ചിയിൽ, മദ്യഷാപ്പുകൾക്കെതിരെ സ്ത്രീകൾ നടത്തിയ പ്രതിഷേധത്തെ അദ്ദേഹം പ്രകീർത്തിക്കുകയും അവരുടെ ധീരതയെ 'സാഹസികതയുടെ മകുടോദാഹരണം' എന്ന് വിശേഷിപ്പിക്കുകയും ചെയ്തു.

ഈ സന്ദർശനം ഒരു രാഷ്ട്രീയ നേതാവ് എന്നതിലുപരി ഒരു സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിലുള്ള ഗാന്ധിജിയുടെ പ്രതിച്ഛായ ഉറപ്പിച്ചു. വൈക്കം സത്യാഗ്രഹം ഇന്ത്യയിലെ ജാതിവിവേചനത്തിനെതിരായ ഒരു പ്രമുഖ സമരമായി മാറുന്നതിനും ഇത് വഴിയൊരുക്കി.

**ഖാദി പ്രസ്ഥാനവും സ്വാശ്രയത്വവും (1927)**
1927 ഒക്ടോബർ 9 മുതൽ 15 വരെ നടന്ന മൂന്നാം സന്ദർശനത്തിൽ ഗാന്ധിജി പ്രധാനമായും ഖാദി പ്രചാരണത്തിനും അയിത്തനിർമ്മാർജ്ജനത്തിനും പ്രാധാന്യം നൽകി. ബ്രിട്ടീഷ് തുണിത്ത രങ്ങൾ ബഹിഷ്കരിച്ച് ഖാദി ഉപയോഗിക്കുന്നതിലൂടെ സാമ്പത്തിക സ്വയംപര്യാപ്തത നേടാമെന്ന സന്ദേശം അദ്ദേഹം നൽകി.

**ത്യാഗത്തിന്റെ ഉദാഹരണം: കൗമുദിയുടെ സംഭാവന (1934)**
1934 ജനുവരിയിൽ ഹരിജൻ വിഭാഗത്തിന്റെ ഉന്നമനത്തിനായി ധനസമാഹരണം നടത്തുക എന്ന ലക്ഷ്യത്തോടെ ഗാന്ധിജി കേരളത്തിൽ വ്യാപകമായി സഞ്ചരിച്ചു. ഈ യാത്രയിൽ കോഴിക്കോട് ടൗൺ ഹാളിൽ നടന്ന പൊതുയോഗത്തിൽ വെച്ച് കൗമുദി എന്ന 17 വയസ്സുകാരി തന്റെ മുഴുവൻ സ്വർണാഭരണങ്ങളും ഹരിജൻ ഫണ്ടിലേക്ക് സംഭാവന ചെയ്തു. ഈ സംഭവം ഗാന്ധിജിയെ അഗാധമായി സ്പർശിച്ചു. അദ്ദേഹം പിന്നീട് തന്റെ പത്രമായ ഹരിജനിൽ "കൗമുദി കാ ത്യാഗ്" എന്ന തലക്കെട്ടിൽ ഈ വിഷയത്തെക്കുറിച്ച് എഴുതി. വ്യക്തിപരമായ ത്യാഗത്തെ സാമൂഹിക നന്മയ്ക്കായി ഉപയോഗിക്കുന്നതിനുള്ള പ്രചോദനമായി ഗാന്ധിജി ഈ സംഭവത്തെ ഉയർത്തിക്കാട്ടി.

**ക്ഷേത്രപ്രവേശന വിളംബരം: സാമൂഹിക നീതിയുടെ വിജയം (1937)**
ദലിതർക്ക് ക്ഷേത്രങ്ങളിൽ പ്രവേശനം അനുവദിച്ചുകൊണ്ടുള്ള തിരുവിതാംകൂർ ക്ഷേത്ര പ്രവേശന വിളംബരം പുറത്തുവന്നതിനു ശേഷം, 1937 ജനുവരിയിലാണ് ഗാന്ധിജി അവസാനമായി കേരളം സന്ദർശിച്ചത്. ഈ വിളംബരത്തെ അദ്ദേഹം വിശ്വാസത്തിന്റെയും നീതിയുടെയും വിജയം എന്ന് വിശേഷിപ്പിച്ചു.

**അയ്യൻകാളിയും ഗാന്ധിജിയും:**

വെങ്ങാനൂരിൽ വെച്ച് ദലിത് വിമോചന നായകനായ അയ്യൻ കാളിയെ അദ്ദേഹം സന്ദർശിച്ചു. ഈ കൂടിക്കാഴ്ച കേരളത്തിലെ സാമൂഹിക നവോത്ഥാന നേതാക്കളുമായി ഗാന്ധിജിക്ക് എത്രമാത്രം അടുത്ത ബന്ധമുണ്ടായിരുന്നു എന്നതിന് തെളിവാണ്.

ഗാന്ധിജിയുടെ നിരന്തരമായ പോരാട്ടങ്ങൾ കേരളത്തിൽ ഫലപ്രാപ്തിയിലെത്തി എന്നതിന്റെ പ്രതീകമായിരുന്നു ഈ സന്ദർശനം. ഇത് ഒരു സാമൂഹിക വിപ്ലവത്തിന്റെ വിജയമായി അദ്ദേഹം കണ്ടു, കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയായി മാറി.

**ഗാന്ധിജിയുടെ പൈതൃകം**
ഗാന്ധിജിയുടെ കേരള സന്ദർശനങ്ങൾ കേവലം രാഷ്ട്രീയ യാത്രകളായിരുന്നില്ല, മറിച്ച് പരിവർത്തനത്തിന്റെ നിർണായക നിമിഷങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ ശ്രീനാരായണ ഗുരു, അയ്യൻകാളി തുടങ്ങിയ കേരളത്തിലെ നവോത്ഥാന നായകരുടെ ദർശനങ്ങളുമായി സമന്വയിച്ച്, തദ്ദേശീയമായ സമത്വബോധത്തിന് പുതിയ ഊർജ്ജം നൽകി.

ഗാന്ധിജി നട്ട വൃക്ഷങ്ങളിലും, അദ്ദേഹം സന്ദർശിച്ച ആശ്രമങ്ങളിലും, സ്മാരകങ്ങളിലും മാത്രമല്ല, അദ്ദേഹത്തിൽ സ്വന്തം അഭിലാഷങ്ങളുടെ പ്രതിബിംബം ദർശിച്ച ഒരു ജനതയുടെ കൂട്ടായ ഓർമ്മകളിലും അദ്ദേഹത്തിന്റെ പൈതൃകം ഇന്നും നിലനിൽക്കുന്നു. കേരളം ഗാന്ധിജിയെ ഓർമ്മിക്കുമ്പോൾ, അത് രാഷ്ട്രപിതാവ് എന്ന നിലയിൽ മാത്രമല്ല, അതിന്റെ പാതകളിലൂടെ സഞ്ചരിക്കുകയും നവോത്ഥാന നായകരുമായി സംവദിക്കുകയും ചെയ്ത ഒരു മനസ്സാക്ഷി തീർത്ഥാടകൻ എന്ന നിലയിലാണ്. അദ്ദേഹത്തിന്റെ കാൽപ്പാടുകൾ നമ്മെ ഓർമ്മിപ്പിക്കുന്നത്, സാമൂഹിക സൗഹാർദ്ദമില്ലാതെ ഒരു രാഷ്ട്രത്തിനും പൂർണ്ണമായ സ്വാതന്ത്ര്യം നേടാനാവില്ല എന്നാണ്.




## വല്ലാർപാടത്തേക്ക് തീർത്ഥാടക പ്രവാഹം

***പരിശുദ്ധ കന്യാമറിയത്തോടുള്ള ഭക്തി, സകലത്തിന്റെയും സമർപ്പണം:***
**ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**

വല്ലാർപാടത്ത് അഭയം തേടിയെത്തുന്ന അനേകായിരങ്ങൾക്ക് ആശ്വാസമേകുവാൻ മരിയൻ തീർത്ഥാടനം സഹായകമാകുമെന്ന് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പറഞ്ഞു. പരിശുദ്ധ കന്യാമറിയത്തോടുള്ള വിശ്വാസം സഭയുടെയും സമൂഹത്തിന്റെയും കുടുംബങ്ങളുടെയും സമർപ്പണമാണെന്ന് ആർച്ച് ബിഷപ്പ് കൂട്ടിച്ചേർത്തു. 21–മത് വല്ലാർപാടം മരിയൻ തീർത്ഥാടനത്തോടനുബന്ധിച്ചുള്ള സമൂഹദിവ്യബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രത്യാശയുടെ സന്ദേശമായി നമുക്കു മുന്നേ നടന്നു നീങ്ങിയ പരിശുദ്ധ അമ്മയുടെ യാത്രയായിരുന്നു ഈ ലോകത്തിലെ പ്രഥമ തീർത്ഥാടനമെന്ന് വചനസന്ദേശം നൽകിയ കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പറഞ്ഞു.

ദേശീയ മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിലേക്കുള്ള 21–ാമത് മരിയൻ തീർത്ഥാടനത്തിലും പൊന്തിഫിക്കൽ ദിവ്യബലിയിലും ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു. ഉച്ചക്ക് 3 മണിക്ക് എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ അങ്കണത്തിൽ നിന്നും ആരംഭിച്ച തീർത്ഥാടനം ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. മഹാജൂബിലിയുടെ സ്മരണക്കായി ജൂബിലികുരിശും വല്ലാർപാടം തിരുനാളിന് ഉയർത്താനുള്ള പതാകയും അതിരൂപതയിലെ അല്മായ സംഘടന ഭാരവാഹികൾ ആർച്ച് ബിഷപ്പിൽ നിന്നും ഏറ്റുവാങ്ങിയതോടുകൂടി ഈ വർഷത്തെ തീർത്ഥാടനത്തിന് തുടക്കമായി. പടിഞ്ഞാറൻ മേഖലയിൽ നിന്നുമുള്ള തീർത്ഥാടനം ഝാൻസി രൂപത മുൻ മെത്രാൻ ബിഷപ്പ് ഡോ. പീറ്റർ പറപ്പുള്ളിൽ ഉദ്ഘാടനം ചെയ്തു. ജൂബിലി ലോഗോയും ദീപശിഖയും യുവജന സംഘടന നേതാക്കൾക്ക് ബിഷപ് കൈമാറി. ഗോശ്രീ പാലങ്ങളിലൂടെ വല്ലാർപാടത്തിന്റെ ഇരുവശങ്ങളിൽ നിന്നും എത്തിയ നാനാജാതി മതസ്ഥരായ തീർത്ഥാടകരെ ബസിലിക്ക പ്രവേശന കവാടത്തിൽ റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്തും ഇടവക ജനങ്ങളും ചേർന്ന് സ്വീകരിച്ചു. തുടർന്ന് നടന്ന പൊന്തിഫിക്കൽ ദിവ്യബലിയിൽ ബിഷപ്പുമാരായ ഡോ. അംബ്രോസ് പുത്തൻവീട്ടിൽ, ഡോ. പീറ്റർ പറപ്പുള്ളി, വത്തിക്കാന്റെ സ്ഥിരം നിരീക്ഷകൻ മോൺ. ജെയിൻ മെന്റസ്, അതിരൂപതാ വികാരി ജനറൽമാരായ മോൺ. മാത്യു കല്ലിങ്കൽ, മോൺ. മാത്യു ഇലഞ്ഞിമിറ്റം, ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത് എന്നിവരും അതിരൂപതയിലെ എല്ലാ വൈദികരും സന്യസ്തരും പങ്കാളികളായി.

തീർത്ഥാടനത്തിന് എത്തിയ വിശ്വാസികളെ ആർച്ച് ബിഷപ്പ് വല്ലാർപാടത്തമ്മയ്ക്ക് അടിമ സമർപ്പിച്ചു. അല്മായ നേതാക്കളും ജനപ്രതിനിധികളും ഉൾപ്പെടെ ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു.



**മഹാ ജൂബിലി നിറവിൽ  വരാപ്പുഴ അതിരൂപത ലീജിയൻ കോൺഗ്രസ്സ്**

കത്തോലിക്ക തിരുസഭ ജൂബിലി വർഷമായി ആചരിക്കുന്ന 2025 വർഷത്തിൽ സെപ്റ്റംബർ 4-ാം തീയതി എറണാകുളം സെന്റ്. ആൽബർട്ട്സ് ഹൈ സ്കൂൾ ഗ്രൗണ്ടിൽ വരാപ്പുഴ അതിരൂപത എറണാകുളം കമ്മീസിയം ലീജിയൻ പതാകയുടെ കീഴിൽ രണ്ടായിരത്തിലധികം മരിയ സൈനീകർ ലീജിയൻ കോൺഗ്രസിൽ പങ്കുചേർന്നു. വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇലഞ്ഞിമിറ്റത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ പരിശുദ്ധ ദിവ്യബലിയോടെ ആരംഭിച്ച ലീജിയൻ കോൺഗ്രസിൽ മോൺ ക്ലീറ്റസ് പറമ്പിലോത്ത്, ഫാ. മാർട്ടിൻ തൈപറമ്പിൽ, ഫാ. യേശുദാസ് പഴമ്പിള്ളി, ഫാ. ഡെസ്ലിൻ എസ്.ജെ. എന്നിവർ സഹകാർമ്മികരായിരുന്നു. എറണാകുളം കമ്മീസിയം ആധ്യാത്മിക നിയന്താവ് മോൺ. ക്ലീറ്റസ് പറമ്പിലോത്ത് തിരിതെളിച്ച്  ലീജിയൻ കോൺഗ്രസ് ഉദ്ഘാടനം ചെയ്തു. 'ലീജിയൻ  ലക്ഷ്യവും മാർഗ്ഗങ്ങളും' , 'എല്ലാ മനുഷ്യരോടും സമ്പർക്കം പാലിക്കുവാൻ പുതിയ പ്രവർത്തനങ്ങളും  മാർഗ്ഗങ്ങളും' എന്നിങ്ങനെ രണ്ട് വിഷയത്ത ആസ്പദമാക്കി കേരള സെനാത്തൂസ് പ്രസിഡന്റ് ബ്രദർ തോമസ് മേനച്ചേരിൽ, വിജയപുരം കമ്മീസിയം സെക്രട്ടറി സിസ്റ്റർ എലിസബത്ത്, കൊച്ചി കമ്മീസിയം സെക്രട്ടറി സിസ്റ്റർ ഫിൽമ ജോയി എന്നിവർ ക്ലാസുകൾ നയിച്ചു. തുടർന്ന് സെന്റ് ഫ്രാൻസീസ് അസീസി കത്തീഡ്രൽ ദൈവാലയത്തിലേക്ക് ജപമാല പ്രദിക്ഷണം നടത്തി. ഫാ. സ്റ്റാൻലി മാതിരപ്പിള്ളി അനുഗ്രഹ പ്രഭാഷണം നൽകി ആരാധന നയിച്ചു. വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപറമ്പിൽ  സമാപന സന്ദേശവും ആശീർവാദവും നൽകി. വരാപ്പുഴ അതിരൂപത എറണാകുളം കമ്മീസിയം പ്രസിഡന്റ് വി ഗാസ്പർ ലീജിയൻ കോൺഗ്രസിന്റെ നടത്തിപ്പിന് നേതൃത്വം നൽകി.

## *വിശ്വാസ പരിശീലന പരീക്ഷകൾ*

ഈ വർഷത്തെ വിശ്വാസ പരിശീലന അർദ്ധവാർഷിക പരീക്ഷകൾ ഒക്ടോബർ 5, 12 തീയതികളിൽ നടക്കും. 9 മുതൽ 12വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒക്ടോബർ 5 നും - ഒന്ന് മുതൽ 8 വരെയുള്ള കുട്ടികൾക്ക് ഒക്ടോബർ 12നും ആയിരിക്കും പരീക്ഷ.

**ബൈബിൾ ക്വിസ് മത്സരം**

ദൈവദാസൻ മോൺസിഞ്ഞോർ ഇമ്മാനുവൽ ലോപ്പസ് മെമ്മോറിയൽ ബൈബിൾ ക്വിസ് മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ ഒക്ടോബർ 19ന് അവസാനിക്കും.ബൈബിളിൽ നിന്നും ഏറ്റവും കൂടുതൽ വചനം കാണാപ്പാഠം പഠിച്ച് 2 മണിക്കൂറിൽ എഴുതുന്ന 10 വിദ്യാർത്ഥികൾക്കും 10 അല്മായർക്കും 10,000 രൂപ വീതം സമ്മാനം ലഭിക്കും.

**കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത മുഖപത്രം 'പൊരുൾ'  വല്ലാർപാടം മരിയൻ തീർത്ഥാടനം സ്പെഷ്യൽ എഡിഷൻ പ്രകാശനം ചെയ്തു**

വല്ലാർപാടം മരിയൻ തീർത്ഥാടനത്തോട് അനുബന്ധിച്ച് പുറത്തിറക്കിയ 'പൊരുൾ' സ്പെഷ്യൽ എഡിഷൻ



വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ കെ.ആർ.എൽ.സി.സി. മുൻ ഉപാധ്യക്ഷൻ ഷാജി ജോർജിനു കൈമാറി പ്രകാശനം ചെയ്തു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ., പ്രൊമോട്ടർ ഫാ. എബിൻ ജോസ് വാര്യത്ത്, പൊരുൾ ചീഫ് എഡിറ്റർ വിനോജ് വർഗീസ് എന്നിവർ സന്നിഹിതരായിരുന്നു.

**.ദുരന്ത നിവാരണ, പ്രതിരോധ ക്ലാസ്സ് നടത്തി**

വരാപ്പുഴ അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി

# വാർത്തകൾ


NEWS

സഹകരിച്ച് ദുരന്ത നിവാരണ, പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ച് ക്ലാസ്സ് നടത്തി. വൈപ്പിൻ തീരദേശ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളായ *G.U.P.S* പുതുവൈപ്പ്, സെന്റ് പീറ്റേഴ്സ് മാലിപ്പുറം, *P.C.L.P.S* ഞാറക്കൽ, *S.B.L.P.S* നായരമ്പലം എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കാണ് ക്ലാസ്സ് നൽകിയത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി മുരിക്കുംപാടം, പുതുവൈപ്പ്, വളപ്പ്, ഞാറക്കൽ, നായരമ്പലം പുത്തൻകടപ്പുറം എന്നീ പ്രദേശങ്ങളിലെ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്കുവേണ്ടിയും ക്ലാസ്സ് നടത്തി. അതോടൊപ്പം അതാതു പ്രദേശത്തെ സാമൂഹിക പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അത് പഞ്ചായത്ത് അധികാരികളെ അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇ.എസ്.എസ്.എസ്. കോർഡിനേറ്റർ വിപിൻ ജോ, ആനിമേറ്റേഴ്സ്, ഫീൽഡ് വർക്ക് സ്റ്റുഡന്റ്സ് എന്നിവർ സംസാരിക്കുകയും പരിപാടിക്ക് നേതൃത്വം നൽകുകയും ചെയ്തു.

## വല്ലാർപാടം സെന്റ് മേരീസ് സ്കൂളിന് ആധുനിക സാനിറ്റേഷൻ സൗകര്യം

വല്ലാർപാടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ആധുനിക സാനിറ്റേഷൻ സൗകര്യം നടപ്പിലാക്കുന്നതിന്റെ ഉദ്ഘാടനം വൈപ്പിൻ എംഎൽഎ കെ.എൻ. ഉണ്ണികൃഷ്ണൻ നിർവഹിച്ചു. ഡിപി വേൾഡ് കൊച്ചിയുടെ സഹകരണത്തോടെ വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി (ഇ.എസ്.എസ്.എസ്.) ആണ് ആധുനിക സാനിറ്റേഷൻ സൗകര്യം വല്ലാർപാടം സ്കൂളിൽ ഏർപ്പെടുത്തിയത്.

ഡിപി വേൾഡ് കൊച്ചിൻ പീപ്പിൾ ഹെഡ് എ. പൂർണ്ണചന്ദർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ഡോ. ആന്റണി സിജൻ മണുവേലിപ്പറമ്പിൽ, മുളവുകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എസ്. അക്ബർ, ഡിപി വേൾഡ് കൊച്ചിൻ പീപ്പിൾ മാനേജർ മഹേഷ് കുമാർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ജനറൽ മാനേജർ ഫാ. ജയൻ പയ്യപ്പിള്ളി, ഫാ. മിക്സൺ റാഫേൽ പുത്തൻപറമ്പിൽ, പിടിഎ പ്രസിഡന്റ് സാബി ജോസഫ്, ഡിപി വേൾഡ് കൊച്ചിൻ ഫിനാൻസ് ഡയറക്ടർ അൽപേഷ് അഡോഡ്റ, മുളവുകാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റോസ് മാർട്ടിൻ, വാർഡ് മെമ്പർമാരായ പി ആർ ജോൺ, ആക്ലിൻ ലോപ്പസ്, പ്രിൻസിപ്പൽ മേരി ജീന, ഹെഡ്മിസ്ട്രസ് ഇൻ ചാർജ് കെ.എം. ഷെർലി എന്നിവർ പ്രസംഗിച്ചു.





## വിശുദ്ധ കാർലോ അക്വിറ്റസിന്റെ നാമധേയത്തിലുള്ള ഏറ്റവും പുതിയ ദൈവാലയം കാക്കനാട് പള്ളിക്കരയിൽ ആശിർവദിച്ചു


സൈബർ ലോകത്തെ വിശുദ്ധൻ എന്നറിയപ്പെടുന്ന ഇറ്റലിക്കാരനായ വാഴ്ത്തപ്പെട്ട കാർലോ അക്വിറ്റസിനെ ഈ സഹസ്രാബ്ദത്തിന്റെ വിശുദ്ധനായി 2025 സെപ്റ്റംബർ 7 ന് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ വിശുദ്ധനായി പ്രഖ്യാപിച്ച പുണ്യദിനത്തിൽ തന്നെ വരാപ്പുഴ അതിരൂപതയിലെ കാക്കനാട് പള്ളിക്കരയിൽ കാർലോ അക്വിറ്റസിന്റെ നാമധേയത്തിൽ നിർമ്മിച്ച ലോകത്തിലെ തന്നെ ഏറ്റവും പ്രഥമ ദൈവാലയം വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപറമ്പിൽ പിതാവ് ആശിർവദിച്ചു. യുവാക്കൾക്ക് പുണ്യ മാതൃകയും ദിവ്യകാരുണ്യ ഭക്തിയുടെ പ്രചാരകനുമായ വി. കാർലോ അക്വിറ്റസിന്റെ നാമധേയത്തിലുള്ള ലോകത്തിലെ ഏറ്റവും പുതിയ ദൈവാലയമാണ് കാക്കനാട് പള്ളിക്കരയിൽ ആശിർവദിക്കപ്പെട്ടത്.



## കേരളത്തിന്റെ ആദ്യ സന്യാസിനി യും ഭാരതത്തിലെ റ്റി.ഒ.സി.ഡി. സന്യാസിനി സഭാ സ്ഥാപികയുമായ ധന്യ മദർ ഏലീശ്വ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തപ്പെടുന്നു

കേരള സഭയിലെ ആദ്യ സന്യാസിനിയും ഭാരതത്തിൽ ആദ്യമായി സ്ത്രീകൾക്കായുള്ള കർമലീത്ത നിഷ്പാദുക മൂന്നാം സഭയുടെ (T.O.C.D.) സ്ഥാപികയുമായ മദർ ഏലിശ്വായുടെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനത്തിന് ലെയോ പാപ്പ അനുമതി നൽകിയിരിക്കുന്നു. കേരള സഭയുടെ ചരിത്രത്തിൽ സുവർണ്ണ ശോഭ പരത്തിയ മദർ ഏലിശ്വ 1866 ഫെബ്രുവരി പതിമൂന്നാം തീയതി കൂനമ്മാവിൽ സ്ത്രീകൾക്കായുള്ള കർമലീത്ത നിഷ്പാദുക മൂന്നാം സഭ (TOCD) സ്ഥാപിക്കുകയും കേരളത്തിൽ ആദ്യമായി പെൺകുട്ടികൾക്ക് സ്കൂളും ബോർഡിങ് ഭവനവും അനാഥമന്ദിരവും ആരംഭിക്കുക വഴി സ്ത്രീശാക്തീകരണത്തിന് തുടക്കം കുറിക്കുകയും ചെയ്തു. 24 വർഷങ്ങൾക്ക് ശേഷം 1890 സെപ്റ്റംബർ 17 ന് റ്റി.ഒ.സി.ഡി. സന്യാസിനി സഭ റീത്ത് അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട് കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റ്സ് (സിറ്റിസി) കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമൽ (സിഎംസി) എന്നീ രണ്ട് സന്യാസിനി സഭകൾ രൂപം കൊള്ളുകയും ചെയ്തു.

മദർ എലീശ്വ അനന്തതയിലേക്ക് പ്രവേശിച്ചിട്ട് 112 വർഷങ്ങൾ കഴിയുമ്പോൾ ജൂബിലി വർഷം 2025 നവംബർ എട്ടാം തീയതി വൈകിട്ട് 4:30ന് പരിശുദ്ധ അമ്മയുടെ ദേശീയ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ വച്ച് മലേഷ്യയിലെ പെനാങ് രൂപതയുടെ മെത്രാനായ കർദിനാൾ ഡോ. സെബാസ്റ്റ്യൻ ഫ്രാൻസിസിന്റെ മുഖ്യ കാർമികത്വത്തിൽ നടക്കുന്ന ആഘോഷമായ സമൂഹ ദിവ്യബലി മധ്യേ മദർ ഏലിശ്വായെ വാഴ്ത്തപ്പെട്ടവൾ എന്ന് പ്രഖ്യാപനം ചെയ്യും. ഇന്ത്യയുടെ അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ച് ബിഷപ്പ് ഡോ. ലയോപ്പോൾഡ് ജിറേല്ലി, വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ, ആഗോള കർമ്മലീത്ത സഭയുടെ ജനറൽ ഫാ. മിഗ്വൽ മാർക്ക്സ് കാലേ ഒ.സി.ഡി, പോസ്റ്റുലേറ്റർ ജനറൽ ഫാ. മാർക്കോ ചിയേസ ഒ.സി.ഡി തുടങ്ങി ഇന്ത്യയ്ക്കകത്തു നിന്നും വിദേശത്തുനിന്നുമുള്ള നിരവധി കർദിനാൾമാരും മെത്രാപ്പോലീത്ത മാരും മെത്രാന്മാരും വൈദികരും ഈ പുണ്യകർമ്മങ്ങൾക്ക് സഹകാർമ്മികത്വം വഹിക്കും. പുണ്യപൂർണ്ണമായ ജീവിതത്തിലൂടെ ഭാരത സമർപ്പിതർക്ക് മാത്രമല്ല ആഗോള ക്രൈസ്തവസഭയ്ക്ക് മുഴുവൻ വിശുദ്ധ ജീവിത മാതൃകയായ ടി.ഒ.സി.ഡി- സി.ടി.സി. സന്യാസിനി സഭ സ്ഥാപിക മദർ എലീശ്വ വാഴ്ത്തപ്പെട്ട പദവിക്ക് അർഹയാകുന്നതിന്റെ എല്ലാ മുന്നൊരുക്കങ്ങളും മദർ ജനറൽ സി. ഷാഹില സി.റ്റി.സി. യുടെ മുഖ്യ നേതൃത്വത്തിൽ നടന്നുവരുന്നു.

കെ.സി.വൈ.എം.
വരാപ്പുഴ അതിരൂപതാ പ്രൊമോട്ടർ
ഫാ. എബിൻ ജോസ് വാരിയത്തിനു
*അഭിനന്ദനങ്ങൾ*

# ഞായറാഴ്ച ആചരണം

ബൈബിൾ
വിചിന്തനം

1 കൊറി 11 : 23-28



ഡോ. വിൻസെന്റ്
വാര്യത്ത്

ഇന്നത്തെ വിചിന്തന വിഷയം ഞായറാഴ്ച ആചരണം ആണ്. എന്തുകൊണ്ട് ഞായറാഴ്ചയിലെ ബലിയർപ്പണം കടപ്പെട്ടതാണ്? യഹൂദർ എല്ലാ ശനിയാഴ്ചകളിലും സാബത്ത് ആചരണം നടത്തിയിരുന്നു. ആ ദിനം പരിശുദ്ധ ദിനമായും (പുറ: 20:8) നന്ദിയുടേയും, ബലിയർപ്പണത്തിന്റേയും ഓർമ്മയാചരണത്തിന്റേയും ദിനമായും ആചരിച്ചുപോന്നിരുന്നു. ഈ ദിനത്തെ അവർ സാബത്തു ദിനം എന്ന് വിളിച്ചു. ശനിയാഴ്ച ആയിരുന്നു സാബത്തു ദിനം. ഞായറാഴ്ചയെ ആഴ്ചയിലെ ആദ്യദിവസമായി ക്രിസ്ത്യാനികൾ കരുതിയിരുന്നു. ഞായറാഴ്ച ഒരുമിച്ച് ചേർന്ന് അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുക്കുന്ന രീതി അപ്പോസ്തലന്മാരുടെ കാലം മുതലേ ഉണ്ടായിരുന്നു. നടപടി: 20:7 ഇതിനെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്.

**എന്തുകൊണ്ട് ഞായറാഴ്ച?**
അപ്പംമുറിക്കൽ ശുശ്രൂഷയ്ക്കു വേണ്ടി ക്രിസ്ത്യാനികൾ ഒരുമിച്ചു കൂടിയിരുന്നത് സാബത്തു ദിനമല്ല, ഞായറാഴ്ച ആയിരുന്നു. എന്തുകൊണ്ട്?

1. ക്രിസ്തു ഉയിർത്തെഴുന്നേറ്റത് ഞായറാഴ്ചയായിരുന്നു. കർത്താവിന്റെ ദിവസം എന്നാണ് ആ ദിനം വിളിക്കപ്പെട്ടിരുന്നത്. '*Domingo*' എന്നാണ് ഈ ദിവസത്തെ അക്കാലത്ത് വിളിച്ചിരുന്നത്. വെളിപാട് പുസ്തകത്തിൽ 1:10-ൽ ഈ പദപ്രയോഗം ഉണ്ട്.
2.സാബത്തിനു ശേഷം വരുന്ന ആദ്യ ദിനം, അതായത് ഞായറാഴ്ച പുതുസൃഷ്ടിയുടെ ദിനമായിട്ടാണ് കരുതപ്പെട്ടിരുന്നത്. ക്രിസ്തുവിൽ പുതുസൃഷ്ടിയാകുവാൻ വേണ്ടിയാണ് ഒരാൾ തന്റെ ക്രിസ്തീയ കൂട്ടായ്മയിൽ പങ്കുചേരുന്നത്. ക്രിസ്തുവിൽ നവസൃഷ്ടിയായി മാറാനുള്ള ആഗ്രഹത്തോടെയാണ് കുർബാനയിൽ ഒരാൾ പങ്കുചേരേണ്ടത്.

3.എല്ലാവരും ഒരുമിച്ച് ചേർന്ന് ദൈവത്തിന് നന്ദിപറയുകയും ക്രിസ്തുവിൽ ആനന്ദം പങ്കിടുകയും ചെയ്യുന്ന ദിനമായിരുന്നു ഞായറാഴ്ച. ഈ ഒന്നുചേരൽ അപ്പോസ്തലിക കാലം മുതൽ കടമുള്ള കാര്യമായിട്ട് കരുതപ്പെട്ടിരുന്നു. കോൺസ്റ്റന്റൈൻ ചക്രവർത്തി ഈ ദിനത്തെ ദേശീയ അവധി ദിനമാക്കി പ്രഖ്യാപിച്ചു. ക്രിസ്തുമതം ഔദ്യോഗിക മതമായി തീർന്നതോടുകൂടി ഞായറാഴ്ച എല്ലാ തൊഴിൽ ശാലകളും പൂട്ടിയിട്ട് നിർബന്ധപൂർവ്വം അവധി എടുത്തു, എല്ലാവരും ക്രിസ്തുവിലൂടെ ദൈവത്തിന് നന്ദി പറയാൻ എല്ലാ ജോലികളും മാറ്റിവെച്ച് പ്രാർത്ഥനയിലും മറ്റും മുഴുകുവാനും ആ ദിവസം ചെലവഴിച്ചു. നമ്മളെ സംബന്ധിച്ചിടത്തോളം ഞായറാഴ്ച പൂർണ്ണ ബലിയിൽ പങ്കുചേരുക എന്നുള്ളത് കാനോനിക നിയമമനുസരിച്ചു കടമുള്ള കാര്യമാണ്. കാനോൻ നിയമത്തിൽ 1247-ാം നിയമമനുസരിച്ച് പൂർണ്ണബലിയിൽ പങ്കെടുക്കാൻ എല്ലാ കത്തോലിക്കരും കടപ്പെട്ടവരാണ്. ഒഴിച്ചുകൂടാനാവാത്ത ഒഴിവുകഴിവുകൾ വന്നാൽ മാത്രമാണ് അതിൽനിന്നും മാറി നിൽക്കുവാൻ ഒരാൾക്ക് അവകാശമുള്ളൂ. ഈ ഞായറാഴ്ച ബലിയർപ്പണം, നമ്മൾ വായിച്ചുകേട്ട വചനഭാഗം അനുസരിച്ച്, മൂന്ന് കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്:
*1. കർത്താവിന്റെ ബലിയുടെ ഓർമ്മയാചരണം*
*2.ദൈവത്തിന് നന്ദി അർപ്പിക്കൽ*
*3.വിശ്വാസ പ്രഖ്യാപനം ഏറ്റു ചൊല്ലൽ*
കർത്താവിൽ നിന്നു ലഭിച്ചതും അപ്പോസ്തലന്മാർ കൈമാറിയതുമായ ദിവ്യബലിയാചരണം നമ്മൾ നിഷേധിക്കാൻ പാടില്ല. 1 കോറി 11:23. മാത്രമല്ല നാം ഇതിൽ യോഗ്യതയോടെ പങ്കുചേരണം. കാരണം ബലി ഇല്ലാതെ കൂട്ടായ്മയും ജീവിതവും ഇല്ല (യോഹ 6:53) അതുകൊണ്ട് ഓരോ ദിവ്യബലിയിലും സന്തോഷത്തോടെ, യോഗ്യതയോടെ, നമുക്ക് പങ്കുചേരാം. ബലിയിൽ ശുദ്ധിയോടെയും ശ്രദ്ധയോടെയും ഭക്തിയോടെയും ആണോ പങ്കുചേരുന്നതെന്നു സ്വയം വിലയിരുത്താം.

*ചോദ്യങ്ങൾ:*

**1.നമ്മുടെ ഞായറാഴ്ച ആചരണത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായങ്ങൾ പറയുക.**

**2.എന്തുകൊണ്ടാണ് ഞായറാഴ്ച കടമുള്ള ദിനമായി കണക്കാക്കുന്നത്?**

പിൻമൊഴി

# അരുത്; കൊല്ലരുത്



ഷാജിജോർജ്



'അരുത്; കൊല്ലരുത്' എന്നു പറയാൻ പേടിയുണ്ടോ?എങ്കിൽ നിങ്ങൾ ക്രിസ്തുവിന്റെ അനുയായിയാണോ?

'അരുത്; കൊല്ലരുത്' എന്ന് ശക്തമായി പറയുന്ന പ്രവാചക ശബ്ദം കഴിഞ്ഞ ആഗസ്റ്റ് 14ന് ഇറ്റലിയിലെ ബൊളോണയ്ക്കടുത്തുള്ള മോണ്ടെ സോൾ ഡി മർസബോട്ടോ പാർക്കിൽ മുഴങ്ങി. ഇറ്റാലിയൻ ബിഷപ് കോൺഫ്രൻസിന്റെ തലവൻ കർദ്ദിനാൾ മാറ്റിയോ സുപ്പിയാണ് ആ പ്രവാചക ശബ്ദം മുഴക്കിയത്. ഇസ്രായേൽ- ഹമാസ് യുദ്ധത്തിൽ കൊല്ലപ്പെട്ട കുട്ടികൾക്കുവേണ്ടിയായിരുന്നു അതിശക്തമായ അദ്ദേഹത്തിന്റെ പ്രതികരണം. യുദ്ധം അവസാനിപ്പിക്കാനും ആയുധങ്ങൾ നിശബ്ദമാക്കാനും മനുഷ്യത്വം ജയിക്കാനും വേണ്ടിയുള്ള പ്രാർത്ഥന. ഏഴുമണിക്കൂർ നീണ്ട ആ പ്രാർത്ഥനയിൽ ഗാസയിൽ കൊല്ലപ്പെട്ട കുട്ടികളുടെ പേരുകൾ കർദ്ദിനാൾ സുപ്പി വായിച്ചു. 2023 ഒക്ടോബർ 7 മുതൽ 2025 ജൂലൈ വരെ കൊല്ലപ്പെട്ട 12,211 പലസ്തീൻ കുട്ടികളുടെ പേരുകളും ഹമാസ് നടത്തിയ ആക്രമണത്തിൽ കൊല്ലപ്പെട്ട 16 ഇസ്രായേലി കുട്ടികളുടെ പേരുകളുമാണ് അദ്ദേഹം വായിച്ചത്. ആഗസ്റ്റ് 14ന് ഉച്ചയ്ക്ക് ആരംഭിച്ച പ്രാർത്ഥനായോഗത്തിൽ 469 പേജുകളിൽ സമാഹരിച്ച ഈ രേഖ വായിച്ചു തീർക്കാൻ ഏഴുമണിക്കൂറാണ് എടുത്തത്. സന്ധ്യവരെ നീണ്ട ആ പ്രാർത്ഥനായോഗം ആഴത്തിലുള്ള പ്രതികരണങ്ങൾ ലോകത്ത് സൃഷ്ടിച്ചു.1944ൽ നാസി സൈന്യം കുട്ടികൾ ഉൾപ്പെടെ ഏകദേശം 800 സാധാരണക്കാരെ കൊലപ്പെടുത്തിയ മോണ്ടെ സോളിലാണ് പ്രാർത്ഥനാസമ്മേളനം നടന്നത്.

96-ാം ജന്മദിനത്തിൽ പിറന്നാളാഘോഷത്തെ കുറിച്ച് ചോദിച്ചപ്പോൾ മലയാളത്തിന്റെ പ്രിയ എഴുത്തുകാരി ലീലാവതി ടീച്ചർ ഉയർത്തിയ ഒരു ചോദ്യമുണ്ട്. 'ഭക്ഷണത്തിനായി പാത്രവും നീട്ടി നിൽക്കുന്ന ഗാസയിലെ കുഞ്ഞുങ്ങളെ കാണുമ്പോൾ എനിക്ക് എങ്ങനെയാണ് ചോറ് തൊണ്ടയിൽ നിന്നിറങ്ങുക?" മാനവികതയുടെ ആ ശബ്ദത്തിന് നേരെ ഉയർന്ന സൈബർ ആക്രമണം നാം കണ്ടതാണ്. നമ്മൾ കണ്ണടച്ചു;കാതുകൾ പൂട്ടി.

നോവലിസ്റ്റ് എൻ. എസ്. മാധവന്റെ നേതൃത്വത്തിൽ ഒക്ടോബർ 2 മുതൽ കേരളത്തിലെ പല സ്ഥലങ്ങളിലും ഗാസയിൽ കൊല്ലപ്പെട്ട കുട്ടികളുടെ പേരുകൾ വായിക്കുകയാണ്.എറണാകുളം ഹൈക്കോർട്ട് ജംഗ്ഷനിൽ നിന്നാണ് തുടക്കം.

ഞാനും ഈ കുറിപ്പ് വായിക്കുന്ന നിങ്ങളും ലോകത്ത് നടക്കുന്ന യുദ്ധങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവരെ കുറിച്ച് ചിന്തിക്കുന്നുണ്ടോ?യുദ്ധത്തിന്റെ എല്ലാ മര്യാദകളും ലംഘിച്ച് ഗാസയിലും മറ്റു പല സ്ഥലങ്ങളിലും യുദ്ധകൊതിയന്മാർ, കൊലയാളികൾ തിമിർത്താടുകയാണ്.അരുതെന്ന് പറയാനും അത് പറയുന്നവരോടൊപ്പം ചേർന്നുനിൽക്കാനും നമുക്കാവണം.

**അതു കഴിയുന്നില്ലെങ്കിൽ**
**എന്തു ക്രിസ്ത്യാനി?**

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004

*A Better Solution for your All Aircondition Problems*

# PERFECT AIRSOLUTIONS



SERVICES OFFERED:

- All AC Installation and Servicing
- High Wall Split AC • Ductable Split AC
- Package AC • VRF and VRV Units
- Air Handling Units (DX System)
- Undertaking All Annual Maintenance Contracts (including Comprehensive & Labour Only options)
- Undertaking All AC Servicing and Maintenance Works

Call Now

+91 73068 77784

perfectairsolutionsmaradu@gmail.com

Ernakulam, Chambakkara, Maradu - 682 304

# HOMECARE *SERVICE*

HEALING Touch





Our Services

- Home Nursing
- House Maid
- Maternity Assistant

CALL US NOW

+91 7034040707
+91 8891794707

Office Address

KALISSERY TOWER, KONGORPILLY.
VARAPUZHA, ERNAKULAM.



HEALING TOUCH
[A GROUP OF FSD]
@HEALINGTOUCH

A helping hand can be a ray of light in a cloudy world



വിശുദ്ധ കൊച്ചുത്രേസ്യയുടെ
ഏഷ്യയിലെ ആദ്യത്തെ ദൈവാലയമായ
കലൂർ പൊറ്റക്കുഴി
ചെറുപുഷ്പ
ദൈവാലയത്തിൽ
99-ാം
ദർശന
തിരുനാൾ
2025 സെപ്തംബർ
22 മുതൽ
ഒക്ടോബർ 12 വരെ
നവനാൾ ദിനങ്ങൾ
സെപ്റ്റംബർ 22 മുതൽ 30 വരെ
എട്ടാം തിരുനാൾ
12 ഞായർ ഒക്ടോബർ 2025
തിരുനാൾ ആശംസകളോടെ,
റവ. ഫാ. പാട്രിക് ഇലവുങ്കൽ (വികാരി)
റവ. ഫാ. റെനിൽ തോമസ് ഇട്ടിക്കുന്നത്ത് (സഹവികാരി)
റവ. ഫാ. ജോസഫ് അനു SCJ
പ്രസുദേന്തിമാർ